ശ്രീ. കെ. കെ. ജയചന്ദ്രൻ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ബിൽ സോഷ്യൽ സർവ്വീസസ് സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയ്ക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജറ്റ് കമ്മിറ്റിക്കയയ്ക്കുന്നു.

(2) 2005 ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): 2005 ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് ഒരു സത്വരനിയമനിർമ്മാണം നടത്തുവാൻ ഉണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): 2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ബിൽ സാമൂഹ്യസേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (*ശ്രീ. ബാബു ദിവാകരൻ*): പ്രമേയത്തെ പിൻതാങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): ഇക്കാര്യത്തിൽ കൂടുതൽ വിശദമായിട്ട് കാര്യങ്ങൾ പറയേണ്ട കാര്യമില്ല. ഇക്കാര്യത്തെ സംബന്ധിച്ച് നേരത്തെ ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. ആ ഓർഡിനൻസ് ഇറക്കിയതിനുശേഷം അന്ന് നിലവിലുണ്ടായിരുന്ന തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ബോഡി 6 മാസത്തിനുള്ളിൽ അല്ലെങ്കിൽ പുതിയ ബോഡി വരുന്നതുവരെ എന്നായിരുന്നു പറഞ്ഞിരുന്നത്. പക്ഷെ ആറുമാസം കഴിഞ്ഞപ്പോഴും ചില സ്ഥലങ്ങളിൽ തെരഞ്ഞെടുപ്പ് നടത്താൻ കഴിയാതെ പോയി. കാലിക്കട്ട് യൂണിവേഴ്സിറ്റിയെ സംബന്ധിച്ചാണെങ്കിൽ ഏറെക്കുറെയുള്ള എല്ലാ തെരഞ്ഞെടുപ്പുകളും കഴിഞ്ഞിട്ടുണ്ട്. ഒറ്റ കോൺസ്റ്റിറ്റ്വൻസി മാത്രമേ ബാക്കിയുള്ളൂ. ആ കോൺസ്റ്റിറ്റുവൻസിയെന്നു പറയുന്നത് സ്വകാര്യ കോളേജ് അധ്യാപകൻമാരുടെ കോൺസ്റ്റിറ്റുവൻസിയാണ്. കോളേജ് പ്രിൻസിപ്പൽമാരുടെ ഏഴ് പ്രതിനിധികളെ സെലക്ട് ചെയ്തു കഴിഞ്ഞു. യൂണിവേഴ്സിറ്റി അധ്യാപക പ്രതിനിധികൾ മൂന്നു പേരുടേയും സെലക്ഷൻ കഴിഞ്ഞു. ഗവൺമെന്റ് കോളേജ് പ്രതിനിധികളുടേതും കഴിഞ്ഞു. ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ പ്രതിനിധികൾ അഞ്ചുപേർ, എം.എൽ.എ. മാരുടെ പ്രതിനിധികൾ ആറുപേർ, ട്രേഡ് യൂണിയൻ പ്രതിനിധികൾ രണ്ട് പേർ, യൂണിവേഴ്സിറ്റി അധ്യാപക പ്രതിനിധി ഒന്ന്, അഫിലിയേറ്റഡ് കോളേജ് അധ്യാപകരുടെ പ്രതിനിധികൾ മൂന്നു പേർ, കോളേജ് മാനേജ്മെന്റുമാരുടെ പ്രതിനിധികൾ, വിദ്യാർത്ഥി പ്രതിനിധികൾ തുടങ്ങിയവരെയെല്ലാം സെലക്ട് ചെയ്തു കഴിഞ്ഞു. ഒട്ടുമിക്ക മണ്ഡലങ്ങളിലും തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടുണ്ട്. ഒറ്റ പ്രശ്നമെന്നു പറയുന്നത് അൺ എയിഡഡ് കോളേജിൽ ആളുകൾക്ക് വോട്ടിംഗ് വേണമെന്നുള്ള നിലയിൽ ഒരു ജഡ്ജ്മെന്റ് വന്നു. ആ കോൺസ്റ്റിറ്റ്യൂൻസി ഫിൽഅപ്പ് ചെയ്യാൻ കഴിയാത്തതുകൊണ്ടാണ് നടത്താതിരിക്കുന്നത്. ഞാൻ തന്നെ സ്റ്റാന്റിംഗ് കൗൺസിലറെ വിളിച്ചു. ഒന്നുകിൽ അത് തള്ളുക അല്ലെങ്കിൽ എന്തെങ്കിലും ചെയ്യുക. അങ്ങനെയാണെങ്കിൽ മാത്രമേ മറ്റ് ഇലക്ഷൻ നടത്താൻ കഴിയൂ. 99% കഴിഞ്ഞു. ഈ ഒരു സാങ്കേതിക തടസ്സം കൊണ്ട് നിൽക്കുകയാണ്. അതുംകൂടി കഴിഞ്ഞാൽ നമുക്ക് ഇലക്ഷനിലേക്ക് പോകാം. ഞാൻ അന്ന് സഭയിൽ ഉറപ്പ് നൽകിയിരുന്നു. മറ്റ് ഘടനയിലൊന്നും മാറ്റം വരുത്താൻ പോകുന്നില്ല. കഴിയുന്നതും വേഗം ഇലക്ഷനിലേക്ക് പോകുമെന്ന് പറഞ്ഞു. ബാക്കി എല്ലാ കാര്യങ്ങളും കഴിഞ്ഞു. ഈ ഒരു സാങ്കേതിക പ്രശ്നം കൊണ്ട് മാത്രമാണ് നിൽക്കുന്നത്. അതുപോലെ തന്നെയാണ് കേരള യൂണിവേഴ്സിറ്റിയുടേയും കാര്യം. കേരള യൂണിവേഴ്സിറ്റി സാങ്കേതികമായ തടസ്സം കൊണ്ട് മാത്രം നിൽക്കുകയാണ്. ബാക്കിയെല്ലാ കംമ്പോണന്റിലേക്കുമുള്ള ഇലക്ഷൻ ഏറെക്കുറേ കഴിഞ്ഞു. ഒരു

LIBRARY ARCHIVES Kerala Legislative Assembly

കേസിന് കൂടി തീരുമാനം വന്നുകഴിഞ്ഞാൽ കേരള യൂണിവേഴ്സിറ്റി റെഡിയാണ്. ഈ രണ്ട് യൂണിവേഴ്സിറ്റിയിലും ഇലക്ടഡ് ബോഡി വരാൻ പോകുകയാണ്. ചെറിയ സാങ്കേതിക തടസ്സം കൊണ്ടു നിൽക്കുകയാണ്. പക്ഷേ അത്രയും നീണ്ടു പോയാൽ യൂണിവേഴ്സിറ്റിയിൽ ഭരണഘടനാ പ്രതിസന്ധി വന്നുകളയുമെന്നുള്ളതുകൊണ്ട് മാത്രമാണ് ഇങ്ങനെ ഒരു നിയമവുമായിട്ട് വരേണ്ടിവന്നത്. വളരെ പെട്ടെന്നുതന്നെ ഇലക്ഷനിലേക്ക് പോകുകയാണ്. അതുകൊണ്ട് ഈ സാങ്കേതികമായ തടസ്സം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് ഇങ്ങനെ ഒരു നിയമം കൊണ്ടുവരേണ്ടി വന്നത്. എല്ലാവരും സഹകരിച്ച് വേഗത്തിൽ ഇത് പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷത വേദിയിൽ മി. ചെയർമാൻ—ശ്രീ. തോമസ് ചാഴികാടൻ]

ശ്രീ. ബിനോയ് വിശ്വം: Sir, I move that "This House resolves to disapprove the University Laws (Amendment) Amending Ordinance, 2005 (ordincance No. 11 of 2005 ഞാൻ എന്റെ നിരാകരണ പ്രമേയം മൂവ് ചെയ്യുന്നു. ഞാൻ അങ്ങേയറ്റം ബഹുമാനിക്കുന്ന മന്ത്രിയാണ് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ. അദ്ദേഹത്തോട് വ്യക്തിപരമായിട്ടുള്ള എന്റെ ആദരവ് ഞാൻ മറച്ചു വയ്ക്കുന്നില്ല. തൊഴിലാളി പ്രവർത്തകൻ സ്ഥിര ഉൽസാഹംകൊണ്ട് ആധികാരികമായി പഠിച്ച് വിഷയങ്ങൾ നന്നായി കൈകാര്യം ചെയ്യാനുള്ള അദ്ദേഹത്തിന്റെ സാമർത്ഥ്യം എപ്പോഴും എന്നെ ആകർഷിച്ചിട്ടുണ്ട്. അദ്ദേഹം നിഷ്കളങ്കമായ മട്ടിൽ ഇവിടെ അവതരിപ്പിച്ച ചില കാര്യങ്ങളോട് എനിക്ക് വിയോജിപ്പുണ്ട്. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനോടുള്ള വിയോജിപ്പല്ല. അദ്ദേഹം പ്രതിനിധീകരിക്കുന്ന ഗവൺമെന്റിന്റെ സമീപനങ്ങളോടുള്ള വിയോജിപ്പാണ്, മുന്നണിയുടെ രാഷ്ട്രീയ നയങ്ങളോടുള്ള വിയോജിപ്പാണ്. ആ വിയോജിപ്പുകളുടെ ഭാഗമായിട്ട് എനിക്ക് പറയാനുള്ളത് യൂണിവേഴ്സിറ്റികളെ മൊത്തം മറ്റെന്തോ ആക്കി മാറ്റാൻ ഗവൺമെന്റിന് താൽപര്യമുണ്ടെന്നുള്ള സംശയം എനിക്കു മാത്രമല്ല സമൂഹത്തിലെ മഹാഭൂരിപക്ഷം പേർക്കും ഉണ്ട്. ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തട്ടെ. നിയമസഭാ ചട്ടങ്ങളുടെ 75 (1) വകുപ്പ് പ്രകാരം ഒരു സ്റ്റേറ്റ്മെന്റ് ഇവിടെ അവതരിപ്പിക്കണം. Statement under Rule 75(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly explaining the circumstances which had necessitated immediate legislation by ordinance. The University Laws Amending Ordinance, 2005 എന്ന ഈ രേഖ ഇപ്പോൾ കിട്ടി. അതൊക്കെ ശ്രദ്ധിക്കേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചുകൊണ്ടിരിക്കെയാണ് മെമ്പർമാർക്ക് ഈ പേപ്പർ തരുന്നത് എന്തിന് വേണ്ടിയാണെന്നുള്ളതിൽ ഒരു റൂളിംഗ് ആവശ്യമുണ്ട്. ഇത് യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശത്തിനും വേണ്ടിയല്ലാതെ നിയമപ്രകാരം ചെയ്യേണ്ട കാര്യം ചെയ്യാതെ ചെയ്തു എന്ന് വരുത്തിത്തീർക്കാൻ വേണ്ടിമാത്രം നിഷ്ഫല വ്യായാമമാണെങ്കിൽ ആയിക്കൊള്ളുക. അംഗങ്ങൾക്ക് അത് വായിക്കാനുള്ള സമയം വേണം. എനിക്ക് ഇത് കയ്യിൽ കിട്ടിയാൽ ഇങ്ങനെ വായിക്കാൻ കെൽപ്പുള്ളവനല്ല. എനിക്ക് ഇത് വായിക്കണമെന്നുണ്ടെങ്കിൽ ഏറ്റവും ചുരുങ്ങിയത് രണ്ട് പേജ് വായിക്കണമെങ്കിൽ ഒരു മിനിട്ടെങ്കിലും വേണം. രണ്ട് പേജ് വായിക്കണമെങ്കിൽ ഒരു മിനിട്ടെങ്കിലും ആവശ്യമുള്ള സാമാന്യ ബുദ്ധിയിൽ താഴെ ബുദ്ധിയുള്ള ആള് ആയതുകൊണ്ട് പറയുകയാണ്. കുറഞ്ഞപക്ഷം ആ രേഖ സാമാന്യം ഒരാൾക്ക് വായിക്കത്തക്കവിധം വേണം. ആ നേരത്തിന് മുൻപെങ്കിലും കിട്ടുമെന്ന് ഉറപ്പ് ആക്കാനുള്ള അപേക്ഷ ഞാൻ ആദരവോടുകൂടി സമർപ്പിക്കുകയാണ്. ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ തൊട്ടു മുമ്പുള്ള ചർച്ചാ വേളയിൽ സെൽഫ് ഫിനാൻസിംഗ് കോളേജുകളാണെന്ന് പറയുന്ന ഗവൺമെന്റിന്റേയും യു.ഡി.എഫ്. ന്റേയും വിദ്യാഭ്യാസരംഗത്തെ ഏറ്റവും പ്രധാനപ്പെട്ട മഹാൽഭുതത്തിനുവേണ്ടി വാദിക്കവെ ഒരു രേഖ ഉദ്ധരിക്കുകയുണ്ടായി. Central Advisory Board for Education (CABE) എന്നുപറയുന്ന മന്ത്രിമാർമാത്രമുള്ള ഒരു ഉപദേശക സമിതി, അദ്ദേഹം ഏറ്റവും അധികം ബഹുമാനിക്കുന്നു എന്നു പറയുന്ന ബംഗാളിലെ വിദ്യാഭ്യാസമന്ത്രി ശ്രീ. കാന്തി ബിശ്വാസാണ് ചെയർമാൻ എന്ന് പറയുകയുണ്ടായി. അദ്ദേഹം ഉദ്ധരിച്ച ആ രേഖയിൽ സെൽഫ് ഫിനാൻസിംഗിന്റെ ഭാഗത്തിനാണ് ഊന്നൽ കൊടുത്തത്. എന്നാലും ആ വായിച്ച ഭാഗങ്ങളിൽനിന്നും ശ്രദ്ധേയമായി എനിക്ക് തോന്നിയത് ഓട്ടോണമിയെന്ന ഭാഗമാണ്. ബോധപൂർവ്വമോ അല്ലാതെയോ അതിവിടെ പറഞ്ഞു. യൂണിവേഴ്സിറ്റികളുടേയും കോളേജുകളുടേയും ഓട്ടോണമി. പലവട്ടം പരാമർശിക്കപ്പെടുകയുണ്ടായി. പ്രശ്നം എന്താണ്. ഓട്ടോണമിയെന്നു പറയുന്ന കൺസെപ്റ്റ് ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്രയോ കാലങ്ങളായി നിലനിന്ന് പോരുന്ന ഏറ്റവും ദീപ്തമായ ആശയമാണ്. ആ ആശയത്തിനെ തോന്നുംപടി വെട്ടിവീഴ്ത്താൻ ഒരു ഗവൺമെന്റിനും ഒരു മുന്നണിക്കും അധികാരമില്ലെന്നാണ് എന്റെ വിനീതമായ പക്ഷം. ഇവിടെ പ്രശ്നം ഓർഡിനൻസുകൾക്ക് പിറകെ ഓർഡിനൻസുകൾ കൊണ്ടുവന്ന് യൂണിവേഴ്സിറ്റി ഓട്ടോണമിയെന്നു പറയുന്ന, സർവ്വരാലും അംഗീകരിക്കപ്പെട്ട മഹത് പ്രമാണത്തെ നിരാകരിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അങ്ങ് ശ്രദ്ധിച്ചുകാണും. ഈ ബില്ലിന്റെ പേരുതന്നെ യൂണിവേഴ്സിറ്റി ലാസ് (അമെന്റ്മെന്റ്) അമെന്റിംഗ് ബിൽ 2005 എന്നാണ്. ഞാൻ ഭയപ്പെടുന്നു, ഗവൺമെന്റ് ഇങ്ങനെ ചിന്തിക്കാൻ പോയാൽ ഭരണഘടനാപരമായിട്ടുള്ള ഒരു പരിസ്ഥിതി ഇല്ലെങ്കിൽ വേണമെങ്കിൽ ഇനിയും കാലാവധി നീട്ടാനുള്ള മനോഭാവത്തിലാണ് ഗവൺമെന്റ് നിൽക്കുന്നത്. ഒരു വരയുള്ളതുകൊണ്ട് ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

നിവൃത്തിയില്ല. കുസുമേകുസുമോൽപത്തിയെന്നു പറയുംപോലെയാണ്. പൂവിനുള്ളിൽ പൂവ്. അമെന്റ്മെന്റിൽ വീണ്ടും അമെന്റ്മെന്റ്.

മി. ചെയർമാൻ: നമ്മുടെ നാട്ടിൽ മറ്റ് നിയമങ്ങൾക്കും അങ്ങനെ അമെന്റ്മെന്റ് ഉണ്ടാകാറില്ലേ?

ശ്രീ. ബിനോയി വിശ്വം: അതുകൊണ്ട് ഇന്നലെ ചെയ്തോരബദ്ധം ഇന്നത്തെ ആചാരമാക്കേണ്ട. നമുക്ക് ലഭ്യമായ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തിക്കൊണ്ട് അബദ്ധങ്ങൾ ഒഴിവാക്കാൻ ശ്രമിക്കാം. ആ തെറ്റുകളോട് നമുക്ക് അകന്ന് നിൽക്കാൻ ശ്രമിക്കാം. ആ ശ്രമങ്ങൾക്കു വേണ്ടിയുള്ള ഒരു ചെറിയ ഇടപെടലായിട്ട് കണ്ടാൽ മതി ഇതിനെ. തീർച്ചയായിട്ടും ഞാൻ പറയട്ടെ, അദ്ദേഹം പറയുകയുണ്ടായി കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ ഇലക്ഷൻ പ്രക്രിയയുടെ എല്ലാ ഭാഗങ്ങളും പൂർത്തിയായിരിക്കുകയാണ്. കേരള യൂണിവേഴ്സിറ്റിയിൽ പൂർത്തിയാക്കാൻ ബാക്കി നിൽക്കുകയാണ്. ഇതെല്ലാം പറഞ്ഞാലും അടിസ്ഥാനപരമായിട്ട് ഗവൺമെന്റിന് യൂണിവേഴ്സിറ്റി ഓട്ടോണമിയെ ഭയമാണ്. സ്വയംഭരണാധികാരമുള്ള സർവ്വകലാശാലകളോട് ഗവൺമെന്റിന് ഇഷ്ടപ്പെടാൻ കഴിയുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് ആഗ്രഹിക്കുന്നത് സ്വന്തം കൈപ്പിടിയിൽ ആകണം യൂണിവേഴ്സിറ്റികൾ. പ്രൊ-വൈസ്ചാൻസലർ അടക്കമുള്ള ആരാണോ ഭരണാധികാരി, ഈ ഭരണാധികാരിയുടെ പിന്നിൽ ഏറാൻ വിളിച്ചു പോകുന്ന സേവകനായി പോകണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നു. പ്രോ ചാൻസലർ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറാണെങ്കിൽ വ്യക്തിപരമായി എനിക്ക് ഭയപ്പാടില്ല. നയപരമായി ഭയപ്പാടാണ്. അദ്ദേഹം മുസ്ലീം ലീഗിന്റെ പ്രധാന നേതാവായിരിക്കേ തന്നെ നരേന്ദ്രൻ കമ്മീഷനുവേണ്ടി ശക്തമായി വാദിക്കുന്ന ആളായിരിക്കെ തന്നെ അദ്ദേഹം സെൽഫ് ഫിനാൻസിന്റെ ഭൂതബാധ ഏൽക്കുമ്പോൾ സംവരണത്തിനുവേണ്ടി വാദിക്കാൻ മറന്നു പോകുന്ന അവസ്ഥയിലാണ്. അദ്ദേഹം സെൽഫ് ഫിനാൻസിങ്ങ് സ്ഥാപനങ്ങളിൽ സാമൂഹികമായി, വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവർക്ക് അവകാശപ്പെട്ട സംവരണത്തിനുവേണ്ടിയുള്ള നിലപാടിനെ ഭയപ്പെടുന്നത് രാഷ്ട്രീയ കാരണത്താലാണ്. അദ്ദേഹം തന്നെ ബോർഡിന്റെ ഗവേണിംഗ് ബോഡിയുടെ ചെയർമാനായിട്ടുള്ള ഐ.എച്ച്.ആർ.ഡി. തീർച്ചയായിട്ടും നല്ല സ്ഥാപനമാണ്. അവരുടെ പെർഫോർമൻസിനെപ്പറ്റി സമൂഹത്തിൽ നല്ല മതിപ്പുണ്ട്. എന്റെ മണ്ഡലത്തിലും ഐ.എച്ച്.ആർ.ഡി. യുടെ പുതിയ കോളേജ് ആരംഭിച്ചിട്ടുണ്ട്. പക്ഷെ ഐ.എച്ച്.ആർ.ഡി. യിൽപോലും ശ്രീ. ഇ. ടി. ചെയർമാനായുള്ള ഗവേണിംഗ് ബോഡി പ്രവർത്തിക്കുമ്പോൾ വിദ്യാർത്ഥി

LIBRARY ARCHIVES Kerala Legislative Assembly

പ്രവേശനത്തിൽ സംവരണമില്ല. അദ്ദേഹം എസ്.സി./എസ്.ടി. വിഭാഗത്തിന്റെ കണക്കെല്ലാം വായിച്ചല്ലോ; ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിൽ Socially and Educationally Backward ആയിട്ടുള്ളവർക്കുള്ള സംവരണത്തിന്റെ പട്ടികയുടെ ഒരു കാര്യം പറഞ്ഞുകൊണ്ട് ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിൽ ഇതിന്റെ പെർഫോമൻസ് നിലവാരം എന്താണെന്ന് വ്യക്തമാക്കാൻ ഞാൻ സ്നേഹപൂർവ്വം ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനേപ്പോലെ, ഇക്കാര്യത്തിൽ വക്രബുദ്ധിയില്ലാത്ത ഒരാൾ പ്രോ-ചാൻസലർ ആയിരിക്കേ.... ഞാൻ വീണ്ടും പറയുന്നു, നയപരമായും രാഷ്ട്രീയപരമായും വിയോജിക്കുന്ന ഒരാളാണ്. പക്ഷേ എനിക്ക് യോജിപ്പുള്ള ഒരുപാട് പേഴ്സണൽ വെർച്യൂസ് അദ്ദേഹത്തിനുണ്ട്. ചേരി വേറെ ആയതുകൊണ്ട് പറയാൻ ഒരു മടിയുമില്ല. പക്ഷേ അടിസ്ഥാനപരമായ ചോദ്യം പ്രോ ചാൻസലറായ മന്ത്രിയുടെ കീഴിൽ ഒരു കീഴുദ്യോഗസ്ഥനാകാൻ തയ്യാറാണോ ഒരു വൈസ് ചാൻസലർ. എല്ലാ തിട്ടൂരങ്ങളുടേയും താഴെ യേസ് എന്നു പറയാൻ വിധിക്കപ്പെട്ടവരാണോ സർവ്വകലാശാലാ സിൻഡിക്കേറ്റുകൾ? സെനറ്റും അക്കാഡമിക് കൗൺസിലും എല്ലാം ഗവൺമെന്റിന്റെ കീഴിലുള്ള പെട്ടിയെടുപ്പുകാരായി മാറേണ്ടവരാണോ? ഇതാണ് ചോദ്യം.

ശ്രീ. കെ. പി. രാജേന്ദ്രൻ : സീറ്റ് സംവരണത്തെക്കുറിച്ച് ശ്രീ. ബിനോയ് നേരത്തെ ചോദിച്ചല്ലോ. നേരത്തെ ഒരു കണക്ക് വായിച്ചു. എസ്.സി. കാർക്ക്, പിന്നോക്ക വിദ്യാർത്ഥികൾക്ക്, ബാക്ക്വേർഡ് കുട്ടികളുടെയൊക്കെ. ഇനി കിട്ടുമ്പോൾ കുറച്ച് നമ്പർ കൂടുതൽ പറയാൻ കഴിയും. നിങ്ങൾക്ക് അത് പറയാം. പക്ഷേ നമ്മുടെ സംസ്ഥാനത്തുള്ള സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ പലതും, എൻജിനീയറിംഗ്—മെഡിക്കൽ കോളേജുകളൊക്കെ ഡീംഡ് യൂണിവേഴ്സിറ്റിയായി മാറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞു, ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയില്ല. അമൃത ഡീംഡ് ആയി. അവിടെ ഒരു സംവരണവുമില്ല. പട്ടികജാതി വിദ്യാർത്ഥികൾക്കും, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കും ഇല്ല, ആർക്കുമില്ല. ഒരു ശതമാനം സീറ്റ്പോലും ഇല്ല. കംപ്ളീറ്റ് അവരുടെ സെലക്ഷനാണ്. പിന്നെ എങ്ങനെയാണ്? ഈ പറഞ്ഞ കണക്ക് നാളെ തിരുത്തേണ്ടി വരില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ശ്രീ. രാജേന്ദ്രൻ പറഞ്ഞ പോയിന്റ് വളരെ പ്രസക്തമാണ്. ഡീംഡ് സ്റ്റാറ്റസിന് ഇപ്പോൾ യു.ജി.സി. ഒരു ഗൈഡ്‌ലൈൻ ഉണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗത്തിൽ ഞാൻ പറഞ്ഞത് ഇൻഡ്യാ ഗവൺമെന്റ് നിയമമുണ്ടാക്കണ മെന്നുള്ളതാണ്. ഡീംഡ് യൂണിവേഴ്സിറ്റി അവരുടെ സ്വന്തം ഭരണം നടത്തുന്നത് ശരിയല്ല. I agree with you ഇന്നിപ്പോൾ റെഗുലേഷൻ ഇല്ല. യു.ജി.സി.ക്ക് മാത്രമേ റെഗുലേഷനുള്ളു. യു.ജി.സി.യുടെ ഗൈഡ്‌ലൈൻ പ്രകാരമാണ് ഇത് കൊടുക്കുന്നത്. എന്നാൽ അതുപോരാ, എങ്ങനെ ഇവിടെ ഡീംഡ് യൂണിവേഴ്സിറ്റി കൊടുക്കണമെന്നുള്ളതിനേപ്പറ്റി ഇൻഡ്യാ ഗവൺമെന്റ് നിയമനിർമ്മാണം നടത്തണം എന്നുള്ളതാണ് എന്റെ പോയിന്റ്. ഗവൺമെന്റിന്റെ നയവും അതുതന്നെയാണ്.

ശ്രീ. ബിനോയ് വിശ്വം : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഈ നയം നടപ്പാക്കാൻ വേണ്ടി കേരളം എന്ത് ചെയ്തിട്ടുണ്ട്? അതൊരു പ്രശ്നമാണ്. ഡീംഡ് എന്ന പേര് എങ്ങനെയോ കൈക്കലാക്കിക്കൊണ്ട് എല്ലാത്തരം നിയമങ്ങളെയും ഉല്ലംഘിച്ചുകൊണ്ട് ലോ ഓഫ് ദി ലാന്റ് എല്ലാം നൂറായി കാറ്റിൽ കീറിപ്പറത്തിക്കൊണ്ട് വിദ്യാഭ്യാസ കച്ചവടത്തിന്റെ ലക്ഷ്യങ്ങളും താൽപ്പര്യങ്ങളും മുന്നോട്ട് പോകുമ്പോൾ സംസ്ഥാന വിദ്യാഭ്യാസമന്ത്രി ഇങ്ങനെ മാത്രം പറഞ്ഞാൽ പോരാ. സംസ്ഥാനം ഭരിക്കുന്ന ഗവൺമെന്റിന്റെ പോളിസി മേക്കിംഗിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ഒരാളാണ് മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി. അദ്ദേഹമാണ് കെ.എസ്.യു. വിന്റെ ക്യാമ്പിൽ പോയി കരഞ്ഞത്. അദ്ദേഹം പറഞ്ഞു, കേരളത്തിലെ വിദ്യാഭ്യാസ പ്രതിസന്ധിയിൽ ഒരു പ്രതിയുണ്ടെങ്കിൽ ഒന്നാമത്തെ പ്രതി സ്വാശ്രയ മാനേജ്മെന്റാണെന്ന്. ഞാൻ വഞ്ചിക്കപ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു. സ്വാശ്രയ വിദ്യാഭ്യാസത്തിന്റെ വലിയ അപദാനങ്ങൾ വാഴ്ത്തിയ എ.കെ. ആന്റണി, പുഷ്പഗിരി മാനേജ്മെന്റ് അടക്കമുള്ള മാനേജ്മെന്റുകൾക്ക് വേണ്ടിയുള്ള വക്കാലത്ത് ഒരുപാട് വാദിച്ചുപോന്ന എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കേ ഈ നയത്തിന്റെ പേരിൽ വിദ്യാർത്ഥികൾ സമരം ചെയ്തപ്പോൾ ആ സമരങ്ങളെ അടിച്ചമർത്താൻ ശ്രീ. ഉമ്മൻചാണ്ടിയേപ്പോലെ അല്ലെങ്കിലും ഒട്ടും കുറയാത്ത പങ്കുവഹിച്ച എ. കെ. ആന്റണി പിന്നെ പറയുകയാണ് ഞാൻ വഞ്ചിക്കപ്പെട്ടിരിക്കുന്നു, എന്ന്! കേരളം വിശ്വസിക്കുന്നത് വഞ്ചിക്കപ്പെടാൻ യു.ഡി.എഫ്. ഗവൺമെന്റ് നിന്നുകൊടുത്തു എന്നാണ്. സ്വാശ്രയക്കാരോട് ഈ ഗവൺമെന്റ് പറഞ്ഞു, ഞങ്ങളെ വഞ്ചിക്കൂ. നമുക്കെല്ലാം ചേർന്നുകൊണ്ട് ജനങ്ങളെ വഞ്ചിക്കാം. നമുക്ക് രണ്ടുപേർക്കും കൂടിച്ചേർന്ന്

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളെ വഞ്ചിക്കാം. നമുക്ക് ഒരുമിച്ച് നിന്നുകൊണ്ട് സംവരണത്തെ വഞ്ചിക്കാം. നമുക്ക് ഒന്നായിച്ചേർന്നുകൊണ്ട് നാടിനെ വഞ്ചിക്കാം. എന്നിട്ട് ഗവൺമെന്റും സ്വാശ്രയ കച്ചവടക്കാരും തമ്മിൽ കൈകോർത്തു പിടിച്ചുകൊണ്ട് നമ്മളൊന്നാണ് എന്ന് പാടിക്കൊണ്ട് വിദ്യാഭ്യാസ മേഖലയിലെ നന്മകളെയെല്ലം ഊതിക്കെടുത്താം എന്നു പറഞ്ഞു ഇതാണ് വസ്തുത. ഇത് കേരളം കാണുന്നുണ്ട്.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (*ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* അങ്ങ് ഇവിടെ പറഞ്ഞ പോയിന്റൊക്കെ അനുകൂലിക്കുകയാണ്. അതോടൊപ്പം തന്നെ ഒരു കാര്യം നമുക്ക് തീരുമാനിക്കാൻ പറ്റുമോ? ഈ സഭയിൽ ഇരിക്കുന്നവരുടെ മക്കളെയെങ്കിലും സ്വാശ്രയ കച്ചവട സ്ഥാപനങ്ങളിലേക്ക് അയയ്ക്കില്ല എന്ന തീരുമാനമെടുക്കാൻ പറ്റുമോ?

ശ്രീ. ബിനോയ് വിശ്വം: ഈ ചോദ്യം വ്യക്തിപരമാണെങ്കിൽ ഞാൻ പറയും ഞാൻ അതിനുവേണ്ടി വ്യക്തിപരമായി ശ്രമിക്കും. ഞങ്ങൾ നിൽക്കുന്നത് ഈ നാട്ടിലാകെത്തന്നെ സോഷ്യലിസ്റ്റ് വ്യവസ്ഥ സ്ഥാപിക്കാൻ വേണ്ടിയാണ്. ഇൻഡ്യയിൽ മുഴുവൻ സോഷ്യലിസം സ്ഥാപിക്കാൻ നിൽക്കുന്നവരാണ് ഞങ്ങൾ. അതിന്റെ അർത്ഥം ഞങ്ങൾ മുതലാളിത്ത വ്യവസ്ഥിതിയിൽ ജീവിക്കില്ല എന്നല്ല. സോഷ്യലിസം വരുംവരേയും ഞങ്ങളാരും ജീവിക്കില്ല എന്നു പറയുന്നതുപോലെയുള്ള ചോദ്യമാണ് ഇത്. ഈ കേരളത്തിലെ ഒരുപാട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വാശ്രയ മേഖലയിലായിരിക്കേ അങ്ങോട്ട് പോകില്ല എന്ന് വാശിപിടിക്കാൻ ഞങ്ങളോട് പറഞ്ഞാൽ ആ ചോദ്യം വളരെ ....അതിന് ഇങ്ങനെ ഉത്തരം പറയാൻ പ്രയാസമുണ്ട്. കാരണം It is hypothetical . എവിടെത്തിരിഞ്ഞൊന്ന് നോക്കിയാലും അവിടെല്ലാം സ്വാശ്രയ സ്ഥാപനങ്ങൾ മാത്രം. അതിന് സംസ്ഥാനത്തിന്റെ മന്ത്രി പറയുന്നു അങ്ങോട്ട് ആരേയും അയയ്ക്കാതിരിക്കാൻ ശ്രമിക്കുമോ എന്ന്. അത് എങ്ങനെ പറ്റും? ഞങ്ങൾ മന്ത്രിയോട് പറയുന്നു, ഡീംഡ് എന്ന പേരിൽ വിളിച്ചുകൊണ്ടും അല്ലാത്തപേരിൽ വിളിച്ചുകൊണ്ടും സംസ്ഥാനത്തെ അട്ടിമറിച്ചുകൊണ്ടും നീതിയെ നിരാകരിച്ചു കൊണ്ടും നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള എന്തെങ്കിലും.....

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : നിങ്ങളുടെ ഹിപ്പോക്രസിയാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. നിങ്ങളിൽ ആരുടെയൊക്കെ മക്കൾ പഠിക്കുന്നുണ്ടെന്ന് ഞാൻ പേര് പറയാം.

ശ്രീ. ബിനോയ് വിശ്വം: ആരും പഠിക്കുന്നില്ല. ഞാൻ പറയുന്നു കഴിയുന്നിടത്തോളം എന്റെ മക്കളെ അവിടെ പഠിപ്പിക്കാതിരിക്കാൻ ഞാൻ ശ്രമിക്കും. പക്ഷേ മന്ത്രി പറയണം, സ്വാശ്രയ സ്ഥാപനങ്ങൾ കൂണുപോലെ തുടങ്ങാൻ

LIBRARY ARCHIVES Kerala Legislative Assembly

സമ്മതിക്കുന്ന ഗവൺമെന്റ്, മറ്റ് സ്ഥാപനങ്ങളുടെ വരവ് തടയാൻ ശ്രമിക്കുന്ന ഗവൺമെന്റ്, അത് ഉണ്ടാകാൻ സമ്മതിക്കാത്ത ഗവൺമെന്റ് നിങ്ങൾ നിങ്ങളുടെ മക്കളെ അങ്ങോട്ട് അയയ്ക്കുന്നത് എന്തിനാണെന്ന് ചോദിച്ചാൽ എന്തു പറയാൻ പറ്റും? മന്ത്രി തന്റെ സ്വന്തം ഹിപ്പോക്രസി മാറ്റുക എന്നാണ് എനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ: 15 മിനിട്ട് ആയി. അങ്ങ് വിഷയത്തിൽനിന്ന് മാറരുത്.

ശ്രീ. ബിനോയ് വിശ്വം: ഞാൻ വിഷയത്തിൽ നിന്ന് മാറുന്നില്ല. ഇത് ബില്ലിന്റെ ചർച്ചയാണ്. ഒരംഗത്തിന്റെ അവകാശമാണ്.

ശ്രീ. ടി. എം. ജേക്കബ്: സർ, ബില്ലിനെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ട്. ഇങ്ങനെയാണെങ്കിൽ അടുത്ത ബിൽ നാളത്തേയ്ക്ക് മാറ്റുക. ഇത് ചർച്ച ചെയ്യേണ്ട. ഇങ്ങനെ അനന്തമായി നീട്ടിക്കൊണ്ടു പോകാൻ പറ്റുമോ?

മി. ചെയർമാൻ : അങ്ങനെ കൺട്രോൾ ചെയ്യാൻവേണ്ടി പറഞ്ഞതല്ല. ഇത് തുടരാം.

ശ്രീ. ബിനോയ് വിശ്വം: അത് ചെയറിലുള്ള അങ്ങും സ്പീക്കറും ബന്ധപ്പെട്ടവരുമായി തീരുമാനിച്ച് ഉത്തമമായ മാർഗ്ഗങ്ങളുണ്ടാക്കുക. ഞാൻ ബില്ലിനെപ്പറ്റി ശക്തമായ ചില കാര്യങ്ങൾ പറയുകയാണ്. അതിന് മന്ത്രി പ്രസക്തമായ ഉത്തരം പറയുകയും ചെയ്യും എന്ന് എനിക്ക് ഉറപ്പുണ്ട്. ഇവിടെ യൂണിവേഴ്സിറ്റി ഓർഡിനൻസ് ബില്ലിന്റെ ലക്ഷ്യം എന്തായിരുന്നു?

ശ്രീ. സാജു പോൾ : ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ സ്വാശ്രയ സ്ഥാപനങ്ങളിൽ നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കുമോ? അല്ലെങ്കിൽ അതുവേണ്ട എന്ന് സഭയിലെ എല്ലാവർക്കും ഏകകണ്ഠമായ തീരുമാനം എടുക്കാൻ കഴിയുമോ എന്ന് ചോദിച്ചു. എന്റെ കുട്ടികൾ രണ്ടുപേരും ഗവൺമെന്റ് സ്കൂളിലാണ് പഠിക്കുന്നത്. അതുകൊണ്ടുതന്നെ നിലവിലുള്ള നിയമങ്ങളും സംവിധാനങ്ങളും ഉപയോഗിക്കുന്നതിൽ നിന്ന് ആരേയും തടയേണ്ട കാര്യമില്ല. ഞങ്ങൾ ഇപ്പുറത്തിരിക്കുന്ന പ്രതിപക്ഷാംഗങ്ങൾ എപ്പോഴും അന്ധമായി സ്വാശ്രയ സ്ഥാപനങ്ങളെ എതിർക്കുന്നവരാണ് എന്ന നിലയിൽ വിലയിരുത്തപ്പെടാറുണ്ട്. ഞങ്ങൾ സ്വാശ്രയ സ്ഥാപനങ്ങൾക്ക് പൂർണ്ണമായും എതിരല്ല. സർക്കാരിന്റെ നിയന്ത്രണത്തോടുകൂടി ഫീസ് ഘടനയിൽ വിദ്യാർത്ഥി പ്രവേശനത്തിനും അധ്യാപക നിയമനത്തിലും അവരുടെ ആനുകൂല്യത്തിലുമൊക്കെ നിയന്ത്രണവും സംവരണവുമടക്കം പാലിച്ചുകൊണ്ടുള്ള സംവിധാനത്തിന് ഞങ്ങൾ എതിരല്ല.

LIBRARY ARCHIVES Kerala Legislative Assembly

അത് ഇവിടെ അറിയിക്കുന്നതോടൊപ്പം മഹത്തായ പാരമ്പര്യമുള്ള ഇൻഡ്യൻ നാഷണൽ കോൺഗ്രസ് തനിക്ക് ഒരുനിമിഷം അധികാരം കിട്ടിയാൽ ഇൻഡ്യയിൽ മദ്യം നിരോധിക്കും എന്നു പറഞ്ഞ മഹാത്മാഗാന്ധിയുടെ ശിഷ്യന്മാരായിട്ടാണല്ലോ ഇപ്പോൾ ഇവിടെ നിൽക്കുന്നത്. ഗാന്ധിജിയെക്കുറിച്ച് എന്തോ ഇവിടെ പറഞ്ഞപ്പോൾ ഉറഞ്ഞു തുള്ളിയ ആളുകൾ ഗാന്ധിജിയെപ്പറ്റി ബഹുമാനപ്പെട്ട മത്തായി ചാക്കോ പരാമർശിക്കാൻ ഉദ്ദേശിച്ച കാര്യങ്ങളൊക്കെ വായിച്ചു പഠിക്കേണ്ടതാണ്. ഇവിടെയുള്ള ഗാന്ധി ശിഷ്യന്മാർ ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ ഉൾപ്പെടെയുള്ളവർ ഞങ്ങളാരും മദ്യം കഴിക്കില്ല, കോൺഗ്രസിൽ മദ്യപിക്കുന്ന ഒരൊറ്റ അംഗവും ഇല്ല എന്ന് പറയാൻ തയ്യാറുണ്ടോ?

ശ്രീ. ബിനോയ് വിശ്വം: സർ, ...(ബഹളം).....ശ്രീ. സാജുപോൾ ഉന്നയിച്ച ചോദ്യങ്ങൾ പ്രസക്തമാണ്. അതിനെപ്പറ്റി ഇപ്പോഴല്ലെങ്കിലും എപ്പോഴെങ്കിലും ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ പ്രതികരിക്കും.

മി. ചെയർമാൻ: Please.....ബില്ലുമായി ബന്ധപ്പെട്ടതല്ല അങ്ങ് കണ്ടിന്യൂ ചെയ്യണം. ..... Please .....

ശ്രീ. സാജുപോൾ: സർ, ഇവിടെ യഥാർത്ഥത്തിൽ യു.ഡി.എഫ്-ന്റെയും, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും പല നേതാക്കന്മാർ ഈ സഭയ്ക്കകത്തും, പുറത്തും പറയുന്നത് പകൽ അത്തർ കച്ചവടം നടത്തിയിട്ട് രാത്രി മൂത്രപ്പുരയിൽ താമസിക്കുന്നതിന് തുല്യമായിട്ടുള്ള ആദർശമാണ് എന്നുകൂടി ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. .....(ബഹളം).....

ശ്രീ. ബിനോയ് വിശ്വം: അല്ല, ഈ ചോദ്യം ഉന്നയിക്കുകയും, പറയുകയുമൊക്കെ ചെയ്ത ചുറ്റുപാടിൽ ശ്രീ. സാജുപോൾ ഉന്നയിച്ച വിഷയത്തെപ്പറ്റിയുള്ള പ്രതികരണമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇടയ്ക്ക് ഈ സഭയ്ക്ക് എല്ലാപേർക്കും കൗതുകം ഉണ്ടാക്കുന്ന ഒരു കാര്യം ഞാൻ പറയട്ടേ. കൗതുകം ഉള്ള കാര്യമാണ്. ഈ ചർച്ചയ്ക്കിടയിൽ എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. കെ. രാധാകൃഷ്ണൻ പറയുകയുണ്ടായി. അദ്ദേഹം കല്യാണം കഴിക്കുകയും, മക്കൾ ഉണ്ടാകുകയും ചെയ്തുകഴിയുമ്പോൾ ആ മക്കളെ സ്വാശ്രയകോളേജിൽ പഠിപ്പിക്കാൻ വിടില്ല. അതുംകൂടി ഞാൻ നിങ്ങളെ അറിയിച്ചിരിക്കുന്നു.

മി. ചെയർമാൻ: അദ്ദേഹം എത്രയും വേഗം കല്യാണം കഴിക്കട്ടെയെന്ന് ആശംസിക്കുകയാണ്.

LIBRARY ARCHIVES-Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: നമുക്കെല്ലാപേർക്കും അങ്ങനെ ആശംസിക്കാം. യൂണിവേഴ്സിറ്റി ആട്ടോണമിയെപ്പറ്റിയുള്ള ഭയമാണ്. ഈ ഓർഡിനൻസിന് അടിയിലുള്ളത്. കാന്തി ബിശ്വാസിന്റെ കമ്മിറ്റിയടക്കമുള്ള എല്ലാ രേഖകളിലും പലപ്പോഴും ആട്ടോണമി എന്നു പറയുന്ന മഹത്തായ ലക്ഷ്യത്തെ പറ്റിയുള്ള ഗവൺമെന്റിന്റെ ഭയപ്പാടോ, അല്ലെങ്കിൽ വിയോജിപ്പോ അതെല്ലാമാണ് ഈ ഓർഡിനൻസിലുള്ളത്. അത് ഇന്നോ, ഇന്നലെയോ ആരംഭിച്ചതല്ല. യു.ഡി.എഫ്.-ന്റെ ആട്ടോണമിയെപ്പറ്റിയുള്ള ഈ വൈരാഗ്യം എത്രയോ കാലമായിട്ട് ആരംഭിച്ചതാണ്. യു.ഡി.എഫ്.-ന്റെ പുറകിൽ പ്രവർത്തിക്കുന്ന താൽപ്പര്യങ്ങളുണ്ട്. ഞങ്ങളതിനെ വിളിക്കുന്നത് അവരുടെ class interest എന്നാണ്. അവരുടെ വർഗ്ഗതാൽപ്പര്യങ്ങൾ, ആ വർഗ്ഗതാൽപ്പര്യങ്ങൾക്ക് ജനാധിപത്യ മൂല്യങ്ങളെപ്പറ്റി പലപ്പോഴും അവഗണനയുണ്ട്. അതുകൊണ്ട് സർവ്വകലാശാല സെനറ്റുകളിലും സിന്റിക്കേറ്റുകളിലുമെല്ലാം തൊഴിലാളി പ്രതിനിധി വന്നാൽ അപകടമാണ്. Registered Graduates-നെ പ്രതിനിധീകരിച്ചുകൊണ്ട് സാധാരണക്കാർ വന്നാൽ അതും അപകടമാണ്. ട്രേഡ് യൂണിയന്റെ പ്രതിനിധികൾ അങ്ങോട്ട് വന്നാൽ അത് വേണോ, വേണ്ടയോ? ഈ താൽപ്പര്യങ്ങളെല്ലാം ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ യു.ഡി.എഫ്. പലപ്പോഴും പ്രതിഫലിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. 1980-ന്റെ ആരംഭത്തിൽ മാധുരി ഷാ എന്നു പറയുന്ന മഹത് വനിത അവർ അന്ന് യു.ജി.സി. ചെയർപേഴ്സൺ ആയിരുന്നു. അവരാണ് ഒരിക്കൽ പറഞ്ഞത്, വിദ്യാഭ്യാസരംഗത്തെ രാഷ്ട്രീയമുക്തമാക്കണം എന്ന് ആ ലക്ഷ്യം വച്ചു കൊണ്ട് അവർ പറഞ്ഞു, തെരഞ്ഞെടുക്കപ്പെട്ട സിന്റിക്കേറ്റുകൾ പാടില്ല. സെനറ്റുകളിലെല്ലാം തെരഞ്ഞെടുപ്പ് ഒഴിവാക്കിക്കൊണ്ട് സർക്കാരിനാൽ നോമിനേറ്റ് ചെയ്യപ്പെട്ട വിദഗ്ദ്ധന്മാർ മാത്രമുള്ള സമിതി മതിയെന്ന്. ഞാൻ അന്നൊരു വിദ്യാർത്ഥി പ്രവർത്തകനായിരുന്നു. അന്ന് നടന്ന ചർച്ചകൾ എല്ലാം എനിക്കോർമ്മയുണ്ട്. ഞങ്ങളുടെ എ.ഐ.എസ്.എഫ്., എസ്.എഫ്.ഐ., കെ.എസ്.യു. എല്ലാം സജീവമായി ഏറ്റെടുത്ത ചർച്ചയാണ്. ആ ചർച്ചയിൽ ഞങ്ങളന്ന് പറഞ്ഞു, ഇപ്പോഴും പറയുന്നു ആ നിലപാട് അങ്ങേയറ്റം ജനാധിപത്യവിരുദ്ധമാണ്. നമ്മുടെ ദേശീയപാരമ്പര്യങ്ങളെപ്പോലും നിരാകരിക്കുന്ന നിലപാടാണ് അത്. ശ്രീമതി മാധുരി ഷാ അന്നു പറഞ്ഞ നിലപാടിന് പുറകിലുള്ളത് വാസ്തവത്തിൽ സർവ്വകലാശാലകളെ സമൂഹത്തിൽ നിന്നും പിടിച്ചകറ്റിക്കൊണ്ടുപോയി., നാം പറയാറില്ലേ, ivory towers എന്ന് ദന്തഗോപുരങ്ങളാക്കിമാറ്റാൻ ശ്രമിക്കുന്ന താൽപ്പര്യമാണ് അതിനുപുറകിലുള്ളത്. രാഷ്ട്രീയത്തിനോട് ദൂരെ പോകാൻ പറയുന്നു. ഒരു ജനാധിപത്യസമൂഹത്തിൽ പറയുകയാണ് രാഷ്ട്രീയപാർട്ടികൾ സമൂഹത്തിന്റെ എല്ലാ ചലനങ്ങളേയും നിയന്ത്രിക്കുന്ന സമൂഹമാണ്. ഈ സമൂഹം ഇവിടെ യു.ഡി.എഫ്. ആകട്ടെ,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എൽ.ഡി.എഫ്. ആകട്ടെ ബി.ജെ.പി. അല്ലെങ്കിൽ യു.പി.എ. ആകട്ടെ ഈ സമൂഹത്തിന്റെ എല്ലാ ചലനങ്ങളിലും രാഷ്ട്രീയം ഉണ്ട്, രാഷ്ട്രീയബോധമുണ്ട്. നിലപാടുകളുമുണ്ട്. ഇതെല്ലാമുണ്ട്. രാഷ്ട്രീയം സമൂഹത്തിന്റെ എല്ലാ ചലനങ്ങളെയും നിയന്ത്രിക്കുന്നു. അത്തരമൊരു സമൂഹത്തിൽ സർവ്വകലാശാലകളിൽ മാത്രം രാഷ്ട്രീയം പാതകമാണെന്ന് പറഞ്ഞാൽ രാഷ്ട്രീയപ്രവർത്തകന്മാരും, തൊഴിലാളി പ്രവർത്തകന്മാരും സാമൂഹ്യപ്രവർത്തകന്മാരും എല്ലാം അവിടെയെല്ലാം പ്രവേശനമില്ലാത്ത അല്ലെങ്കിൽ വേലി കെട്ടി ദൂരേക്ക് ആട്ടിയകറ്റപ്പെടുകയാണെന്ന് പറഞ്ഞാൽ ആ വാദഗതി സ്വീകരിക്കാൻ കഴിയുമോ? ഒരിക്കലും കഴിയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയണം എന്താണ് യു.ഡി.എഫ്.-ന്റെ സ്റ്റാന്റ്? യു.ഡി.എഫ്.-ന്റെ സ്റ്റാന്റ് രാഷ്ട്രീയം പാതകമാണെന്ന് പറയുന്ന നിലപാടിന്റെ ഭാഗത്താണോ? രാഷ്ട്രീയപ്രവർത്തകന്മാരേയും തൊഴിലാളി പ്രവർത്തകരേയും, രജിസ്റ്റേർഡ് ഗ്രാഡുവേറ്റ്സിനേയും എല്ലാം ശത്രുക്കളെപ്പോലെ ആട്ടിയകറ്റേണ്ട ഏതോ തമ്പുരാക്കൾക്കു മാത്രം വേണ്ടിയുള്ള വേദികളാണോ യൂണിവേഴ്സിറ്റികൾ? അതുകൊണ്ട് സെനറ്റ്, സിൻഡിക്കേറ്റ് എന്നൊക്കെ പറഞ്ഞാൽ വരേണ്യരായ കുറെ പേർക്കു മാത്രം പ്രവേശനമുള്ള ഒരു പുത്തൻ തലത്തിലുള്ള ബ്രാഹ്മണ്യം നിലനിൽക്കുന്ന, പൂണൂൽ ഇട്ട ഇവർക്കുവേണ്ടി മാത്രം എല്ലാം സംവരണം ചെയ്യപ്പെട്ട .....(ബഹളം).....

മി. ചെയർമാൻ: ബി.എ.സി. കൂടി തീരുമാനിച്ചാണ് നമ്മളിന്ന് 3 ബിൽ എടുക്കുന്നത്.

ശ്രീ. ബിനോയ് വിശ്വം: ബി.എ.സി. യിൽ എവിടെയും പറിഞ്ഞിട്ടില്ല ചർച്ചകൾ പാടില്ലായെന്ന്.

മി. ചെയർമാൻ: ചർച്ചകൾ പാടില്ലായെന്ന് സൂചിപ്പിക്കാനല്ല പറഞ്ഞത്. നമുക്കിത്രയും സമയമായി.. ദീർഘിപ്പിച്ച് പോകുന്നത് ഒഴിവാക്കാനാണ്.

ശ്രീ. ബിനോയ് വിശ്വം: അതിന് പരിഹാരം അങ്ങ് കണ്ടെത്തണം.

മി. ചെയർമാൻ: ഏതായാലും തുടരാം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, ഈ രണ്ട് ബില്ലും വളരെ ചെറിയ ബില്ലാണ്. ഇതിലിപ്പോൾ ശ്രീ. ബിനോയ് വിശ്വം പറഞ്ഞ കുറെ ഡിസ്ക്കഷൻ ഒക്കെ വേറെ ഡിബേറ്റിൽപ്പെടും. ഇതിൽ ഇന്നു പറഞ്ഞത് കഴിഞ്ഞ പ്രാവശ്യം വന്നതിന്റെ 90% ഇലക്ഷൻ കഴിഞ്ഞു, എക്സ്റ്റന്റ് ചെയ്യണം.

രണ്ടാമത്തേത് 15% എൻ.ആർ.ഐ. എന്നത് അതിനെ റീ ഡിഫൈൻ ചെയ്യണം. അത്രയെയുള്ളൂ. അതിന് ഇത്രയും നീട്ടേണ്ട കാര്യമില്ല.

ശ്രീ. ബിനോയ് വിശ്വം: ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അങ്ങനെ പറയാൻ പാടില്ല. ഞാൻ നീട്ടിക്കൊണ്ടുപോകുന്നതല്ല. എനിക്ക് അദ്ദേഹത്തോട് സ്നേഹവും ബഹുമാനവുമുണ്ട്. ഞാൻ irrelevant ആയത് പറയില്ല. ഞാൻ relevant ആയതു മാത്രമെ പറയുകയുള്ളൂ. irrelevant ആയ കാര്യങ്ങൾ പറയുമ്പോൾ അങ്ങ് ചൂണ്ടിക്കാണിക്കുക. At that moment ഞാൻ നിർത്താം.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് ഇത്. ബി.എ.സി. ചർച്ചയ്ക്ക് വന്നതാണ്. ബില്ലുകൾ 2.30-ന് അവസാനിപ്പിച്ച് പിരിയാമെന്നാണ് പറഞ്ഞത്. സമയം 2.45 ആയി. ഇതിനൊരു അവസാനം വേണ്ടേ? അങ്ങിവിടെ ഇല്ലായിരുന്നു, ഞാനവിടെയിരുന്ന ഒരാളാണ്. സാധാരണ 1.30-ന് തന്നെ പിരിയും. എന്നാണ് ബി.എ.സി. യിൽ പറഞ്ഞത്. അപ്പോൾ 2.30 എന്നൊരു consensus ആ സമയത്ത് അവിടെയുണ്ടായി. ഈ ബില്ലുകളും അവിടെ അയയ്ക്കണമെന്നാണ് പറഞ്ഞത്. ഇപ്പോൾ സമയം 2.45 ആയി. ഇനി അടുത്ത ഒരു ബിൽ കൂടി ഉണ്ട്.

മി. ചെയർമാൻ: അങ്ങ് പറഞ്ഞ കാര്യം മനസ്സിൽ വച്ചുകൊണ്ടാണ് നേരത്തെ ഞാൻ ബഹുമാനപ്പെട്ട ശ്രീ. ബിനോയ് വിശ്വത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. അങ്ങ് നിയമനിർമ്മാണത്തിൽ പങ്കെടുക്കുന്ന ആളല്ലേ? വളരെ പരിണതപ്രജ്ഞനാണ്.

ശ്രീ. ടി. എം. ജേക്കബ്: എനിക്ക് Legal University Bill -ൽ പങ്കെടുക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. ഞാനത് വിട്ടില്ലേ?.....(ബഹളം).....

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: അല്ല, അത് consensus ഉണ്ടായത് അരമണിക്കൂർ കൊണ്ട് ഈ രണ്ടു ബില്ലും തീർക്കാമെന്നാണ്. താരതമ്യേന തികയുമായിരുന്നു. മറ്റുള്ളത് 2 മണി വരെ എന്നു വച്ചിരുന്നു. അപ്പോൾ നമ്മൾ സഹകരിച്ചില്ലെങ്കിൽ എല്ലാം പ്രയാസം തന്നെയാണ്. പക്ഷേ ഇതൊക്കെയൊരു ധാരണയുടെ അടിസ്ഥാനത്തിൽ നടക്കുകയെന്നല്ലാതെ .....(ബഹളം)...നാളെ ആക്കാൻ പറ്റില്ല. നാളെ വേറെ ബില്ലുള്ളതാണ്. അത് ശ്രീ. ടി. എം. ജേക്കബിന് അറിയാമല്ലോ? എല്ലാം tight ആയിട്ട് ചെയ്തിരിക്കുകയാണ്. അതുകൊണ്ട് please co-operate .....

ശ്രീ. ബിനോയ് വിശ്വം: ഞാൻ പൂർണ്ണമായും സഹകരിക്കാം. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞമാതിരി ഇത് വളരെ ചെറിയ ബിൽ എന്ന വാദം ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കുന്നില്ല. അദ്ദേഹം പറഞ്ഞത് ഇതിനകത്ത് ഒന്നുമില്ലായെന്നാണ്. ഇത് വെറും 6 മാസം എന്നത് 12 മാസം ആക്കാനുള്ള ചെറിയൊരു അമെന്റുമെന്റാണ് എന്ന്. അതിപ്പോൾ നമുക്ക് പാസ്സാക്കാമെന്നാണ് മന്ത്രി പറഞ്ഞത്. അവിടെയാണെന്റെ വിയോജിപ്പ്. അദ്ദേഹത്തിന്റെ വാദം ഞാൻ അംഗീകരിക്കുന്നില്ല. ഇത് ആന്തരികമായ അർത്ഥങ്ങളൊന്നുമില്ലാതെ 6 മാസം എന്നത് മാറ്റി 12 മാസം എന്ന് മാറ്റുക മാത്രം ചെയ്യുന്ന തികച്ചും ലളിതമായ ബിൽ ആയിട്ട് ഞാൻ കാണുന്നില്ല. എന്നെ സംബന്ധിച്ച് യൂണിവേഴ്സിറ്റികളുടെ ഭാവിയെ സംബന്ധിച്ച് സമൂഹവും ഉന്നത വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധങ്ങളെ സംബന്ധിച്ച് വളരേയേറെ പ്രധാനപ്പെട്ട വിഷയങ്ങളടങ്ങുന്ന, തത്വങ്ങളടങ്ങുന്ന ബിൽ ആയിട്ടാണ് ഇതിനെ കാണുന്നത്. അതുകൊണ്ട് ആ ബില്ലുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പറയാൻ എനിക്കു അവകാശമുണ്ട് എന്ന് ഞാൻ കരുതുകയാണ്. എനിക്കും വിശപ്പുണ്ട്. നിങ്ങളെല്ലാപേരും ഇരിക്കുന്നപോലെ ഞാനും ഒന്നും കഴിക്കാതെയിരിക്കുകയാണ്. ആ ബി.എ.സി. യോഗത്തിൽ ഞാൻ പങ്കെടുത്തു. അവിടെയൊരു consensus ഉണ്ടായി.

മി. സ്പീക്കർ: അങ്ങ് കാര്യം പറയാതെ ഇതൊക്കെ സംസാരിക്കണോ ശ്രീ. ബിനോയ് വിശ്വം? അങ്ങ് ഇവിടെയിരുന്ന് നിയന്ത്രിക്കേണ്ട ആളല്ലേ? അങ്ങ് ബില്ലിനെപ്പറ്റി പറയാതെ ചുറ്റിപ്പറ്റി പറയുന്നു. എല്ലാപേർക്കും അവകാശങ്ങളുണ്ട്. പക്ഷേ അവ എല്ലാം ഒരു ധാരണയുടെ അടിസ്ഥാനത്തിലാണ് പോകുന്നത്. ഒരു മെമ്പറുടേയും അവകാശത്തെ നിഷേധിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇതൊക്കെ പാർട്ടികളും മറ്റ് എല്ലാപേരും കൂടി യോജിച്ചുള്ള ഒരു കാര്യം ആണ്. നാളെ നിങ്ങളുടെ ഗവൺമെന്റാകും ഇവിടെ വരിക. കാര്യങ്ങൾ മൂവ് ചെയ്യണമെങ്കിൽ ഒരു ധാരണവേണം.

ശ്രീ. ബിനോയ് വിശ്വം: ആ സമീപനത്തോട് ഞാൻ തീർച്ചയായിട്ടും യോജിക്കാം. പക്ഷേ ഈ ബില്ലിനെപ്പറ്റി എനിക്ക് പറയാനുള്ള കാര്യങ്ങൾ പറയാൻ അങ്ങനുവദിക്കുമല്ലോ?

മി. സ്പീക്കർ: പറയാനുള്ളത് പറയാം. പക്ഷേ ശ്രീ. ബിനോയ് വിശ്വം അങ്ങ് ഇവിടെ ബില്ലിനെപ്പറ്റിയല്ല പറയുന്നത് എന്ന് ഞാൻ വളരെ വിനീതനായിട്ട് പറയുകയാണ്. അങ്ങ് സീരിയസാണെങ്കിൽ വഴങ്ങാതിരിക്കാമല്ലോ.

ശ്രീ. ബിനോയ് വിശ്വം : സർ, മാധുരി ഷാ പറഞ്ഞ നിലപാടിനെപ്പറ്റി എന്താണ് ഗവൺമെന്റിന്റെ അഭിപ്രായം, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ വ്യക്തമാക്കണം. സമൂഹത്തിന്റെ പ്രാതിനിധ്യം ഇല്ലാതിരിക്കാനുള്ള അപ്രോച്ച് ആ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധ്യം സംഭവിച്ചാൽ എന്തോ അപകടം സംഭവിക്കുമെന്ന് കരുതുന്ന വിശുദ്ധ കേന്ദ്രങ്ങളായാണോ യൂണിവേഴ്സിറ്റികളെ ഗവൺമെന്റ് കാണുന്നത്? 1985-ലാണ് മാൽക്കം ആദിശേഷയ്യ കമ്മീഷൻ രംഗത്തുവരുന്നത്. ആ കമ്മീഷൻ പറഞ്ഞു രാഷ്ട്രീയ പ്രവർത്തകരോ മറ്റു പൊതുപ്രവർത്തകരോ സർവ്വകലാശാലാ സമിതികളിൽ വരാൻ പാടില്ല. ആ കമ്മീഷന്റെ ശുപാർശകളിൽ വ്യവസായ പ്രമുഖരും വാണിജ്യപ്രമുഖരും സർവ്വകലാശാല സിൻഡിക്കേറ്റിൽ വരട്ടെ അത്തരം ആളുകൾ വന്നിരുന്നു കാര്യങ്ങൾ ചെയ്യട്ടെയെന്ന് പറയുന്നുണ്ട്. എല്ലാരംഗത്തും നല്ലവരും ചീത്ത ആൾക്കാരും ഉണ്ടാവും. രാഷ്ട്രീയ പ്രവർത്തകരിലുമുണ്ട്. ഏത് അക്കാഡമീഷ്യനെക്കാളും കൂടുതൽ അക്കാഡമിക് ആയ കാര്യങ്ങളിൽ ശുഷ്ക്കാന്തിയും കൂറും കാണിച്ച രാഷ്ട്രീയ പ്രവർത്തകരെ എനിക്കറിയാം, പക്ഷേ ഏതുതരം കച്ചവടക്കാരെക്കാളും തരം താണവരായ രാഷ്ട്രീയക്കാരെയും നമുക്കറിയാം.

മി. സ്പീക്കർ : മി. ബിനോയ് വിശ്വം ക്ഷമിക്കണം. അങ്ങ് വിദ്യാഭ്യാസത്തെപ്പറ്റി വളരെ വിശാല വീക്ഷണമുള്ളയാളാണ്. ഈ ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ട് സംസാരിക്കൂ.

ശ്രീ. ബിനോയ് വിശ്വം : ബില്ലിന്റെ പ്രശ്നം നോമിനേറ്റഡ് സിൻഡിക്കേറ്റിന്റെ പ്രശ്നമാണ്. ആ സിൻഡിക്കേറ്റ് ആറുമാസമായി, 12 മാസമായി അവസരം കിട്ടിയാൽ കല്പാന്തകാലം വരെ സർവ്വകലാശാലകളുടെ ഭരണം കയ്യാളാമെന്ന സങ്കല്പമാണ്. ആ ഭീഷണി ഒളിച്ചിരിക്കുന്ന ഈ ബില്ലിനെപ്പറ്റിയാണ് എന്റെ മോഷൻ. ആ അബദ്ധം ചെയ്യാൻ പാടില്ല. ജീവിതം കാലം മുഴുവൻ നോമിനേറ്റഡ് സിൻഡിക്കേറ്റ് പ്രവർത്തിക്കാൻ പാടില്ല. നോമിനേറ്റഡ് സിൻഡിക്കേറ്റ് മാത്രം പ്രവർത്തിച്ചിട്ടുള്ള എം.ജി. യൂണിവേഴ്സിറ്റി, അതിന്റെ പെർഫോർമൻസിന്റെ കാര്യത്തിൽ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റുകളും സെനറ്റും പ്രവർത്തിച്ച യൂണിവേഴ്സിറ്റികളേക്കാൾ ഗുണപരമായി വ്യത്യസ്തമാണെന്ന് ചൂണ്ടിക്കാണിക്കാൻ അങ്ങേയ്ക്കാവുമോ. ഞാൻ അങ്ങയെ വെല്ലുവിളിക്കുന്നു. എം. ജി. യൂണിവേഴ്സിറ്റിയിൽ ഒന്നും മെച്ചമല്ല. പരീക്ഷ കുഴപ്പത്തിലാണ്. ടൈംടേബിൾ, പരസ്പര ബന്ധം എല്ലാം കുഴപ്പത്തിലാണ്. കേരളത്തിലെ കോൺടക്സ്റ്റിൽ തെരഞ്ഞെടുപ്പ് ഇല്ലാത്തതുകൊണ്ടുമാത്രം യൂണിവേഴ്സിറ്റി ഗംഭീരമാക്കാമെന്ന് പറഞ്ഞിരിക്കുകയാണ്. കൊച്ചി യൂണിവേഴ്സിറ്റിയിൽ തിരഞ്ഞെടുപ്പില്ല നോമിനേറ്റഡ് സെനറ്റും സിൻഡിക്കേറ്റുമുള്ള യൂണിവേഴ്സിറ്റിയാണ്.

മി. സ്പീക്കർ : മി. ബിനോയ് വിശ്വം അതാണോ പ്രശ്നം. ഇവിടെ തത്ക്കാലം ആറുമാസം കൂട്ടുന്നു എന്നേയുള്ളൂ. Basic structure മാറ്റുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം : പ്രശ്നം അതാണ്. അങ്ങ് ഗവൺമെന്റിന്റെ ഭാഗമാണ്. പരിണതപ്രജ്ഞനായ സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, അങ്ങ് ഗവൺമെന്റ് ഭാഗത്തെ കൂട്ടുപിടിക്കാൻ പാടില്ല.

മി. സ്പീക്കർ : ഞാൻ എത്ര നേരം വരെ വേണമെങ്കിലും ഇരിക്കാം. ഞാനതിന് ബാധ്യസ്ഥനാണ്. ഒരു ഭാഗത്ത് നീട്ടി സംസാരിക്കുന്നു മറുഭാഗത്ത് വൈകി എന്നു കുറ്റം പറയുന്നു. ഞാനെത്ര മണി വരെ വേണമെങ്കിലും ഇരിക്കാം. I am bound to do it and I will do it.

ശ്രീ. ബിനോയ് വിശ്വം : ഞാൻ ഇവിടെ ആഹാരം കഴിക്കാതെയിരിക്കുകയാണ്. സംസാരിക്കാൻ അനുമതി കിട്ടിയ അംഗം എന്ന നിലയിൽ സംസാരിക്കുന്നു. ഒരുപാടു സംസാരിച്ച അംഗമാണ് ശ്രീ. സതീശൻ. ഞാൻ കേട്ടതാണ്. 2001 നവംബർ 21-ാം തീയതി ഒരു നിയമം പാസായി. ആ നിയമം യൂണിവേഴ്സിറ്റി അമെന്റ്മെന്റ് ആയിരുന്നുവെന്നാണ് അന്ന് പറഞ്ഞത്. സർവ്വകലാശാല സിൻഡിക്കേറ്റുകളിൽ ഐ.ടി., ബി.ടി. എക്സ്പെർട്ടുകളുടെ വലിയ കുറവുണ്ട്. അതുകൊണ്ട് 2 ഐ.ടി. എക്സ്പെർട്ട്സും രണ്ട് ബി. ടി. എക്സ്പെർട്ട്സും വേണം. അവർകൂടി ചേർന്നു കഴിഞ്ഞാൽ നമ്മുടെ സിൻഡിക്കേറ്റുകളുടെ പ്രവർത്തനത്തിൽ വല്ലാത്ത ഒരു perfection വരുമെന്നാണ് ഇവിടെ വാദിച്ചത്. അന്ന് ബിൽ പൈലറ്റ് ചെയ്തത് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ തന്നെയാണ്. ആ നാലുപേർ വന്നു. അങ്ങനെ വരികവഴി ഗവൺമെന്റിന്റെ താത്പര്യങ്ങൾ സിൻഡിക്കേറ്റിൽ പരിരക്ഷിക്കപ്പെടാൻ ഇടയായി. Qualitatively അവരുടെ വരവു കൊണ്ട് സിൻഡിക്കേറ്റിനോ യൂണിവേഴ്സിറ്റിയ്ക്കോ ഒരുമെച്ചവുമുണ്ടായില്ല. ഗവൺമെന്റിന്റെ ലക്ഷ്യം ഗവൺമെന്റ് താത്പര്യങ്ങൾക്ക് അനുഗുണമായി പ്രവർത്തിക്കുന്ന ഒരു അപ്പൻഡിക്സ് ആയി യൂണിവേഴ്സിറ്റിയെ മാറ്റുകയെന്നതാണ്. സിൻഡിക്കേറ്റിനെ അതിനുവേണ്ടി പാകപ്പെടുത്തുക അതിനുവേണ്ടിയാണ് ഐ. ടി., ബി. ടി. എക്സ്പെർട്ടുകളെ കൊണ്ടുവന്നത്. അതേ ഗവൺമെന്റ് പിന്നീട് ഏകീകൃത സർവ്വകലാശാലാനിയമം കൊണ്ടുവന്നു. അതും പൈലറ്റ് ചെയ്തത് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ തന്നെയാണ്. ഏകീകൃത നിയമം കൊണ്ടുവന്നാൽ ഇവിടെ എല്ലാം ശുഭഗംഭീരമാകും എന്ന് ഏകീകൃത സർവ്വകലാശാല നിയമത്തിന്റെ പല അപദാനങ്ങളും ഇവിടെ കേട്ടു. എവിടെപ്പോയി ആ ഏകീകൃത സർവ്വകലാശാല നിയമം? തിരഞ്ഞെടുക്കപ്പെട്ട സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി കഴിഞ്ഞ് തിരഞ്ഞെടുപ്പ് ആരംഭിക്കാൻ സമയമായപ്പോൾ അന്ന് ഗവൺമെന്റ് പറഞ്ഞു ഞങ്ങൾ ഏകീകൃത നിയമം പാസ്സാക്കാൻ പോകുകയാണ്. ആ നിയമം പാസാക്കാൻ ഏതാനും മാസം കൂടി കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

മതിയാകും. നിയമം ഇപ്പോൾ തന്നെ പാകപ്പെട്ടുവരുന്നു. അതുകൊണ്ട് ഇലക്ഷൻ വേണ്ട. ഇലക്ഷൻ മാറ്റി വയ്ക്കാൻ വേണ്ടി ഗവൺമെന്റ് നിയമം മറയാക്കി കോടതിയിൽ പോയ ഗവൺമെന്റ് നിയമം ഉള്ളതുകൊണ്ട് ഇലക്ഷൻ വേണ്ട എന്ന് പറഞ്ഞു. ആ ഇലക്ഷൻ ഗവൺമെന്റ് തള്ളിമാറ്റി. ഗവൺമെന്റ് പിന്നീട് സ്വയം പ്രസവിച്ച കുഞ്ഞിനെ, ഒരുപാട് സൗന്ദര്യമുണ്ടെന്നു പറഞ്ഞ സ്വന്തം കുഞ്ഞിനെ കൊന്നു. എത്രയോ അധ്വാനം ഒരു ബിൽ പാസ്സാകാൻ വേണ്ടി വന്നു. അത് അവതരിപ്പിക്കാൻ, പൈലറ്റ് ചെയ്യാൻ നടത്തിയ അധ്വാനങ്ങൾ, സബ്ജക്ട് കമ്മിറ്റിയുടെ മീറ്റിംഗുകൾ, സ്പീക്കറുടെ പങ്ക്, സർവ്വോപരി ലെജിസ്ലേച്ചറിന്റെ പങ്ക് ഇതെല്ലാം കഴിഞ്ഞപ്പോഴേയ്ക്ക് on a fine morning ഗവൺമെന്റ് പറയുന്നു ആ ബിൽ വേണ്ട എന്ന്. ആ ബിൽ മാറ്റി. പിന്നെ ഓർഡിനൻസുകളുടെ വരവ് ആരംഭിച്ചു. ഗവൺമെന്റ് പറഞ്ഞു ഇതാ ആറു മാസം ഒരു സിൻഡിക്കേറ്റിന്റെ കാലാവധി നീട്ടുന്നു. എല്ലാ അധികാരങ്ങളും സിൻഡിക്കേറ്റ് ആവാഹിച്ചു. വീണ്ടും കാലാവധി നീട്ടി എടുക്കണമെന്ന് പറഞ്ഞു. കാരണം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റിന്റെ പ്രത്യേക നയം പ്രാവർത്തികമാക്കി ആ നയം കേരളത്തിന്റെ പൊതു താത്പര്യങ്ങളെയും പുരോഗതിയെയും സഹായിക്കാനുതകുമോ എന്ന് ഞങ്ങൾ ഭയപ്പെടുന്നു. ഗവൺമെന്റ് നയങ്ങൾക്ക് അനുകൂലമായി ചിന്തിക്കാത്ത ഒരു സെനറ്റും സിൻഡിക്കേറ്റും ഉണ്ടാകാൻ ഗവൺമെന്റ് ഇഷ്ടപ്പെടുന്നില്ല. തെരഞ്ഞെടുപ്പുണ്ടായാൽ ഗവൺമെന്റിന് അറിയാം വിദ്യാഭ്യാസ രംഗത്തെന്നല്ല എല്ലാ രംഗത്തും തെറ്റുകളും കുറ്റങ്ങളും മാത്രം കാണിച്ച് ഈ ഗവൺമെന്റിന് തെരഞ്ഞെടുക്കപ്പെട്ട സെനറ്റിലും സിൻഡിക്കേറ്റിലും തന്നിഷ്ടങ്ങൾ അടിച്ചേൽപ്പിക്കാൻ കഴിയില്ലയെന്ന്. അതുകൊണ്ട് ഗവൺമെന്റിന്റെ എല്ലാ ഇഷ്ടങ്ങൾക്കും "Yes" മൂളുന്നവരെ കൊണ്ട് നിറയ്ക്കുന്ന ഒരു സിൻഡിക്കേറ്റ് കൊണ്ടുവരാൻ വേണ്ടി ഒരു ഓർഡിനൻസ് രാജ് കൊണ്ടുവന്നു. വിദ്യാഭ്യാസ രംഗത്തെ എല്ലാപ്രശ്നങ്ങളും പറയുന്നില്ല. പക്ഷേ സ്വാശ്രയ മാനേജുമെന്റുകളുടെ ഇഷ്ടങ്ങൾക്കുവേണ്ടിയുള്ള ഗവൺമെന്റ് കാഴ്ചപ്പാട് വാസ്തവത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സിൻഡിക്കേറ്റുകൾ ഇല്ലാതാക്കാനുള്ള താത്പര്യമാണ് എന്ന് നമുക്കറിയാം. അൺ എയ്ഡഡ് സ്വാശ്രയ സ്ഥാപനങ്ങൾക്ക് അംഗീകാരം കൊടുക്കാൻ കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് വിസമ്മതം കാണിക്കുന്നു. അവിടെ വച്ചാണ് ആ സിൻഡിക്കേറ്റിന്റെമേൽ പിടിമുറുക്കാനുള്ള ഗവൺമെന്റിന്റെ വാശി രംഗത്തുവരുന്നത്. "എന്തതിശയമേ സ്വാശ്രയ സ്നേഹം" എന്ന പാട്ടുപാടുന്ന ഗവൺമെന്റ് ആണ്. "യേശുവിനെ ക്രൂശിക്കുക, ബറാബാസിനെ വിട്ടുതരിക" എന്നു പറഞ്ഞതുപോലെ സമൂഹത്തെ ക്രൂശിക്കുക എന്നിട്ട് വിദ്യാഭ്യാസമടക്കമുള്ള എല്ലാ രംഗത്തും കച്ചവടത്തെ മാത്രം പ്രോത്സാഹിപ്പിക്കുക, ഇതാണ് ഗവൺമെന്റ് നയം.

LIBRARY ARCHIVES Kerala Legislative Assembly

സർ, ആ നയത്തിന്റെ ഭാഗമായി സ്വാശ്രയ സ്ഥാപനങ്ങൾ, അൺ-എയ്ഡഡ് സ്ഥാപനങ്ങൾ വന്നപ്പോൾ അവയ്ക്ക് അനുമതി മൂളാൻ വിസമ്മതിച്ച സിൻഡിക്കേറ്റിന്റെ കയ്യും കാലും വെട്ടിമാറ്റാൻ, ആ സിൻഡിക്കേറ്റുകളെ ഇല്ലാതാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഗവണ്മെന്റിന്റെ ഐ.ടി.-ബി.ടി. ഭ്രമമുണ്ടായത്, തുടർന്ന് ഏകീകൃത നിയമത്തിനുള്ള നീക്കങ്ങൾ ഉണ്ടായത്. അതെല്ലാം കഴിഞ്ഞപ്പോഴാണ് നോമിനേറ്റഡ് സിൻഡിക്കേറ്റിനോടുള്ള ആസക്തിയുണ്ടായത്. അതു തുടരുകയാണ്. അങ്ങേയ്ക്കറിയാമല്ലോ, ജവഹർലാൽ നെഹ്റുവാണ് വാസ്തവത്തിൽ ഉന്നതവിദ്യാഭ്യാസത്തെപ്പറ്റിയുള്ള ഏറ്റവും മഹത്തായ നിലപാട് വ്യക്തമാക്കിയ ഇൻഡ്യയിലെ ഭരണാധികാരി. അദ്ദേഹത്തിന്റെ വിഷൻ എന്താണ്? ദേശീയ പാരമ്പര്യത്തിന്റെ എല്ലാ ആദർശങ്ങളേയും അദ്ദേഹം പ്രതിഫലിപ്പിക്കുമായിരുന്നു. നെഹ്റു പറഞ്ഞു, A University is the embodiment of those values for which a nation stands എന്നാണ്. ഈ രാഷ്ട്രം നിൽക്കുന്ന എല്ലാ മൂല്യങ്ങളുടേയും പ്രതീകമാണ് യൂണിവേഴ്സിറ്റി. ആ യൂണിവേഴ്സിറ്റികളെ കച്ചവടത്തിന്റെ പ്രതീകമാക്കാൻ പാടില്ല, ആ യൂണിവേഴ്സിറ്റികളെ മന്ത്രിമാരുടേയും ഗവണ്മെന്റിന്റെയും ഉപകരണമാക്കി തരംതാഴ്ത്താൻ പാടില്ല. ആ യൂണിവേഴ്സിറ്റികളെ സമൂഹത്തിന്റെ പ്രതീകമാക്കാൻ സമ്മതിക്കണം. അങ്ങനെയാകാൻ സമ്മതിക്കാത്ത ഒരു ഗവണ്മെന്റാണ് യു.ഡി.എഫ്. ഗവണ്മെന്റ്. അതുകൊണ്ടാണ് യു.ഡി.എഫ്. ഗവണ്മെന്റ്, സാമൂഹികമായും രാഷ്ട്രീയമായും വർഗ്ഗപരമായും ജനവിരുദ്ധമായ നയത്തിന്റെ ഭാഗമായി സർവ്വകലാശാലാ സമിതികളെ മാറ്റാൻ ശ്രമിക്കുമ്പോൾ, ആ ശ്രമത്തിന് ഇണങ്ങുംവിധം സിൻഡിക്കേറ്റുകളെ രൂപപ്പെടുത്താൻ ശ്രമിക്കുന്നത്. ആ ശ്രമത്തിനുവേണ്ടി ആറു മാസം നീങ്ങിയിട്ടും മതിവരാതെ വീണ്ടും ആ പാതയിലേക്ക് പോകാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് വീണ്ടും 12 മാസത്തേയ്ക്ക് നീട്ടാൻ ശ്രമിക്കുന്നത്. ആ ശ്രമത്തോട് യോജിക്കാനാകാത്തതുകൊണ്ടാണ് ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം ഞാൻ സഭയ്ക്കു മുമ്പാകെ അവതരിപ്പിക്കുന്നത്. ഞാൻ ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഇത്തരമൊരു ബിൽ കൊണ്ടുവരാനിടയായിട്ടുള്ള സാഹചര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. കേരളാ, കോഴിക്കോട് സർവ്വകലാശാലകളിലെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും ചുമതലകൾക്കുവേണ്ടി നേരത്തെ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ കാലാവധി ആറു മാസക്കാലം കൂടി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇത്തരമൊരു ബിൽ നേരത്തെ പ്രഖ്യാപിച്ചിട്ടുള്ള ഓർഡിനൻസിനു പകരമായി കൊണ്ടുവന്നിട്ടുള്ളതെന്ന് സൂചിപ്പിച്ചു. യഥാർത്ഥത്തിൽ യൂണിവേഴ്സിറ്റികളിലെ

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യ പ്രക്രിയയോട് എത്രമാത്രം കടുത്ത അമർഷമാണ് ഐക്യജനാധിപത്യ മുന്നണി സ്വീകരിക്കുന്നത് എന്നുള്ളതിന്റെ നിദാനമായിട്ടുവേണം നമ്മൾ ഈ ബില്ലിനെ പരിഗണിക്കേണ്ടത്. സർവ്വകലാശാലകൾക്ക് സ്വയംഭരണാധികാരം കൊടുക്കാൻ നേരത്തെ നമ്മുടെ രാജ്യം ഭരിച്ചിട്ടുള്ള ജനാധിപത്യ സങ്കൽപ്പമില്ലാത്ത രാജാക്കന്മാർ ഉൾപ്പെടെ സന്നദ്ധമായിട്ടുള്ള മഹാരാജ്യമാണ് ഇൻഡ്യാ മഹാരാജ്യം. അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയായാലും ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയായാലും അതിലെല്ലാം സ്വയംഭരണാധികാരം കൊടുത്തിട്ടുള്ളത് മഹാരാജാക്കന്മാരുടെ ഭരണകാലത്താണ്. കേരളത്തിൽ തന്നെ തിരുവിതാംകൂർ മഹാരാജാവിന്റെ കാലത്താണ് കേരളാ യൂണിവേഴ്സിറ്റി സ്ഥാപിക്കപ്പെട്ടത് എന്നുള്ളത് നമുക്കറിയാം. യൂണിവേഴ്സിറ്റികളെന്നു പറയുന്നത് യഥാർത്ഥത്തിൽ ഈ മേഖലയ്ക്കകത്തുള്ള പ്രധാനപ്പെട്ട റിസർച്ച് സ്ഥാപനങ്ങളാണ്; അക്കാഡമിക് സ്ഥാപനങ്ങളാണ്. ആ അക്കാഡമിക് സ്ഥാപനങ്ങളെ പരിപൂർണ്ണമായിട്ടും ലാഭോദ്ധിഷ്ഠിതമായ സ്ഥാപനങ്ങളാക്കി മാറ്റാനും ആ സ്ഥാപനത്തെ ഗവണ്മെന്റിന്റെ ഒരു അനുബന്ധ ഉപകരണമാക്കി മാറ്റാനുമുള്ള നീക്കങ്ങളാണ് ആറു മാസക്കാലം മുമ്പ് പാസ്സാക്കിയിട്ടുള്ള അമെന്റ്മെന്റ് ആയാലും ആ അമെന്റ്മെന്റ് ബില്ലിന് പുതിയ അമെന്റ്മെന്റ് അവതരിപ്പിച്ചുകൊണ്ടുള്ള ഇത്തവണത്തെ ബില്ലിലായാലും ഇവർ ശ്രമിക്കുന്നത്. കേരളീയ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുകൊണ്ട് നേരത്തേ കുറേ കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ കേരളത്തിലെ യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമെന്നു പറയുന്നത് സാർവ്വത്രികമായ വിദ്യാഭ്യാസ സൗകര്യങ്ങളാണ്. ഏതു പാവപ്പെട്ടവന്റെ കുട്ടിക്കും പഠിക്കാൻ വേണ്ടി കഴിയുന്ന, അവന് ബുദ്ധിയുണ്ടെങ്കിൽ ഈ സമൂഹത്തിന്റെ ഉന്നതമായ സ്ഥാനങ്ങളിലേക്ക് എത്താൻ കഴിയുന്ന ഒരു വിദ്യാഭ്യാസമാണ് കേരളത്തിലെ വിദ്യാഭ്യാസ രംഗത്തുള്ള ഏറ്റവും പ്രധാനപ്പെട്ട നേട്ടം. ആ നേട്ടത്തിന്റെ പരിപൂർണ്ണത നിരാകരിക്കാൻ പറ്റാവുന്ന വിദ്യാഭ്യാസ നയത്തിൽ നിന്ന്, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ ക്രമീകരിക്കുക എന്നു പറയുന്ന കൃത്യമാണ് യഥാർത്ഥത്തിൽ ഈ ബിൽ അവതരണത്തിലൂടെയും നേരത്തെ ഈ ബിൽ അവതരിപ്പിക്കുന്നതിലൂടെയും ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ കേരളത്തിലെ വിദ്യാഭ്യാസ കച്ചവടക്കാർക്കുവേണ്ടി, അൺ-എയ്ഡഡ് കോഴ്സുകളും അൺ-എയ്ഡഡ് കോളേജുകളും അനുവദിക്കുന്നതിനുവേണ്ടിയുള്ള കച്ചവട സ്ഥാപനങ്ങളായിട്ട് നമ്മുടെ സർവ്വകലാശാലകളെ ഈ ഗവണ്മെന്റ് അധ:പ്പതിപ്പിക്കുകയാണ്. ഈ ബിൽ വീണ്ടും അവതരിപ്പിച്ചുകൊണ്ട് ഇനി ആറു മാസക്കാലംകൂടി തങ്ങൾ രൂപപ്പെടുത്തിയിട്ടുള്ള കമ്മിറ്റിക്ക് അധികാരമുണ്ടാക്കാൻ എന്നു പറയുന്നതിന്റെ യഥാർത്ഥമായിട്ടുള്ള ഉള്ളടക്കം. ഈ ഗവണ്മെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി, യൂണിവേഴ്സിറ്റി രംഗത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്, ശ്രീ. ബിനോയ് വിശ്വം സൂചിപ്പിച്ചതുപോലെ യൂണിവേഴ്സിറ്റികളുടെ സ്വയംഭരണാധികാരത്തെ പൂർണ്ണമായി തകർക്കലാണ്; അതിന്റെ ജനാധിപത്യ സ്വഭാവത്തെ പരിപൂർണ്ണമായി ഇല്ലാതാക്കലാണ്. ഒരു കാരണവശാലും അനുവദിക്കപ്പെടാത്ത നിലയിൽ ഗവണ്മെന്റ് തന്നെ നേരിട്ട് യൂണിവേഴ്സിറ്റി ഭരണത്തിനകത്ത് ഇടപെടൽ നടത്തുകയാണ്. അതുപോലെ തന്നെ വിദ്യാഭ്യാസരംഗത്ത് കേരളാ ഗവണ്മെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനവിരുദ്ധമായിട്ടുള്ള കച്ചവടവൽക്കരണത്തിന്റെ ഭാഗമായിട്ടുള്ള വിദ്യാഭ്യാസ നയങ്ങൾ ഈ യൂണിവേഴ്സിറ്റികളിൽ നടപ്പിലാക്കാൻവേണ്ടിയാണ് തങ്ങൾ നോമിനേറ്റ് ചെയ്തിട്ടുള്ള ഒരു സിൻഡിക്കേറ്റിന് ഇനിയും ആറു മാസക്കാലം അധികാരം വേണമെന്നു പറയുന്നതിന് ഈ ഗവണ്മെന്റ് മുന്നോട്ടു വരുന്നത്. വിദ്യാഭ്യാസ മേഖലയിലുള്ള വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ ഇല്ലാതാക്കാൻ വേണ്ടിയുള്ള നീക്കങ്ങളാണ് ഈ ഗവണ്മെന്റ് വന്നശേഷം നടത്തിക്കൊണ്ടിരിക്കുന്നത്. അതു തുടരാൻ വേണ്ടിയാണ് ഈ ബില്ലിലൂടെ ഉന്നത്വിദ്യാഭ്യാസ മേഖലയിലും നമ്മുടെ ഗവണ്മെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സിൻഡിക്കേറ്റുകൾ തങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി, പ്രത്യേകിച്ചും പണം സമ്പാദനത്തിനു വേണ്ടി, അഴിമതിക്കു വേണ്ടി ഉപയോഗിക്കുന്നു എന്ന കൃത്യം കൂടി ഈ സിൻഡിക്കേറ്റുകളെ ഉപയോഗിച്ചുകൊണ്ട് ഗവണ്മെന്റ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. നേരത്തെ ഈ ഓർഡിനൻസ് വരുന്ന സാഹചര്യം നമുക്കറിയാം. യഥാർത്ഥത്തിൽ തെരഞ്ഞെടുപ്പ് പ്രക്രിയ നടക്കുന്നതിനിടയിലാണ് ഇത്തരമൊരു ഓർഡിനൻസ് മുന്നോട്ടു കൊണ്ടുവന്നിട്ടുള്ളത്. അത് ക്രമവിരുദ്ധമാണ്. ബഹുമാനപ്പെട്ട മന്ത്രി കേന്ദ്ര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടു കൊണ്ട് മന്ത്രിമാരുടേതായിട്ടുള്ള ഒരു കമ്മിറ്റിയെക്കുറിച്ച്, ശ്രീ. കാന്തി വിശ്വാസ് ചെയർമാനായിട്ടുള്ള കമ്മിറ്റി അവതരിപ്പിച്ച റിപ്പോർട്ടിനെ സംബന്ധിച്ച്, പറഞ്ഞു. ആ റിപ്പോർട്ടിനകത്തു തന്നെ യൂണിവേഴ്സിറ്റികൾക്ക് ആട്ടോണമസ്സായിട്ടുള്ള ഒരു സിസ്റ്റം ഉണ്ടാക്കി എടുക്കുക എന്നു പറയുന്ന കാര്യത്തിന് പ്രാമുഖ്യം കൊടുക്കണമെന്നു പറയുന്ന ഭാഗത്തെക്കുറിച്ച് മന്ത്രി ശ്രദ്ധിച്ചിട്ടുണ്ടോ? യഥാർത്ഥത്തിൽ ഈ ഗവണ്മെന്റ് അതിനുവേണ്ടിയാണോ ശ്രമിക്കുന്നത്? നിലവിലുള്ള സ്വയംഭരണാധികാരത്തെ പരിപൂർണ്ണമായി ഇല്ലാതാക്കാൻ വേണ്ടിയുള്ള നീക്കമാണ് ഈ ബിൽ അവതരിപ്പിക്കുന്നതിലൂടെ ബഹുമാനപ്പെട്ട മന്ത്രി ചെയ്തിരിക്കുന്നത്. ഈ ബില്ലിലൂടെ വളരെ ചെറിയ മാറ്റമാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്നു പറയുന്നത് ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കുന്ന കാര്യമല്ല. വിദ്യാർത്ഥികളുടെ അവകാശവുമായി ബന്ധപ്പെട്ടുകൊണ്ട്, കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വളരെ പ്രാമാണികമായ രേഖയായിട്ട് നമുക്കെല്ലാം പറയാൻ കഴിയുന്ന

ഒന്നാണ് ഡോ. രാധാകൃഷ്ണൻ ചെയർമാനായി അംഗീകരിച്ചിട്ടുള്ള നമ്മുടെ യൂണിവേഴ്സിറ്റി കമ്മിഷൻ റിപ്പോർട്ട്. ആ റിപ്പോർട്ടിനകത്ത് വിദ്യാർത്ഥികൾക്ക് ഈ മേഖലയിൽ കൊടുക്കേണ്ട പ്രാമുഖ്യം സംബന്ധിച്ച് വളരെ വ്യക്തമായി പറയുന്നുണ്ട്. ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. പക്ഷെ ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. Universities are conglomerations of human and physical elements but the student is the most precious of these. Buildings and equipment are necessary, a competent staff more vital still, but these are means, the student properly equipped to live and take his place in a democratic society is the consummation most devoutly to be wished for എന്ന് അദ്ദേഹം വളരെ വ്യക്തമായി പറയുന്നുണ്ട്. എന്താണ് വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റിയിലുള്ള പ്രാധാന്യം എന്നതിനെ സംബന്ധിച്ച് അദ്ദേഹം ആവർത്തിക്കുന്നു. The student is not created for the university but the university exists for the students and, therefore, it must spare no effort and omit no devices which may promote the fullest and most complete realization of the students' possibilities on all planes, physical, intellectual and spiritual എന്നാണ്. ഞാൻ ചോദിക്കട്ടെ, ഇത്തരമൊരു നിലപാടാണോ യൂണിവേഴ്സിറ്റികളിലെ വിദ്യാർത്ഥികളുടെ പങ്കാളിത്തവുമായി ബന്ധപ്പെട്ടുകൊണ്ട് ഗവണ്മെന്റ് സ്വീകരിക്കുന്നത്? കഴിഞ്ഞ വർഷം പുതിയ സംവിധാനം വന്നതിനെത്തുടർന്ന് കേരള സർവ്വകലാശാലയ്ക്കകത്ത് തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. യൂണിവേഴ്സിറ്റികളിലും തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. എയ്ഡഡ് കോളേജുകളിൽ തീരെ നടന്നില്ല. ഗവണ്മെന്റ് കോളേജുകളിൽ കഴിഞ്ഞ പ്രാവശ്യം തെരഞ്ഞെടുപ്പ് നടന്നു. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കുകയാണ്, കഴിഞ്ഞ പ്രാവശ്യം കേരളാ യൂണിവേഴ്സിറ്റിയിൽ യൂണിവേഴ്സിറ്റി യൂണിയൻ ഉണ്ടായോ, യഥാർത്ഥത്തിൽ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകമായ രാഷ്ട്രീയത്തെ നമ്മുടെ കലാലയങ്ങളിൽ നിന്ന് പരിപൂർണ്ണമായി ഒഴിവാക്കുക എന്നു പറയുന്ന ജനവിരുദ്ധമായ, ജനാധിപത്യ വിരുദ്ധമായിട്ടുള്ള യു.ഡി.എഫ്. ഗവണ്മെന്റിന്റെ നയഫലമായിട്ടാണ് കഴിഞ്ഞ കൊല്ലം യൂണിവേഴ്സിറ്റി യൂണിയൻ കേരളാ യൂണിവേഴ്സിറ്റികളിൽ ഉണ്ടാകാതെ പോയത്. യൂണിവേഴ്സിറ്റി യൂണിയൻ ഉണ്ടാകുന്നതിനെ സംബന്ധിച്ചിടത്തോളം നോമിനേറ്റഡ് സിൻഡിക്കേറ്റിന് എന്തെങ്കിലും ധാരണകളില്ല. യൂണിവേഴ്സിറ്റി ആക്ടിനകത്തും സ്റ്റാറ്റ്യൂട്ടിനകത്തും കോളേജ് യൂണിയൻ എങ്ങനെ വരണമെന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായിട്ട് വ്യവസ്ഥയില്ല. ഇൻഡ്യാ രാജ്യത്ത് ലോകോത്തരമായിട്ടുള്ള സർവ്വകലാശാലകളിലെല്ലാം തന്നെ വിദ്യാർത്ഥികൾ നേരിട്ട് തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുകയാണ്. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ അങ്ങനെയാണ്. ഹൈദ്രാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ അങ്ങനെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡെൽഹി യൂണിവേഴ്സിറ്റിയിൽ അങ്ങനെയാണ്. ഇവിടെ മാത്രം വിദ്യാർത്ഥികൾ രാഷ്ട്രീയത്തിൽ വന്നുകഴിഞ്ഞാൽ എല്ലാം ഇടിഞ്ഞുവീണുപോകുമെന്നുള്ള നിലപാടാണ്. അതല്ലേ നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്?

കെ. എസ്. യു. വും എം. എസ്. എഫ്. ഉം ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങൾക്ക് സീറ്റില്ലെന്നുള്ളതുകൊണ്ട് ഈ കാര്യങ്ങളെ സംബന്ധിച്ചെല്ലാം ജനാധിപത്യപരമായി ആലോചിക്കുന്ന പ്രസ്ഥാനങ്ങൾക്കാണ് ന്യായമായി തെരഞ്ഞെടുപ്പിൽ ജയിക്കാൻ കഴിയുക എന്നുള്ളതുകൊണ്ട് തെരഞ്ഞെടുപ്പേ വേണ്ടെന്നുള്ളതാണ്. എലിയെപ്പേടിച്ച് ഇല്ലം ചുടുക എന്നുപറയുന്ന ഒരു നിലപാടല്ലേ ഈ കാര്യങ്ങളിലെല്ലാംതന്നെ ഗവൺമെന്റ് സ്വീകരിക്കുന്നത്? അതിനനുസൃതമായിട്ടാണ് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന സെനറ്റുകളും സിൻഡിക്കേറ്റുകളും വേണ്ട എന്നുപറയുന്ന ഗവൺമെന്റിന്റെ സമീപനം. ഇവിടെ മാനേജുമെന്റിന് ഇഷ്ടമുള്ള ആളുകളെ തെരഞ്ഞെടുക്കാമെന്ന് കേരള ഹൈക്കോടതി പറഞ്ഞല്ലോ. അതുസംബന്ധിച്ച് എന്തെങ്കിലും ഒരു അപ്പീൽ നൽകാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നീക്കമുണ്ടോ? എം.ജി., കേരള യൂണിവേഴ്സിറ്റികളിൽ അൺഎയ്ഡഡ് മാനേജുമെന്റുകളിൽ തെരഞ്ഞെടുപ്പേ നടത്തിയിട്ടില്ല. ആ കാര്യങ്ങളിൽ ഇടപെടേണ്ടതുണ്ടെന്ന് ഈ ഗവൺമെന്റിന് തോന്നുന്നില്ല. യഥാർത്ഥത്തിൽ ഇവിടെ ഉണ്ടാക്കപ്പെട്ടിരിക്കുന്ന സിൻഡിക്കേറ്റ് എന്നുപറയുന്നത് വിദ്യാർത്ഥികളുടേതായിട്ടുള്ള ഈ അവകാശങ്ങളെ പരിപൂർണ്ണമായി നിഹനിക്കാൻ, വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശം ഇല്ലാതാക്കാനുള്ള ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സമീപനത്തെ പരിപൂർണ്ണമായി അംഗീകരിക്കുന്ന ഒന്നായി നിൽക്കുന്നതുകൊണ്ടാണ് അത് വീണ്ടും തുടരണമെന്ന് ഗവൺമെന്റ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി വന്നിരിക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ ഏതാണ്ട് മൂന്നര പതിറ്റാണ്ടുകാലമായി കൃത്യമായി നടക്കുന്ന ഒന്നാണല്ലോ നമ്മുടെ കേരള യൂണിവേഴ്സിറ്റികളിലെ കലോത്സവം. കലോത്സവത്തിന്റെ ഫലമായി കലാരംഗത്തുള്ള എല്ലാ പ്രതിഭകൾക്കും അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം മാത്രമല്ല കിട്ടുന്നത്. അവർക്ക് ഉപരിപഠനവുമായി ബന്ധപ്പെട്ടുകൊണ്ട് എഞ്ചിനീയറിംഗിനും മെഡിസിനു മൊക്കെതന്നെ റിസർവേഷനുണ്ട്. 5% ഗ്രേസ് മാർക്കുണ്ട്. സോണൽ മത്സരത്തിൽ 10% മാർക്കുണ്ട്. അതെല്ലാം ഈ കലാരംഗത്തും കായിക രംഗത്തുമെല്ലാമുള്ള പ്രതിഭകൾക്ക് ഈ ഗവൺമെന്റിന്റെ നയത്തിന്റെ ഫലമായി കഴിഞ്ഞകൊല്ലം നഷ്ടപ്പെട്ടിട്ടുണ്ടെന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇന്നത്തെ നിലയ്ക്കു പോയിക്കഴിഞ്ഞാൽ ഒരു കാരണവശാലും ഈ കൊല്ലത്തെ കലോത്സവം നടക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇടയില്ല. യഥാർത്ഥത്തിൽ എന്തുകൊണ്ട് ഇങ്ങനെ നോമിനേറ്റു ചെയ്യപ്പെട്ട സിൻഡിക്കേറ്റ് തുടരാൻ പാടില്ലെന്നുള്ളത് സ്ഥാപിക്കാൻവേണ്ടി വളരെയധികം കാര്യങ്ങൾ നമുക്കിന്ന് പറയാൻ കഴിയും. സിൻഡിക്കേറ്റിനകത്തുള്ള ആളുകളൊന്നും അക്കാഡമിക് തലത്തിലുള്ള ആളുകളല്ല. തങ്ങൾക്ക് ഇഷ്ടമുള്ള ആളുകളെ, തങ്ങളുടെ വരുതിയിൽ നിൽക്കുന്ന ആളുകളെയാണ് അതിനകത്തെല്ലാംതന്നെ നോമിനേറ്റു ചെയ്തിരിക്കുന്നത്. വിദ്യാഭ്യാസ വിദഗ്ദ്ധന്മാരെ ഒഴിവാക്കുകയാണ്. ഇവിടെ ഈ സ്ഥാപനങ്ങളിലെല്ലാമുള്ള Registered graduates-ന്റെ മണ്ഡലം— യഥാർത്ഥത്തിൽ ഒരു സ്ഥാപനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആളുകളാണല്ലോ അവിടെ പഠിച്ച് ഡിഗ്രി സമ്പാദിച്ച ആളുകൾ? അവരുടെ Registered graduates-ന്റെ മണ്ഡലം തന്നെ ഒഴിവാക്കാൻ വേണ്ടിയാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രമിക്കുന്നത്. അതിനുപറയുന്ന ഒരു കാരണമെന്താണ്? Registered graduates ആയിട്ടുള്ള ആളുകളുടെ എണ്ണം വളരെ കൂടുതലാണ്, അതുകൊണ്ട് ആ മണ്ഡലത്തിൽ വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കാൻ, തെരഞ്ഞെടുപ്പ് നടത്താൻ പ്രയാസമുണ്ടെന്നാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടെ, അങ്ങനെയാണെങ്കിൽ Post graduates ആയിട്ടുള്ള ആളുകൾ അത്രയേറെയില്ലല്ലോ. അവർക്ക് പ്രത്യേകം മണ്ഡലം ഏർപ്പെടുത്താൻ ഗവൺമെന്റ് സന്നദ്ധമാകുമോ? അപ്പോൾ യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത് അതല്ല, ഇവിടെ വിദ്യാഭ്യാസ രംഗത്ത് താത്പര്യമുള്ള ആളുകളെയെല്ലാം ഒഴിവാക്കിയിട്ട് തങ്ങൾക്ക് ഇഷ്ടപ്പെട്ട രാഷ്ട്രീയക്കാരെ പാർശ്വവർത്തികളെ അവരെയെല്ലാം തന്നെ വയ്ക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെയൊരു ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെ സിൻഡിക്കേറ്റ് നിലവിൽ വന്നിരിക്കുന്നതിന്റെ ഫലമായി ഉണ്ടായിരിക്കുന്ന ചില ഗൗരവകരമായ പ്രശ്നങ്ങൾ കൂടി ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താം. ഇത് എന്തുകൊണ്ട് പറ്റില്ലെന്നുപറയുമ്പോൾ അതിന് ന്യായീകരണം നമ്മൾ പറയേണ്ടതുണ്ടല്ലോ. ഇവിടെയിപ്പോൾ വളരെ അന്യായമായി കേരള സർവ്വകലാശാലയുടേയോ കാലിക്കട്ട് സർവ്വകലാശാലയുടേയോ ചരിത്രത്തിൽ ഒരിക്കലുമുണ്ടായിട്ടില്ലാത്ത അന്യായമായ തീരുമാനങ്ങളാണ് ഇവിടെ ഈ നോമിനേറ്റു ചെയ്യപ്പെട്ട സിൻഡിക്കേറ്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഞാൻ ചില ഉദാഹരണങ്ങൾ പറയാം. ഇപ്പോൾ കാലിക്കട്ട് യൂണിവേഴ്സിറ്റി തേഞ്ഞിപ്പാലം പഞ്ചായത്തിന് ഒന്നരയേക്കർ ഭൂമി ഷോപ്പിംഗ് കോംപ്ലക്സ് ഉണ്ടാക്കാൻവേണ്ടി കൊടുക്കാൻ തീരുമാനിച്ചു. നേരത്തേ കെൽട്രോണിനുവേണ്ടി കൊടുക്കാൻ ചോദിച്ചപ്പോൾ സമ്മതിക്കാത്തതാണ്. ഇപ്പോൾ സമ്മതിച്ചിരിക്കുന്നു. പക്ഷേ ഇപ്പോൾ ഇത്തരം തീരുമാനങ്ങൾ നടപ്പിലാക്കാൻ വേണ്ടിയാണ് ഈ പറയുന്ന Nominated body-യുടെ കാലാവധി വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

നീട്ടാൻവേണ്ടി തീരുമാനിക്കുന്നത്. നിയമപരമായി വളരെ അന്യായമായിട്ടാണ് അവിടെയെല്ലാം തൊഴിലാളികളെ എടുത്തുകൊണ്ടിരിക്കുന്നത്. കേരള യൂണിവേഴ്സിറ്റിയിൽ Last Grade Post-ന്റെ ലിസ്റ്റ് നേരത്തേ കാലഹരണപ്പെട്ടതാണ്. ആ ലിസ്റ്റിന് വീണ്ടും ജീവൻ വയ്പിച്ച് അതിൽ നിന്നും ആളുകളെ എടുക്കുകയാണ്. ഈ കാര്യങ്ങൾ തുടരാൻ വേണ്ടിയാണ് ഈ പറയുന്ന ആറുമാസക്കാലം കൂടി നീട്ടിക്കിട്ടണമെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത്. പുതിയ കോഴ്സുകൾ വ്യാപകമായി അനുവദിക്കുകയാണ്. അതുപോലെതന്നെ short term course-കൾ ഒരു നിയന്ത്രണവുമില്ലാതെ 100%-ഉം മാനേജുമെന്റുകൾ എടുക്കാൻവേണ്ടി കഴിയുന്ന രൂപത്തിൽ ഇഷ്ടംപോലെ ഈ സിൻഡിക്കേറ്റുകൾ അനുവദിക്കുകയാണ്. സ്വാശ്രയ മാനേജുമെന്റുകളെ പരിപൂർണ്ണമായി സഹായിക്കാനുള്ള നിലപാടുകളാണ് എടുത്തുകൊണ്ടിരിക്കുന്നത്. അതുപോലെ പുതിയ കോളേജുകൾക്ക് അനാവശ്യമായി, അന്യായമായി ഒരു സാധൂകരണവുമില്ലാതെ ഈ സിൻഡിക്കേറ്റെന്നു പറയുന്നവർ പെർമിഷൻ കൊടുക്കുകയാണ്. സാധാരണഗതിയിൽ പുതിയ കോളേജുകൾ കൊടുക്കുമ്പോൾ സിൻഡിക്കേറ്റിന്റെ അഫിലിയേഷൻ കമ്മിറ്റി പോയി പരിശോധിക്കണം. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടെ, ഇപ്പോൾ അംഗീകാരം കൊടുത്തിരിക്കുന്ന ഏതെങ്കിലും കോളേജുകൾക്ക് ഈ പറയുന്ന സിൻഡിക്കേറ്റിന്റെ അഫിലിയേഷൻ പോയി പരിശോധിച്ച് യുക്തമായ യോഗ്യതയോടുകൂടി കൊടുത്തുവെന്ന് പറയാൻ കഴിയുമോ? അത് പറയാൻ സാധിക്കുന്നതല്ല. അതുപോലെതന്നെ sel-financing college-കളിലെല്ലാം തന്നെ യോഗ്യതയില്ലാത്ത അധ്യാപകന്മാർ പഠിപ്പിക്കുകയാണ്. ഗവൺമെന്റ് കോളേജിലെ അധ്യാപകന്മാർപോലും അവിടെയെല്ലാംപോയി പഠിപ്പിക്കുന്ന കാഴ്ചയല്ലേ കാണാൻ കഴിയുക? ഇതിനെല്ലാം അംഗീകാരം കൊടുക്കാൻ വേണ്ടിയല്ലേ ഈ ആറുമാസക്കാലംകൂടി നീട്ടണമെന്നു പറഞ്ഞുകൊണ്ടിരിക്കുന്നത്? ഇപ്പോൾ Internal assessment-ന് sel-financing college-കൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? അതെല്ലാം കണ്ടില്ലെന്ന് നടിക്കുകയല്ലേ നിലവിലുള്ള സിൻഡിക്കേറ്റ് ചെയ്യുന്നത്? യഥാർത്ഥത്തിൽ യോഗ്യതയില്ലാത്ത ആളുകൾക്ക് ഇഷ്ടംപോലെ മാർക്ക് കൊടുക്കാൻവേണ്ടി internal assessment അടക്കമുള്ള കാര്യങ്ങൾ നടക്കുമ്പോൾ സിൻഡിക്കേറ്റ് അതിനെല്ലാംതന്നെ മൗനാനുവാദം നൽകുകയാണ്. ഞാൻ ഒരുകാര്യം ശ്രദ്ധയിൽപ്പെടുത്താം. എറണാകുളത്ത് സെന്റ് ആൽബർട്ട്സ് കോളേജിൽ, സ്വകാര്യ മാനേജ്മെന്റിന്റെ സമയംതന്നെ മാറ്റാൻവേണ്ടിയല്ലേ അവർ തീരുമാനിച്ചത്? അവിടുത്തെ സാധാരണ അദ്ധ്യയന സമയം എന്നുപറയുന്നത് 9.30 മുതൽ 3.30 വരെയാണ്. ഇപ്പോൾ ഒരുമണിവരെയായി അദ്ധ്യയനസമയം മാറ്റിയിരിക്കുന്നു. എന്തിനുവേണ്ടിയാണെന്ന് അറിയാമോ? മാറ്റത്തിനുവേണ്ടിയല്ല, അവിടെ സ്വകാര്യ വിദ്യാഭ്യാസ ഏജൻസികളുടെ short term course-കൾ നടത്താൻ അനുവാദം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻ വേണ്ടിയാണ്. ഈ വിഷയം സംബന്ധിച്ച് സിൻഡിക്കേറ്റിന് പരാതി കൊടുത്തു. സിൻഡിക്കേറ്റ് ഈ കാര്യം അന്വേഷിക്കുന്നില്ല. ഇങ്ങനെയുള്ള സിൻഡിക്കേറ്റിനെ തുടർച്ചയായി വാഴിക്കാൻ വേണ്ടിയാണ് ഈ പറയുന്ന കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ആലുവ യു. സി. കോളേജിൽ നിലവിലുള്ള സ്വാശ്രയ കോളേജിൽ ബി.എഡ്. ട്രെയിനിംഗിനുവേണ്ടിയൊക്കെ കോഴ്സ് കൊടുത്തു. യഥാർത്ഥത്തിൽ അവിടെ സ്ഥാപനമേയ്യില്ല. അവിടെ അനുവദിക്കാൻ സ്ഥലവുമില്ല. പക്ഷേ അനുവദിച്ചിരിക്കുന്നു. സിൻഡിക്കേറ്റിന്റെ മൗനാനുവാദത്തോടു കൂടിയാണ് കാര്യങ്ങൾ വന്നിരിക്കുന്നത്. എയ്ഡഡ് കോളേജുകൾ ലീസിന് കൊടുത്തിരിക്കുന്ന എല്ലാ ഭൂമിയും ഇപ്പോൾ സെന്റിന് 100 രൂപവച്ച് അതെല്ലാം സ്വകാര്യ മാനേജുമെന്റുകൾക്ക് പതിച്ചുകൊടുക്കാൻ വേണ്ടി തീരുമാനമെടുത്തിരിക്കുന്നു. ഇതിന് പരിപൂർണ്ണമായി സഹായകരമായ നിലപാടാണ് നിലവിലുള്ള സിൻഡിക്കേറ്റുകൾ എടുത്തുകൊണ്ടിരിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ centralized valuation-നു വേണ്ടി തീരുമാനിച്ചതാണ്. അങ്ങനെ തീരുമാനിച്ച കാര്യത്തെ പൂർണ്ണമായി ഇല്ലാതാക്കാൻ പറ്റുന്ന രൂപത്തിൽ പരീക്ഷയിൽ കൃത്രിമം നടത്താൻ വേണ്ടി കഴിയാവുന്ന തീരുമാനങ്ങളാണ് സിൻഡിക്കേറ്റിന്റെ പിൻബലത്തോടുകൂടി എടുത്തുകൊണ്ടിരിക്കുന്നത്. False number system എന്നു പറയുന്നതാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടേ, ഇപ്പോൾ പരീക്ഷയിൽ false number വേണ്ടെന്ന് തീരുമാനിക്കാൻ എന്താണ് കാരണം? സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽ ആ കാര്യം പെടുത്തിയിട്ട് അത് അന്വേഷിക്കാനോ ആലോചിക്കാനോ എന്തുകൊണ്ട് സിൻഡിക്കേറ്റ് സന്നദ്ധമാകുന്നില്ല? അപ്പോൾ യഥാർത്ഥത്തിൽ ഇവിടെ സ്വകാര്യ മാനേജുമെന്റുകളുടെ നീക്കങ്ങളെ പരിപൂർണ്ണമായി സഹായിക്കാൻ വേണ്ടിയുള്ള നിലപാടുമായി പോകുന്ന സിൻഡിക്കേറ്റിനെ സംരക്ഷിക്കാനാണ് ശ്രമിക്കുന്നത്. ഇപ്പോൾ കാലടി സംസ്കൃത സർവ്വകലാശാലയിൽ ആകെ 1600 കുട്ടികളേയുള്ളൂ. ആ 1600 കുട്ടികളുള്ള സ്ഥാപനത്തിൽ 186 അധ്യാപകന്മാരുണ്ട്. ഇപ്പോൾ പുതുതായി 187 അധ്യാപകന്മാരെക്കൂടി നിയമിക്കാൻവേണ്ടി തീരുമാനിക്കുകയാണ്. ഈ തരത്തിൽ സിൻഡിക്കേറ്റ് അതിനെ പരിപൂർണ്ണമായി സഹായിക്കുകയാണ്. 310 അനധ്യാപകരെ നിയമിക്കാൻ വേണ്ടി തീരുമാനിക്കുകയാണ്. ഒരു മാനദണ്ഡവുമില്ലാതെ തങ്ങൾക്ക് ഇഷ്ടപ്പെട്ട ആളുകളെ ആ സർവ്വകലാശാലയിൽ നിയമിക്കാൻവേണ്ടി ഈ സിൻഡിക്കേറ്റ് പൂർണമായ നിലയിൽ അതിനാവശ്യമായ ഒത്താശയൊക്കെ ചെയ്യുകയാണ്. ഇതെല്ലാം ചെയ്യുന്നതിനു വേണ്ടിയല്ലാതെ വിദ്യാഭ്യാസ മേഖലയിലുള്ള പ്രയാസം പരിഹരിക്കാനൊന്നുമല്ല അവർ നോക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അന്യായമായ കാര്യങ്ങൾക്ക് വരുന്ന 6 മാസക്കാലത്തേക്കും പിന്നെ പറ്റുമെങ്കിൽ പിന്നീടുള്ള 6 മാസക്കാലത്തേക്കും തുടരാൻ ഒരു മാൻഡേറ്റാണ് ഈ സഭയിൽ നിന്നും യഥാർത്ഥത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി ചോദിക്കുന്നത്. അത് ഒരു കാരണവശാലും അനുവദിക്കാൻ കഴിയുന്നതല്ല എന്നുപറയാനുള്ള കാരണം അതാണ്. ഇപ്പോൾ എം. ജി. സർവ്വകലാശാലയിൽ താൽക്കാലികമായി അധ്യാപകർ പ്രവർത്തിക്കുന്നുണ്ട്. അവരെ യു. ജി. സി. ശമ്പള സ്കെയിലിൽ സ്ഥിരപ്പെടുത്താൻ വേണ്ടി ഇപ്പോൾ സിൻഡിക്കേറ്റ് തീരുമാനിച്ചല്ലോ. തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റാണെങ്കിൽ അങ്ങനെ തീരുമാനിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ കഴിയുമോ? ഈ സിൻഡിക്കേറ്റ് എന്തുകാര്യങ്ങളും ചെയ്തുതരും എന്നുള്ളതുകൊണ്ടാണ് ഇങ്ങനെയൊരു നിലപാടെടുക്കാൻ മുന്നോട്ടുവരുന്നത്. ഇവിടെ തിരുവനന്തപുരത്ത് കേരള സർവ്വകലാശാലയുടെ അസിസ്റ്റന്റ് ഗ്രേഡ് പരീക്ഷ നടന്നു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടെ, ഒരു ഗവൺമെന്റിന് ഭൂഷണമായ നിലയ്ക്കാണോ ആ കാര്യങ്ങളിലെല്ലാം ഗവൺമെന്റ് നിലപാട് സ്വീകരിക്കുന്നത്? പരീക്ഷാ കേന്ദ്രങ്ങളിൽ വന്നിരുന്ന മുഴുവൻ ആളുകൾക്കും കാണാൻ കഴിഞ്ഞതെന്താണ്? അവിടെ പരീക്ഷാ പേപ്പർ പൊട്ടിച്ചല്ലേ കൊടുത്തിരുന്നത്? വിദ്യാർത്ഥികളുടെ ശക്തമായ എതിർപ്പുവന്നു. മൂന്നുതവണ പരീക്ഷ മാറ്റിവച്ചു എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയില്ലേ? അന്യായമായി നടത്തിയ പരീക്ഷയുടെ ഉത്തരവാദപ്പെട്ട ആളുകൾ, നിങ്ങൾക്കെല്ലാം അറിയുന്നപോലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ആളായിരുന്ന കബീർകുട്ടിയായിരുന്നു എന്നുള്ള കാര്യം ആർക്കാണ് അറിയാതിരുന്നത്? ആ പരീക്ഷ സംബന്ധിച്ചുള്ള ആക്ഷേപം നിലനിൽക്കുകയാണ്. അപ്പോൾ ഇങ്ങനെയെല്ലാമുള്ള അന്യായമായ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഒരു ആറുമാസക്കാലംകൂടി അനുമതി വേണമെന്നുപറയുന്ന നിലപാടാണ് യഥാർത്ഥത്തിൽ ഈ വിഷയത്തിൽ എടുത്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ തിരുവനന്തപുരത്ത് മേരിമാതാ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ചോദ്യപേപ്പർ ചോർത്തിയിട്ട് വിദ്യാർത്ഥികൾക്ക് കോപ്പിയടിക്കാൻവേണ്ടി നോട്ട് തയ്യാറാക്കി. പത്രവാർത്ത വന്നില്ലേ? വളരെ ഗൗരവമായ ആക്ഷേപങ്ങൾ ഉന്നയിക്കപ്പെട്ടതല്ലേ? നിലവിലുള്ള സിൻഡിക്കേറ്റ് ഈ കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യാൻപോലും തയ്യാറായെന്ന് പറയാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ? അപ്പോൾ യഥാർത്ഥത്തിൽ വളരെ അന്യായമായി കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ഒരുകാലത്തുമുണ്ടായിട്ടില്ലാത്ത അവസ്ഥയിലേക്ക് എത്തിക്കാനുള്ള നീക്കങ്ങൾക്ക് എല്ലാ നിലയ്ക്കുമുള്ള ഒത്താശ ചെയ്യുന്നുവെന്നുള്ളതാണ് നോമിനേറ്റഡ് സിൻഡിക്കേറ്റിന്റെ പ്രധാനപ്പെട്ട യോഗ്യത എന്നുള്ളത് നമുക്ക് മനസ്സിലാക്കാൻ സാധിക്കേണ്ടതാണ്. School of Medical Education-ൽ ഒരു പ്രത്യേക

മേഖലയ്ക്കകത്തുള്ള വിദ്യാർത്ഥികൾക്ക് 15% വെയിറ്റേജ് അനുവദിച്ചുകൊണ്ട് എം.ജി. സർവ്വകലാശാല ഒരു ഉത്തരവ് ഇറക്കിയത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടില്ലേ? തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റാണുണ്ടായതെങ്കിൽ അങ്ങനെയൊരു നിലപാട് എപ്പോഴെങ്കിലും സ്വീകരിക്കുമായിരുന്നോ? സ്വീകരിക്കുമെന്നുപറയാൻ കഴിയില്ല. എം. ജി. സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് അതിന്റെ ചരിത്രത്തിൽ ഒരിക്കലുമുണ്ടായിട്ടില്ലാത്ത ചില തീരുമാനങ്ങൾ എടുത്തിരിക്കുന്നു. കടുത്ത ധൂർത്താണ് നടക്കുന്നത്. എം. ജി. സർവ്വകലാശാല എല്ലാ സിൻഡിക്കേറ്റ് അംഗങ്ങൾക്കും എ. സി. അമ്പാസിഡർ കാർ കൊടുക്കാൻ തീരുമാനിച്ചു. വിദ്യാഭ്യാസ ആവശ്യത്തിനുവേണ്ടിയാണോ ഇത്? അതുപോലെതന്നെ അവിടെ വി. സി. ക്കും പി. വി. സി. ക്കും ലാൻസർ, ഫോർഡ് ഐക്കണ് കാറുകൾ വാങ്ങിയിട്ടുണ്ട്. അത് വിദ്യാഭ്യാസ ആവശ്യത്തിനുവേണ്ടിയാണെന്ന് പറയാൻ കഴിയുമോ?

സിൻഡിക്കേറ്റ് അംഗങ്ങൾക്ക് യാത്രാബത്ത മുൻകാല പ്രാബല്യത്തോടുകൂടി അനുവദിച്ചു. ഇതു നേരത്തെ കി. മീറ്ററിന് രണ്ടു രൂപയായിരുന്നു. അതിപ്പോൾ ഏഴു രൂപയാക്കി ഉയർത്താൻ തീരുമാനിച്ചു. എല്ലാ സിൻഡിക്കേറ്റ് അംഗങ്ങൾക്കും മൊബൈൽ ഫോൺ കൊടുക്കാൻ തീരുമാനിച്ചു. ട്രെയിനിൽ ഫസ്റ്റ് ക്ലാസ്സ് എ.സി. സൗകര്യം കൊടുക്കാൻ തീരുമാനിച്ചു. അവിടെയെല്ലാം സിൻഡിക്കേറ്റ് അംഗങ്ങൾക്ക് ആനുകൂലമായി കാര്യങ്ങൾ ചെയ്യുമ്പോൾ, അവർക്കാവശ്യമായ എല്ലാ കാര്യങ്ങൾക്കും കൂട്ടു നിൽക്കുന്നു. ഇതൊരു പരസ്പര സഹായ സഹകരണസംഘമാണ്. ഗവൺമെന്റും ഈ നോമിനേറ്റഡ് സിൻഡിക്കേറ്റും ചേർന്ന് കേരളത്തിലെ വിദ്യാഭ്യാസ മേഖലയ്ക്കകത്ത്, ഒരു കാരണവശാലും നടക്കാൻ പാടില്ലാത്ത അന്യായങ്ങൾക്ക്, ഈ സഭയുടെ പിൻബലം വേണമെന്നുപറഞ്ഞു കൊണ്ടുള്ളതാണ് മന്ത്രിയുടെ ഈ ബിൽ എന്നുള്ളതുകൊണ്ടാണ് ഒരു കാരണവശാലും ഇതു അംഗീകരിക്കാനാവില്ല എന്നുള്ള നിലപാട് ഞങ്ങൾ എടുക്കുന്നത്. ഇപ്പോൾ സെൽഫ് ഫിനാൻസിംഗ് കോളേജുകളെ സംബന്ധിച്ചു പറഞ്ഞല്ലോ. സെൽഫ് ഫിനാൻസിംഗിനെ സംബന്ധിച്ചുള്ള താത്വികമായ കാര്യം അവിടെ നിൽക്കട്ടെ. സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ആരംഭിക്കുമ്പോൾ അവിടെ മിനിമം റിക്വയർമെന്റ്സ് ഉണ്ടെന്നു ഉറപ്പു വരുത്തേണ്ടതാരാണ്? സിൻഡിക്കേറ്റിന് അതിനുള്ള ബാദ്ധ്യതയില്ലേ? പിന്നിട്ടു പോയ ആറു മാസക്കാലം തങ്ങൾക്കു താല്പര്യമുള്ള സ്ഥാപനങ്ങളിൽ, അങ്ങനെ എന്തെങ്കിലും ഒരു നിലപാടു സിൻഡിക്കേറ്റ് സ്വീകരിച്ചിട്ടുണ്ടെന്നു പറയാൻ സാധിക്കുമോ? സാധിക്കുന്നതല്ല. മിനിമം റിക്വയർമെന്റ്സിനെ സംബന്ധിച്ച് പരിശോധിച്ചാൽ ഈ സ്ഥാപനങ്ങളിൽ എസ്.സി/എസ്.ടി. റിസർവ്വേഷൻ ഇല്ലെന്നുള്ള കാര്യം ഞാൻ പ്രത്യേകിച്ചു പറയേണ്ട കാര്യം ഇല്ലല്ലോ? എന്നു മാത്രമല്ല ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

എയ്ഡഡ് ആയിട്ടുള്ള കോളേജുകളിലുള്ള സെൽഫ് ഫിനാൻസിംഗ് കോഴ്സുകളെക്കുറിച്ചു ഇവിടെ പറഞ്ഞല്ലോ. എസ്.സി./എസ്.ടി. ക്കു വലിയ പ്രാമുഖ്യം ഉണ്ട്. അൺ എയ്ഡഡ് ആയിട്ടുള്ള കോളേജുകളിൽ നിലവിലുള്ള സ്റ്റുഡന്റ്സിനു ഫീസ് ഇളവ് കിട്ടുന്നില്ല. ഫീസിളവ് സ്വാശ്രയ സ്ഥാപനങ്ങളിൽ മാത്രമായിട്ടാണ് ഉത്തരവു വന്നിരിക്കുന്നത്. സ്വാശ്രയ കോഴ്സുകൾക്കുള്ള ഉത്തരവ് വന്നിട്ടില്ല. അതുകൊണ്ട് തന്നെ അൺ എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ച് എസ്.സി./എസ്.ടി. യിൽപ്പെട്ട കുട്ടികൾക്ക് ഫീസിളവ് ലഭിക്കുന്നില്ല. അതു പരിഹരിക്കാൻ വേണ്ടി എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. എത്ര അന്യായമായിട്ടാണ് ഇവിടെ കോഴ്സുകൾ അനുവദിക്കുന്നത്. മാന്നാനം കെ. ഇ. കോളേജിൽ സുവിശേഷത്തിനല്ലേ കോഴ്സുകൾ ആരംഭിച്ചത്? കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് എപ്പോഴെങ്കിലും ഇങ്ങനെയൊരു നില ഉണ്ടായി എന്നു പറയാൻ കഴിയുമോ? ഞങ്ങളുടെ നാട്ടിൽ കാലടി സംസ്കൃത സർവ്വകലാശാലയുടെ ഭാഗമായി, പയ്യന്നൂർ കോളേജിൽ ജ്യോതിഷത്തിനാണ് കോഴ്സുകൾ കൊടുക്കാൻ തീരുമാനിച്ചത്. വിദ്യാഭ്യാസ രംഗത്ത് ഒരുപാടു മുന്നേറിയ ഈ കേരളത്തിൽ, എത്ര പിൻതിരിപ്പൻ ആശയങ്ങളെയാണ് വിദ്യാഭ്യാസ മേഖലയിൽ കടത്തിവിടാൻ ശ്രമിക്കുന്നത് എന്ന് ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീറിന് ആലോചിക്കാൻ കഴിയണം. അല്ലെങ്കിൽ ചരിത്രം നിങ്ങൾക്കു മാപ്പു തരാൻ പോകുന്നില്ല.

ശ്രീ. സാജുപോൾ: ഇവിടെ മുസ്ലീം ക്രൈസ്തവ സമുദായങ്ങളെല്ലാം ഭാരതീയ പൈതൃകങ്ങളേയും പാരമ്പര്യങ്ങളേയും സ്വാംശീകരിക്കുകയും അതുമായി ഇഴുകി ചേരുകയും ചെയ്തിട്ടുള്ള ചരിത്രം നമുക്കറിയാം. ഒരു നിലവിളക്ക് കൊളുത്താൻ തയ്യാറാകാത്ത ബഹുമാന്യനായ മുസ്ലീം ലീഗ് നേതാക്കന്മാർ, ഒരിക്കൽ ഒരു പൊട്ടു തൊട്ടതിന്റെ പേരിൽ കേരളമാകെ ഇളക്കി മറിച്ചു. വിവാദത്തിൽപ്പെട്ട ബഹുമാന്യനായ ശ്രീ. ചെർക്കളം അബ്ദുള്ള ഇവിടെ ഇരിക്കുമ്പോൾ, അങ്ങനെയുള്ള വൈരുദ്ധ്യം പ്രകടിപ്പിച്ച ആളുകൾ തന്നെയാണ് ജ്യോതിഷത്തിന് മഹത്വം കൽപിച്ചുകൊണ്ട്, ഈ പുരോഗമന കാലഘട്ടത്തിൽ ഏറ്റവും ആധുനികമായ യുഗത്തിൽ നമ്മൾ ഐ.ടി. യും ബി. ടി. യും ഒക്കെ കഴിഞ്ഞു നാനോ ടെക്നോളജി യുഗത്തിലാണ് നിൽക്കുന്നത്. അങ്ങനെയുള്ള ഒരു കാലഘട്ടത്തിലാണ് ഇത്തരത്തിലുള്ള അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും പ്രോൽസാഹിപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇടവരുത്തുന്ന ജ്യോതിഷത്തിനുള്ള കോഴ്സ് അനുവദിച്ചതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഇതു തന്നെയാണ് ഞാൻ പറഞ്ഞു കൊണ്ടിരിക്കുന്നത്. കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് എന്തോ മഹാകാര്യം ചെയ്യുകയാണെന്നു ഒരു ഭാഗത്തു പറയുകയും മറുഭാഗത്ത് കേരളീയ വിദ്യാഭ്യാസത്തെ എത്രയോ കാതങ്ങൾ പുറകോട്ടു പിടിച്ചു വലിക്കുന്ന ജനവിരുദ്ധമായ ഒരു നിലപാടാണ് ഈ വിഷയത്തിൽ ഐക്യജനാധിപത്യ മുന്നണി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വിവര സാങ്കേതിക മേഖലയിലെല്ലാം വന്നു കൊണ്ടിരിക്കുന്ന വിപുലമായ വികസനത്തെ നമുക്ക് കാണാനാകുന്നില്ല. നമ്മുടെ Cyber law - യെ സംബന്ധിച്ച് അതുപോലെ Patent Act - മായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് Intellectual Property Right - മായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചൊന്നും നമുക്ക് ആലോചിക്കാനാവുന്നില്ല. എന്നു പറയുന്ന അതേ മന്ത്രി തന്നെയാണ് സുവിശേഷത്തിനും ജ്യോതിഷത്തിനും, എത്രയോ കാലങ്ങൾക്കു മുമ്പ് അശാസ്ത്രീയമാണെന്ന് ലോകമാകെത്തന്നെ തെളിയിച്ചിട്ടുള്ള അന്യായമായ കാര്യങ്ങളെല്ലാം പഠിപ്പിക്കാൻ വേണ്ടി, അതിനാവശ്യമായ ധാർമ്മികവും നയപരവുമായിട്ടുള്ള പിന്തുണ കൊടുത്തുകൊണ്ടിരിക്കുന്നത് എന്നുള്ളത് കാണാതിരിക്കാൻ കഴിയില്ല.

ശ്രീ. പി. ജെ. ജോയി: ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയുടെ പയ്യന്നൂർ സെന്ററിൽ, ജ്യോതിഷം കോഴ്സ് തുടങ്ങാൻ ആവശ്യപ്പെട്ടത് മാർക്സിസ്റ്റു പാർട്ടിയോട് ആഭിമുഖ്യമുള്ള അധ്യാപക സംഘടനയാണെന്നുള്ള കാര്യം മാഷിനറിയാമോ? അതിനാവശ്യമായ കടലാസ്സുകൾ ഹാജരാക്കാം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: വസ്തുതകളുമായി ഒരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം പറയുന്നത്. യഥാർത്ഥത്തിൽ അതിനെതിരായിട്ടുള്ള ശക്തമായ സമരത്തിൽ അവിടെയുള്ള അധ്യാപക സംഘടനകളും വിദ്യാർത്ഥി സംഘടനകളും പങ്കെടുത്തു എന്നുള്ളതുകൊണ്ടാണ് താൽക്കാലികമായിട്ടെങ്കിലും ആ തീരുമാനം പിൻവലിക്കാൻ കഴിഞ്ഞത്.

മി. സ്പീക്കർ: പുതിയ മെമ്പറോട് ഒരു ഉപദേശം. എത്ര സമയം സംസാരിച്ചു എന്നുള്ളതല്ല, എങ്ങനെ ക്ളിപ്തമായി ചിട്ടയോടുകൂടി സംസാരിക്കുന്നു എന്നതാണ് വലിയ കാര്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ അല്ലാതെ മറ്റൊന്നും ഞാൻ പറഞ്ഞിട്ടില്ല എന്നാണ് ഞാൻ വിചാരിക്കുന്നത്. ആറു മാസക്കാലം കൂടി സിൻഡിക്കേറ്റിന് അധികാരം നീട്ടിക്കൊടുക്കാൻ പാടില്ലാത്തതാണെന്നുള്ള കാര്യം കേരളത്തിലെ ജനങ്ങൾ ഹൃദയം തൊട്ട് അറിയുന്ന ഒരു വിഷയമാണ്. അതു ബഹുമാനപ്പെട്ട മന്ത്രി വിചാരിക്കുന്നതുപോലെ വളരെ ലളിതമായിട്ടുള്ള ഒരു ഭേദഗതിയുടെ വിഷയമല്ല. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് അനാരോഗ്യകരമായി നിങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കൊടിയ അന്യായങ്ങളെ ചെറുക്കാനുള്ള കേരളത്തിന്റെ മന:സാക്ഷിയാണ് യഥാർത്ഥത്തിൽ ഈ ബില്ലിനെ എതിർക്കുന്നതിലൂടെ ഞങ്ങൾ പ്രകടിപ്പിക്കുന്നത്. ഡീംഡ് യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. യഥാർത്ഥത്തിൽ ഡീംഡ് യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് ഗവൺമെന്റിന് ഒരു നിയന്ത്രണവുമില്ല എന്ന് ഇവിടെ മന്ത്രി തന്നെ നേരത്തെ വിലപിച്ചുവല്ലോ. ഇന്നത്തെ സാഹചര്യത്തിൽ ഡീംഡ് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്രഗവൺമെന്റ് കൈകാര്യം ചെയ്യേണ്ടതാണെന്ന കാര്യത്തെ സംബന്ധിച്ച് തർക്കമില്ലാത്തതാണ്. എന്നാൽ ഡീംഡ് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ഇത്തരമൊരു പശ്ചാത്തലം നിലനിൽക്കുമ്പോൾ, കേരളത്തിനകത്ത് ഏതെങ്കിലുമൊരു യൂണിവേഴ്സിറ്റി ഡീംഡ് യൂണിവേഴ്സിറ്റി ആവേണ്ടതില്ല എന്ന് സംസ്ഥാന ഗവൺമെന്റിന് കർശനമായി തീരുമാനിക്കാൻ കഴിയും. അതിനാവശ്യമായ നിലപാടുകൾ എടുക്കാൻ കഴിയും. അമൃതാ കോളേജിനെ സംബന്ധിച്ച് നമുക്കൊരു നിയന്ത്രണവുമില്ല എന്നുള്ള കാര്യം അറിയാമല്ലോ. അങ്ങനെ അറിയുന്ന സമയത്തു തന്നെയാണ്, പുഷ്പഗിരി കോളേജുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ഡീംഡ് യൂണിവേഴ്സിറ്റിയുടെ പദവി നൽകാനുള്ള തീരുമാനവുമായിട്ട്, അതിനുള്ള ശ്രമവുമായിട്ട് മുന്നോട്ടു പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നാണല്ലോ എം.ജി. സർവ്വകലാശാലയുടെ വി.സി.ക്ക് പുഷ്പഗിരി കോളേജിനെ ഡീംഡ് സർവ്വകലാശാലയാക്കി മാറ്റാനുള്ള നിർദ്ദേശത്തിന്റെ ആദ്യത്തെ കടലാസ്സ് പോയിരിക്കുന്നത്. എന്തെങ്കിലും ന്യായമായിട്ടുള്ള ഒരു അംഗീകാരത്തിന്റെ ഭാഗമായിട്ടാണ് പുഷ്പഗിരി കോളേജിന് ഡീംഡ് യൂണിവേഴ്സിറ്റിയുടെ പദവി നൽകാൻ പോകുന്നതെന്ന് പറയാൻ കഴിയുമോ? ഒരു സ്ഥാപനത്തിന് ഡീംഡ് യൂണിവേഴ്സിറ്റി പദവി കൊടുക്കണമെങ്കിൽ ഒരു ദശവർഷക്കാലത്തെ സേവനമെങ്കിലും പൂർത്തിയാക്കാൻ അവർക്ക് കഴിഞ്ഞിരിക്കണം. അക്കാഡമിക് രംഗത്ത് എന്തെങ്കിലും മികവ് ആ സ്ഥാപനത്തിനുണ്ടായിരിക്കണം. ഞാൻ ചോദിക്കട്ടെ, പുഷ്പഗിരി കോളേജിന് അങ്ങനെ എന്തെങ്കിലും ഒരു മികവുണ്ടെന്ന് പറയാൻ കഴിയുമോ? ആ സ്ഥാപനത്തിന്റെ ഒന്നാമത്തെ ബാച്ച് എപ്പോഴാണ്

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചത്. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാത്തതല്ല. 2002-ലാണ് അവിടത്തെ ഒന്നാമത്തെ ബാച്ച് ആരംഭിച്ചത്. ഒന്നാമത്തെ ബാച്ചിന്റെ രണ്ടാമത്തെ സെമസ്റ്ററിൽ അവിടെ ഉണ്ടായിട്ടുള്ള ഗൗരവതരമായ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടാത്തതല്ല. 75 ശതമാനം വിദ്യാർത്ഥികൾ പ്രാക്ടിക്കലിനു തോറ്റു. മിനിമം 50 മാർക്കെങ്കിലും ഉണ്ടെങ്കിൽ മാത്രമേ പ്രാക്ടിക്കലിനു ജയിക്കാൻ കഴിയൂ. ആ മിനിമം മാർക്കിൽ കൃത്രിമം ഉണ്ടാക്കി, 50 ശതമാനം മാർക്കിൽ കുറവുള്ള വിദ്യാർത്ഥികൾക്ക് വിജയിക്കാൻ കഴിയത്തക്ക നിലയിൽ, ഉത്തരവാദപ്പെട്ട ആളുകളെയൊക്കെ സ്വാധീനിച്ച്, ആ കോളേജ് നടത്തിയ നീക്കങ്ങൾ ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാത്തതാണോ? വ്യക്തമായ നിലയിൽ എതിർപ്പു വന്നതിനെ തുടർന്നല്ലേ ആ ശ്രമത്തിൽ നിന്നും അന്ന് ആ കോളേജ് പിന്നോട്ടു പോയത്. പരീക്ഷാ കൃത്രിമംപോലും നടത്താൻ ഒരു മടിയുമില്ല എന്നു വ്യക്തമായിട്ടുള്ള, സംസ്ഥാന ഗവൺമെന്റിന്റെ വിദ്യാഭ്യാസ താല്പര്യങ്ങളെ ഒരു കാരണവശാലും പരിരക്ഷിക്കില്ല എന്നു ധിക്കാരത്തോടുകൂടി പ്രസ്താവിക്കുന്ന, വിദ്യാഭ്യാസ രംഗത്തുള്ള വരേണ്യവൽക്കരണത്തിന്റെ മകുടോദാഹരണമായി പറയാൻ കഴിയുന്ന, ആ പ്രസ്ഥാനത്തെ ഡീംഡ് യൂണിവേഴ്സിറ്റിയാക്കാൻ, സ്വയം ആകുന്നതല്ല,—നമ്മുടെ സംസ്ഥാന ഗവൺമെന്റും വിദ്യാഭ്യാസ വകുപ്പുമുൾപ്പെടെ അതിനു പരിപൂർണ്ണമായ സഹായം നൽകുന്നു എന്നു പറഞ്ഞാൽ—നാണക്കേടേ നിന്റെ പേരോ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് എന്ന് ആരെങ്കിലും ചോദിച്ചാൽ അവരെ കുറ്റപ്പെടുത്താൻ ആവില്ലെന്നു മാത്രമേ എനിക്കു ബഹുമാനപ്പെട്ട മന്ത്രിയോടു പറയാനുള്ളൂ. യഥാർത്ഥത്തിൽ ഐ.എം.സി. നോംസ് പൂർണ്ണമായും വയലേറ്റു ചെയ്തുകൊണ്ട്, ഈ പരീക്ഷാ സമ്പ്രദായത്തേയും പരീക്ഷയുടെ റിസൾട്ടിനെപ്പോലും സ്വാധീനിക്കാനുള്ള നിക്കങ്ങളാണ് ആ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതിനെയൊന്നും ഒരു കാരണവശാലും തടയില്ല എന്ന നിലപാടാണ് നിർഭാഗ്യവശാൽ നോമിനേറ്റഡ് സിൻഡിക്കേറ്റ് എടുക്കുന്നത്. ഈ നോമിനേറ്റഡ് സിൻഡിക്കേറ്റിന് അവരുടെ കാലാവധി നീട്ടിക്കൊടുക്കുന്നത്, നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്ത്, കേരളത്തിന്റെ പാരമ്പര്യങ്ങളെ ഒരു കാരണവശാലും സംരക്ഷിക്കാൻ സഹായകമാകുന്ന ഒന്നല്ല എന്നുള്ളതാണ് ആ വിഷയം സംബന്ധിച്ച് പറയാനുള്ളത്. ഇപ്പോൾ തെരഞ്ഞെടുപ്പു നടത്തുന്നതിനുള്ള പ്രയാസകരമായ ഒരു സാഹചര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചല്ലോ. അതു മറ്റൊന്നും കൊണ്ടല്ല. അൺ എയിഡഡ് അധ്യാപകർക്ക് സെനറ്റിൽ പ്രാതിനിധ്യം ഉണ്ടാക്കാനുള്ള ശ്രമത്തിന്റെ ഫലമായിട്ടാണ് തെരഞ്ഞെടുപ്പ് പ്രക്രിയ വൈകിപ്പോകുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിക്കട്ടെ, ഈ അൺ എയ്ഡഡ് അധ്യാപകരുടെ നിലവാരം എന്താണ്? ബഹുമാനപ്പെട്ട മന്ത്രിക്കറിയില്ല. നിരവധി ആളുകൾ റിട്ടയേർഡ്

LIBRARY ARCHIVES Kerala Legislative Assembly

അധ്യാപകരാണ്. നിരവധി ആളുകൾ നിശ്ചിതമായ യോഗ്യതയില്ലാത്ത ആളുകളാണ്. ഇങ്ങനെ യോഗ്യതയില്ലാത്ത, റിട്ടയർ ചെയ്ത ആളുകൾക്ക് ഒരു പ്രത്യേക ശമ്പളം വേണമെന്ന് ആർക്കാണ് വാശി? അക്കാര്യത്തിലുള്ള ഗവൺമെന്റിന്റെ നിലപാടു വ്യക്തമാക്കാമോ? അൺ എയ്ഡഡ് കോളേജുകളിലുള്ള അധ്യാപകർക്ക് പ്രത്യേകം മണ്ഡലം വേണ്ട എന്നുള്ള നിലപാടെടുക്കാൻ വേണ്ട ധൈര്യം ഗവൺമെന്റ് കാണിക്കുമോ? കാണിക്കാൻ പോകുന്നില്ല. ഇങ്ങനെ റിട്ടയർ ചെയ്ത അധ്യാപകരടക്കമുള്ള ആളുകൾക്ക് സിൻഡിക്കേറ്റിനകത്ത് പ്രവേശനമുണ്ടാകണമെന്ന് വാദിക്കുന്നത് നിലവിലുള്ള ഗവൺമെന്റാണ്. ഗവൺമെന്റിന്റെ ഈ നയത്തിന്റെ ഫലമായിട്ടാണ് ഇവിടെ തെരഞ്ഞെടുപ്പ് നടത്താൻ കഴിയാത്തത്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് കാലിക്കട്ട് യൂണിവേഴ്സിറ്റിയെക്കുറിച്ചു പറഞ്ഞു. കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റിൽ ഇവരെ കൊണ്ടുവരാൻ വേണ്ടി തുരുമാനിച്ചപ്പോൾ, കേരളാ യൂണിവേഴ്സിറ്റിയിൽ തങ്ങൾക്ക് പ്രാതിനിധ്യം കിട്ടിയില്ല എന്നു പറഞ്ഞ് അൺ എയിഡഡ് അധ്യാപക കോടതിയിൽ പോയിരിക്കുകയാണ്. അതിന്റെ കൂടി ഫലമായിട്ടാണ് ഇപ്പോൾ ഇങ്ങനെ തടസ്സപ്പെട്ടു നിൽക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് വളരെ അന്യായമായി, അൺ എയ്ഡഡ് മേഖലയ്ക്കകത്തു പ്രവർത്തിക്കുന്ന അധ്യാപകർക്കു കൂടി പിൻവാതിലിൽക്കൂടി, തങ്ങൾക്കു യോഗ്യരായ ആളുകളെ നിശ്ചയിക്കാൻ വേണ്ടി കഴിയുന്ന ഒരു മേഖലയാണ് ഇതെന്നു കണ്ടുകൊണ്ട്, അവരെ പിൻവാതിലിലൂടെ സിൻഡിക്കേറ്റിന്റെ ഭാഗമായി കൊണ്ടുവരാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ വികലമായ സമീപനമാണ് ഫലത്തിൽ ഇങ്ങനെയൊരു നിലപാടിലേക്ക്, സ്തംഭനമുണ്ടാക്കുന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിച്ചതെന്നുള്ളതാണ് ആ കാര്യം സംബന്ധിച്ച് പറയുമ്പോൾ സൂചിപ്പിക്കാനുള്ളത്. സർവ്വകലാശാലാ ഭരണത്തിനകത്ത് അന്യായമായി നമ്മുടെ സംസ്ഥാന ഗവൺമെന്റ് നിരന്തരമായി ഇടപെടുകയാണ്. അപ്പോൾ സ്വാഭാവികമായും ഒരു ചോദ്യം ഉണ്ടാകും. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് എന്താണ് അവർ സ്വീകരിച്ച സമീപനം എന്ന്. ഞങ്ങൾക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. സർവ്വകലാശാലയുടെ സ്വയംഭരണാധികാരത്തെ ഒരു സംസ്ഥാന ഗവൺമെന്റ് എന്നുള്ള നിലയ്ക്ക് ഏറ്റവും മെച്ചപ്പെട്ട നിലയിൽ സംരക്ഷിച്ചു പോന്ന ഒരു ഗവൺമെന്റായിരുന്നു എൽ.ഡി.എഫ്. ഗവൺമെന്റ്. ഇവിടെ എം. ജി. യൂണിവേഴ്സിറ്റിയുടെ പ്രോ-വൈസ്ചാൻസലറും ജ്ഞാനപീഠം അവാർഡു ജേതാവുമായിട്ടുള്ള ആൾ, മാതൃഭൂമിയിൽ അദ്ദേഹത്തിന്റേതായിട്ടുള്ള ഒരു പ്രസ്സ് കോൺഫറൻസിൽ വന്നിട്ടുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. "ഞാൻ വി. സി. ആയിരുന്ന കാലത്ത് ഇടതുപക്ഷജനാധിപത്യ മുന്നണി ഈ സംസ്ഥാനത്ത് അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നു. എന്നാൽ എന്റെ പ്രവർത്തനത്തിൽ ഒരിക്കൽപ്പോലും ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ സർക്കാർ ഇടപെടൽ ഉണ്ടായിരുന്നില്ല". വളരെ വ്യക്തമായി അദ്ദേഹം പറയുകയാണ്. അങ്ങനെ പറയുന്ന ഒരൊറ്റ വി. സി. യെ ഈ നാലു കൊല്ലത്തെ ഭരണത്തിനിടയിൽ കേരളത്തിനകത്ത് കാണിക്കാൻ ഇന്നത്തെ ഗവൺമെന്റിനു സാധിക്കുമോ? സാധിക്കുകയില്ല. നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ ഒരു അനുബന്ധസ്ഥാപനമായിട്ട് നമ്മുടെ സർവ്വകലാശാലകളെ മാറ്റുന്ന, സർവ്വകലാശാലകളുടെ ജനാധിപത്യ അവകാശത്തെ പരിപൂർണ്ണമായും ഇല്ലാതാക്കുന്ന, ഗവൺമെന്റിന്റെ അന്യായമായ വിദ്യാഭ്യാസനയത്തെ, ഉന്നത വിദ്യാഭ്യാസമേഖലയിൽക്കൂടി ചേക്കേറാൻ സഹായിക്കുന്ന ഒന്നായിട്ടാണ് നിലവിലുള്ള സിൻഡിക്കേറ്റുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ സിൻഡിക്കേറ്റുകളെ കേരളത്തിൽ, ഉന്നത വിദ്യാഭ്യാസ രംഗത്തു തുടരാൻ അനുവദിക്കാൻ പാടില്ലെന്നും, കേരളത്തിന്റെ വിദ്യാഭ്യാസം ലോകത്തിന്റെയാകെ ശ്രദ്ധാകേന്ദ്രമാകണമെന്നതുമാണ് ഇങ്ങനെ ഒരു അമെന്റുമെന്റ് അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചത്. ആ അമെന്റുമെന്റ് ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: 2005-ലെ യൂണിവേഴ്സിറ്റി ലാസ് (അമെന്റ്മെന്റ്) അമെന്റിംഗ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-8-2005-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർ, വളരെ ലാഘവത്തോടുകൂടി കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ എന്തെങ്കിലും ദോഷഫലങ്ങൾ ഉളവാക്കാത്ത ഒരു ഭേദഗതിയെന്ന വ്യാജേനയാണ് സർവ്വകലാശാലാ നിയമങ്ങളിൽ ഭേദഗതി വരുത്താനുള്ള നിയമം ബഹു വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വളരെ ചെറിയ ചില കാരണങ്ങൾകൊണ്ട് തൽക്കാലം തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റിനേയും സെനറ്റിനേയും അക്കാഡമിക് കൗൺസിലിനേയും സ്ഥാപിക്കാൻ സാധിക്കാത്ത ഒരു സാഹചര്യം ഗവൺമെന്റിന്റേതല്ലാത്ത കാരണങ്ങൾകൊണ്ട് രൂപപ്പെട്ടു വന്നിട്ടുള്ളതു കൊണ്ടാണ് ആറ് മാസക്കാലത്തേക്കോ അല്ലെങ്കിൽ ഈ പ്രതിസന്ധിയെ തരണം ചെയ്യാൻ സാധിക്കുന്നതിനാവശ്യമായ സമയം നേടിയെടുക്കുന്നതിനുള്ള ഒരു ഏർപ്പാടെന്ന നിലയിലാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ സൂത്രത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. മന്ത്രിയെ സംബന്ധിച്ചിടത്തോളം, അദ്ദേഹം വിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന നിലയിൽ ഇതിന് മുൻപും ഈ രംഗത്ത് പ്രവർത്തിച്ച് ശ്രദ്ധേയമായ പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ള ഒരാളാണ്. അദ്ദേഹത്തിന്റെ കഴിവിലോ പ്രാഗൽഭ്യത്തിലോ നമുക്ക് ഒരു സംശയവുമില്ല. പക്ഷെ ഇതിന് മുൻപുണ്ടായിരുന്ന ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിൽ നിന്ന് വ്യത്യസ്തനായ ഇ. ടി. മുഹമ്മദ് ബഷീറിനെയാണ് നാം കാണുന്നത്. സർവ്വകലാശാലകളുടെ സ്വയംഭരണത്തോടും

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ അക്കാഡമിക് സ്വാതന്ത്ര്യത്തോടും നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്ന ഒരാളായി എങ്ങനെയാണ് അദ്ദേഹം മാറിയെന്നുള്ളത് പരിശോധനാവിധേയമാക്കണം. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? സർവ്വകലാശാലകളിൽ തെരഞ്ഞെടുക്കപ്പെട്ട വേദികളെയെല്ലാം അദ്ദേഹത്തിന് ഇന്ന് ഭയമാണ്. അതുകൊണ്ടുതന്നെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാഡ്വേറ്റുമാരുടെ മണ്ഡലത്തിൽ നിന്നും മറ്റ് സാധാരണക്കാരുടെ മണ്ഡലങ്ങളിൽ നിന്നും ആളുകൾ വരുന്നത് അദ്ദേഹത്തിന് ഇഷ്ടമില്ല. ഇതൊക്കെ സർവ്വകലാശാലകളുടെ അക്കാഡമിക് നിലവാരത്തെ ബാധിക്കുമെന്നുള്ളതാണ് അദ്ദേഹത്തിന്റെ കണ്ടുപിടിത്തം. ആ കണ്ടുപിടിത്തം അടിസ്ഥാനപ്പെടുത്തിയിട്ടാണോ ഗ്രാഡ്വേറ്റ് മണ്ഡലംതന്നെ വേണ്ടെന്ന് വയ്ക്കുന്നത്? അദ്ദേഹം അതിന് കാരണം പറഞ്ഞത് പണ്ട് നമ്മുടെ നാട്ടിൽ ഗ്രാഡ്വേറ്റുകാർ കുറവായിരുന്നു. വളരെ ചുരുക്കം വിദ്യാഭ്യാസ സ്ഥാപനങ്ങളേ അന്നുണ്ടായിരുന്നുള്ളു, ഇന്നിപ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണമൊക്കെ വർദ്ധിച്ചു. വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിച്ചു. അതുകൊണ്ട് ഈ മണ്ഡലത്തിൽ നിന്നുള്ള ആളുകൾ വേണ്ടെന്നാണോ തീരുമാനിക്കേണ്ടത്? കുറെക്കൂടി സൗകര്യപ്രദമായ സംവിധാനങ്ങളുണ്ടാക്കുകയല്ലേ ചെയ്യേണ്ടത്? അന്നത്തെ സർവ്വകലാശാലയുടെ എണ്ണമല്ലല്ലോ ഇന്നുള്ളത്. ഒന്നോ രണ്ടോ ജില്ലകൾ കേന്ദ്രീകരിച്ച് ഒരു സർവ്വകലാശാലയെന്നുള്ള രീതിയിൽ ഇപ്പോൾ സർവ്വകലാശാലകളുടെ എണ്ണം വർദ്ധിച്ചു. ഈ രംഗത്തെല്ലാം മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ നിലവിൽ ലഭിച്ചുകൊണ്ടിരുന്ന സൗകര്യങ്ങളും ആനുകൂല്യങ്ങളും പൂർണ്ണമായും നിഷേധിക്കുകയാണോ ചെയ്യേണ്ടത്? നിലവിൽ ലഭിച്ചുകൊണ്ടിരുന്ന സൗകര്യങ്ങളും ആനുകൂല്യങ്ങളും പൂർണ്ണമായും നിഷേധിക്കാൻ, ഇത്തരം ആളുകളുടെ കഴിവും പ്രതിഭയും നമ്മുടെ സർവ്വകലാശാലകളുടെ അക്കാഡമിക് നിലവാരം വികസിപ്പിക്കാനാവശ്യമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനു പകരം അവരെ പൂർണ്ണമായും അതിൽ നിന്നും അകറ്റി നിർത്തുന്ന ഒരു സമീപനം ജനാധിപത്യത്തിന് വളർച്ചയുണ്ടായിക്കൊണ്ടിരിക്കുന്ന ഒരു കാലത്ത് അംഗീകരിക്കാൻ കഴിയുന്നതാണോ? നിഷേധാത്മകമായ ഒരു നിലപാടാണ് മന്ത്രി സ്വീകരിക്കുന്നത്. കഴിഞ്ഞ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ ഭരണ കാലത്ത് സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവത്തെ ഹനിക്കാനല്ല ശക്തിപ്പെടുത്താനാണ് പരിശ്രമിച്ചത്. സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവത്തിൽ അക്കാഡമിക് കാര്യങ്ങളിൽ ഇടപെടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തിയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അതിൽനിന്നും വ്യത്യസ്തമായി ഗവൺമെന്റിന് സർവ്വകലാശാലകളുടെ കാര്യത്തിൽ ഇടപെടാൻ അധികാരം വേണമെന്ന ഒരു കൺസെപ്റ്റോടുകൂടിയാണ് കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നീക്കിയത്. ആ നീക്കത്തിന്റെ ഭാഗമാണല്ലോ ജനാധിപത്യ സ്വഭാവത്തെ ഹനിച്ച് അവിടെ നോമിനേറ്റഡ് സിൻഡിക്കേറ്റുകളെ പ്രതിഷ്ഠിക്കാനാവശ്യമായ നടപടിയുണ്ടാക്കിയത്. അങ്ങനെ നോമിനേറ്റഡ് സിൻഡിക്കേറ്റുകളെ പ്രതിഷ്ഠിക്കാനാവശ്യമായ സംവിധാനമുണ്ടാക്കുന്നതിന്റെ പിന്നിലെ താൽപര്യം ബഹുമാനപ്പെട്ട മന്ത്രിക്കും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിനുമുണ്ട്. സർവ്വകലാശാലകളുടെ എല്ലാ കാര്യത്തിലും ഇടപെടാനാവശ്യമായ അനർഹമായ അവസരങ്ങൾ നേടിയെടുക്കുകയെന്നതാണ് ഇതിനുപിന്നിലുള്ളത്. അതിനുവേണ്ടിയാണ് അങ്ങ് ഈ ബിൽ നേരത്തെ കൊണ്ടുവന്നത്. ജനാധിപത്യ മൂല്യങ്ങളോടെല്ലാം വലിയ പ്രതിബദ്ധതയുള്ള ഒരാളെന്ന നിലയിൽ അങ്ങ് ഇവിടെ പറഞ്ഞതും പ്രവർത്തിച്ചതും ആറ് മാസക്കാലത്തേയ്ക്ക് എന്നുള്ളത് ഒരു അവധിയെന്ന നിലയിൽ മാത്രമാണ്. അപ്പോൾ ആറ് മാസക്കാലം വരെ കാത്തിരിക്കുന്ന പ്രശ്നമുദിക്കുന്നില്ല. തെരഞ്ഞെടുപ്പ് നടത്തിയിട്ട് നടപടികൾ തീർക്കാൻവേണ്ടിയുള്ള സംവിധാനങ്ങൾ പുനഃസൃഷ്ടിക്കാൻ വേണ്ടി സാധിക്കുമെങ്കിൽ അതുവരെയെന്നാണ് ആദ്യം പറഞ്ഞത്. അതു പോയി ഇപ്പോൾ ആറ് മാസം കഴിഞ്ഞു. ഇപ്പോൾ ഒരു ആറ് മാസക്കാലത്തേയ്ക്കുകൂടി ചോദിക്കുകയാണ്. ഇനി സർക്കാരിന്റെ കാലാവധി ആറോ എട്ടോ മാസം മാത്രമേയുള്ളു. അതുകഴിഞ്ഞാൽ കേരളത്തിൽ ഭരണമാറ്റമുണ്ടാകുമെന്നുള്ളത് ഇന്നത്തെ രാഷ്ട്രീയ കാലാവസ്ഥ നോക്കുന്ന ആർക്കും ലളിതമായി മനസ്സിലാക്കാൻ സാധിക്കും. അപ്പോൾ ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതുവരെ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ കൈയിൽ, മുസ്ലീം ലീഗിന്റെ കൈയിൽ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് ഉണ്ടായിരിക്കുന്നതുവരെ അതിനെ നല്ലൊരു കറവപ്പശുവായി ഉപയോഗിക്കാനാവശ്യമായ ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. നിങ്ങൾ ആ നിലപാടിൽ നിന്നും പുറകോട്ട് പോകണം. എത്രയുംവേഗം സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവം പുനഃസ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അങ്ങനെ സ്വീകരിക്കാൻ സാധിക്കാത്തതിന്റെ ഭാഗമായിട്ടാണ് പലവിധത്തിലുള്ള പ്രശ്നങ്ങൾ നമ്മുടെ സാമൂഹ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും ഉയർന്നുവരുന്നത്. തീക്ഷ്ണമായ പ്രക്ഷോഭ സമരങ്ങൾ തിളച്ചുമറിയുന്ന കാലഘട്ടത്തിലാണല്ലോ ഇവിടെ നിയമസഭാ സമ്മേളനം ആരംഭിച്ചത്. സ്വാശ്രയമേഖലയിലെ വിദ്യാഭ്യാസ കച്ചവടവുമായി ബന്ധപ്പെട്ടു കൊണ്ടുള്ള പ്രശ്നങ്ങൾക്കെതിരായി കേരളത്തിൽ ഉയർന്നുവന്ന തീക്ഷ്ണമായ സമരങ്ങളെ പലവിധത്തിൽ ആക്ഷേപിക്കാനും അതുപോലെതന്നെ പുച്ഛിച്ചുതള്ളാനും മുന്നോട്ടുവന്ന ആളുകളാണ് നിങ്ങൾ. പക്ഷെ കേരളത്തിലെ പുതിയ തലമുറ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ദീർഘകാലത്തെ സമരത്തിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

നേടിയെടുത്ത ജനാധിപത്യാവകാശങ്ങൾ, അവരുടെ ജനാധിപത്യ സർഗ്ഗവേദികൾ, അതുപോലെ അവരുടെ അവകാശത്തിലിരുന്ന എല്ലാ നൻമകളും ഇല്ലാതാക്കുന്ന, വിദ്യാഭ്യാസമെന്നു പറയുന്നത് കേവലമായ കച്ചവടമായി അധഃപതിപ്പിക്കുകയും ചെയ്ത ഒരു സമീപനത്തിനെതിരായുള്ള തീക്ഷണമായ സമരമാണ് കേരളത്തിലെ വിദ്യാർത്ഥികൾ നടത്തിയത്. ആ സമരത്തെ നിങ്ങൾ ഗ്രനേഡും, ലാത്തിയും, ബയണറ്റും കൊണ്ടാണ് നേരിട്ടത്. നൂറുകണക്കിന് വിദ്യാർത്ഥികളെ ആശുപത്രിയിലാക്കിയും അവരുടെ കൈയും കാലും തലയുമൊക്കെ അടിച്ചു പൊട്ടിച്ചു. വിദ്യാഭ്യാസ കച്ചവടത്തിന് അവസരങ്ങളുണ്ടാക്കി കൊടുക്കുന്ന നിലയിൽ അൺ എയ്ഡഡ് കോളേജുകളും കോഴ്സുകളും ഇഷ്ടംപോലെ അനുവദിച്ച് ഇന്ന് കേരളത്തിൽ സാധാരണക്കാർക്ക് ലഭ്യമായിക്കൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും അവകാശങ്ങളും നിഷേധിക്കുന്നതിനെതിരെയായിരുന്നു ആ സമരം. ആ സമരത്തേയും വളരെ തന്ത്രപൂർവ്വം വഞ്ചിക്കാൻ ശ്രമിച്ചയാൾ ആണല്ലോ മന്ത്രി. സർവ്വകക്ഷി യോഗം വിളിച്ചു ചേർത്തു. സഹകരണ മേഖലയിൽ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന കുട്ടികൾക്ക് സർക്കാർ ഫീസ് എന്നുള്ളത് നിയമസഭയിലും സർവ്വകക്ഷി യോഗത്തിലും അംഗീകരിച്ചശേഷം എന്ത് മനോഹരമായ മലക്കം മറിച്ചിലാണ് പിന്നീട് അദ്ദേഹം നടത്തിയത്. വളരെ മെയ്വഴക്കമുള്ള ഒരാളാണ് അദ്ദേഹം. വളരെ മനോഹരമായി ഈ കാര്യങ്ങളെ twist ചെയ്തു കൊണ്ടുവരാൻ അനായാസമായി അദ്ദേഹത്തിന് സാധിക്കുന്നു. ഈ പ്രശ്നത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണല്ലോ തീക്ഷ്ണമായ സമരം വന്നത്. സിൻഡിക്കേറ്റുകളൊക്കെ ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നത് അതാണ്. കോഴിക്കോട് സർവ്വകലാശാലയുടെ ഒന്നുരണ്ടു കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കോഴിക്കോട് സർവ്വകലാശാല ഇപ്പോൾ ശ്രീ. അബ്ദുറബ്ബിന്റെ ഭരണത്തിൻ കീഴിലാണ്. അദ്ദേഹമാണ് എം.എൽ.എ. മാരുടെ പ്രതിനിധി. അതുപോലെ തന്നെ ലീഗിന്റേയും ചില സിൻഡിക്കേറ്റ് മെമ്പർ മാരുടേയും വിഹാര രംഗമാണ്. അനധികൃതമായ, തെറ്റായ ഇടപെടലുകൾ ഈ രംഗത്തുണ്ട്. അവിടെ ഒരു ജൂനിയർ എഞ്ചിനീയറെ നിയമിച്ചു. രണ്ടാമത്തെ തവണ ബി. ടെക്. പരീക്ഷ എഴുതി പാസായ ഒരു കക്ഷിയാണ് മുഹമ്മദ് ഷാഫി. ഒരു മുൻ പരിചയവുമില്ല. വി. സി. യുടെ പ്രൈവറ്റ് സെക്രട്ടറിയായ അബൂബക്കർ തെക്കേടത്തിന്റെ മകൻ എന്ന ഏക ക്വാളിഫിക്കേഷനാണുള്ളത്. അതുപോലെ തൃശൂർ സ്കൂൾ ഓഫ് ഡ്രാമയിലും. യൂണിവേഴ്സിറ്റി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഒരു മാനദണ്ഡവും ഇല്ലാതെയാണ് ഈ രണ്ട് ആളുകളേയും നിയമിച്ചിട്ടുള്ളത്. അവിടെ പാർട്ട്ടൈം സ്വീപ്പർമാരുടെ വേക്കൻസിയില്ല. 82 പേരെ പിൻവാതിലിലൂടെ നിയമിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കി. 200 പേരെകൂടി നിയമിക്കാൻ ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. യൂണിവേഴ്സിറ്റി നിലനിൽക്കുന്ന തേഞ്ഞിപ്പാലത്തിന്റെ പരിസരത്തുള്ള ചില പഞ്ചായത്തുകൾക്ക് പരിഗണന കൊടുത്തുകൊണ്ടായിരിക്കണം ഈ പാർട്ട്ടൈം സ്വീപ്പർമാരെ നിയമിക്കുന്നത് എന്നുള്ള തീരുമാനം ഇരിക്കേ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നിയമിക്കാൻ പാടുള്ളൂ എന്ന തീരുമാനമിരിക്കേയാണ് ഈ പിൻവാതിലിലൂടെയുള്ള നിയമനം നടത്തുന്നത്. ഈ നിയമനമൊക്കെ വെറുതെയാണ് നടത്തുന്നത് എന്ന് ആരും കരുതുന്നില്ല. അപ്പോൾ അക്കാഡമി രംഗത്തും ഭരണരംഗത്തും ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയാത്ത ജനാധിപത്യ വിരുദ്ധ നടപടികൾ ഈ nominated syndicate-കളെക്കൊണ്ട് നടത്തുന്ന സമീപനം ഈ ഗവൺമെന്റ് തുടരുകയാണ്. ആ നടപടി ഒരു ആറ് മാസത്തേക്കുകൂടി നീട്ടിയെടുത്താൽ കിട്ടാവുന്നിടത്തോളം ആനുകൂല്യം അതിന്റെ ഭാഗമായി സ്വന്തക്കാർക്കും ബന്ധുക്കൾക്കുംവേണ്ടി നേടിയെടുക്കാൻ വേണ്ടിയുള്ള സാഹചര്യമുണ്ടാകും എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ പാടില്ല എന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : 2005-ലെ യൂണിവേഴ്സിറ്റി ലാസ് (അമെന്റ്മെന്റ്) അമെന്റിംഗ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർ, 2005-ലെ University Laws (Amendment) Amending Bill അങ്ങ് സൂചിപ്പിച്ചതുപോലെ, ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചതുപോലെ, ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ തീരുമാനിച്ചതുപോലെ വളരെ ചെറിയ ഒരു ബിൽ ആണെന്നുള്ള അഭിപ്രായം തന്നെയാണ് ഉള്ളത്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഇത് എങ്ങനെയാണ് ഇവിടെ കടന്നുവന്നത് എന്നുള്ളതിന്റെ സാഹചര്യമൊക്കെ ഭംഗിയായിട്ട് അറിയാം. ഏകീകൃത സർവ്വകലാശാല നിയമം വരുന്നതിന്റെ വെളിച്ചത്തിലാണ് ഒരു നോമിനേറ്റഡ് സിൻഡിക്കേറ്റ് എന്നുള്ളത് എല്ലാവർക്കും അറിയാം. ഏകീകൃത സർവ്വകലാശാല നിയമം പാസാക്കി എടുക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് എത്രമാത്രം അദ്ധ്വാനിച്ചു എന്നുള്ളതും എല്ലാവർക്കും അറിയാം. ഏകീകൃത സർവ്വകലാശാല നിയമം സബ്ജക്ട് കമ്മിറ്റിക്ക് വിട്ടപ്പോൾ ആ സബ്ജക്ട് കമ്മിറ്റിയിലെ അംഗം എന്ന നിലയിൽ ഒരൊറ്റ കമ്മിറ്റി യോഗത്തിൽപോലും പോകാതിരുന്നിട്ടില്ലാത്ത ഒരു അംഗമാണ് ഞാൻ. അവിടെ എന്താണ് നടന്നിട്ടുള്ളത് എന്നും എങ്ങനെയാണ് നടന്നിട്ടുള്ളത് എന്നും ഭംഗിയായിട്ട് എനിക്കറിയാം. ഏകീകൃത സർവ്വകലാശാല നീയമം വരുന്നു എന്ന് കാണിച്ചു കൊണ്ടാണ് നോമിനേറ്റഡ് സിൻഡിക്കേറ്റിനെ കൊണ്ടുവന്നത് എന്ന് പറഞ്ഞു. ഏകീകൃത സർവ്വകലാശാല നിയമം പാസായി

LIBRARY ARCHIVES Kerala Legislative Assembly

പോയേനേ. പക്ഷേ കേരളത്തെ അടിമുടി ഇളക്കിമറിക്കുന്ന സമ്പ്രദായത്തിൽപ്പെട്ട ഒരു വിപ്ലവം ഇവിടെ വരും എന്ന മട്ടിലാണ് ഈ നിയമത്തെ ഇവിടെ ചിലർ കൈകാര്യം ചെയ്യാൻ പോയത്. അപാകതകളില്ലാതെ ബിൽ പാസാക്കണമെന്ന നിർബന്ധം ഉള്ളതുകൊണ്ടാണ് ഏകീകൃത സർവ്വകലാശാല ബിൽ ഉദ്ദേശിച്ച സമയത്ത് പാസാക്കാൻ ഗവൺമെന്റിന് സാധിക്കാതെ പോയത്. 2005 ജനുവരി 12-ാം തീയതി മുതൽ ആറ് മാസത്തേക്ക് എന്ന് പറഞ്ഞ nominated syndicate 2005 ജൂലായ് 11-ാം തീയതി ആറു മാസം പൂർത്തിയാക്കുമ്പോൾ അത് കഴിഞ്ഞ് വീണ്ടും ഒരു ആറു മാസത്തേക്ക് കൂടി എക്സ്റ്റൻഷൻ ചോദിച്ചില്ലെങ്കിൽ സാങ്കേതികമായി ബുദ്ധിമുട്ടുണ്ടാകും എന്ന ഒറ്റ കാരണത്തിന്റെ പുറത്താണ് എക്സ്റ്റൻഷൻ അനുവദിച്ചിരിക്കുന്നത്. അതല്ലാതെ ഇവിടെ ചിലരൊക്കെ ചൂണ്ടിക്കാണിച്ചതുപോലെ പ്രോ-വൈസ് ചാൻസലറുടെ ചട്ടുകമായിട്ട് വി. സി. യെ ഉറപ്പിക്കാനോ സ്വയംഭരണാവകാശത്തെ അല്ലെങ്കിൽ ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന appendix ഉണ്ടാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം എന്നൊന്നും വിചാരിച്ചിട്ടല്ല. ഇവിടെ സിൻഡിക്കേറ്റും സെനറ്റും ഒന്നും ഇല്ലാതെ യൂണിവേഴ്സിറ്റി ഭരണം മുന്നോട്ടുപോകാൻ സാദ്ധ്യമാവില്ല എന്നുള്ള കാര്യം എല്ലാവർക്കും നന്നായിട്ട് അറിയുകയും ചെയ്യാം. ഈ പറഞ്ഞ രീതിയിൽ ഒരു അമന്റ്മെന്റ് കൊണ്ടുവന്നാൽ മാത്രമേ യൂണിവേഴ്സിറ്റി ഭരണം ഇപ്പോഴത്തെ അവസ്ഥയിൽ സംരക്ഷിതമാകൂ എന്ന നിർബന്ധബുദ്ധിയോടുകൂടി തന്നെയാണ് ഈ അമന്റ്മെന്റ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. സ്വാശ്രയ കോളേജുകളെ കെട്ടിപ്പിടിക്കാനോ, സ്വാശ്രയ കോളേജുകൾ നടത്തുന്ന ആളുകൾക്ക് ആവശ്യമില്ലാതെ എന്തെങ്കിലും സഹായങ്ങൾ ചെയ്തുകൊടുക്കുക എന്നുള്ള ദുരുദ്ദേശത്തോടുകൂടിയോ ഒന്നുമല്ല ഇവിടെ സിൻഡിക്കേറ്റ് സെനറ്റ് അംഗങ്ങൾക്ക് ഒരു ആറ് മാസത്തേക്ക് കാലാവധി കിട്ടണം എന്ന് നിഷ്ക്കർഷിക്കുന്ന ബിൽ വരുന്നത്. സ്വയംഭരണാവകാശത്തെ ഏറ്റവും നന്നായി സംരക്ഷിച്ചുകൊണ്ടിരുന്ന ഒരു സംസ്ഥാന ഗവൺമെന്റാണ് ഇതിനുമുൻപ് ഇവിടെ ഭരിച്ചുകൊണ്ടിരുന്നത് എന്നെല്ലാം വളരെ വീറോടെ നമ്മുടെ ബഹുമാനപ്പെട്ട അംഗങ്ങൾ പ്രസ്താവിക്കുന്നതു കേട്ടു. ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാത്ത ഒരു സിൻഡിക്കേറ്റ്, അതിന്റെ അർത്ഥം എന്താണെന്ന് എനിക്കറിയില്ല. സ്വാതന്ത്ര്യം എന്ന നല്ല അർത്ഥത്തിൽ ഞാൻ എടുക്കുന്നു. സ്വാതന്ത്ര്യം എന്നാണ് ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ സ്വാതന്ത്ര്യം ഇവിടെ പ്രകടിപ്പിച്ചുകൊണ്ടിരുന്ന സിൻഡിക്കേറ്റും സെനറ്റും ഒക്കെയാണ്. സിൻഡിക്കേറ്റ്, സെനറ്റ് എന്നൊക്കെ പറയുമ്പോൾ ഒരു statute ഭേദഗതി ചെയ്യേണ്ട അവസ്ഥ വന്നാൽ The senate may of its own motion take into consideration the draft of a statute provided that in any such case before a statute is passed, the senate shall obtain

LIBRARY ARCHIVES Kerala Legislative Assembly

and consider the opinion of the syndicate എന്നാണ് പറയുന്നത്. സിൻഡിക്കേറ്റിനെ സംബന്ധിച്ചിടത്തോളം The syndicate may propose to the senate the draft of any statute for consideration and such draft shall be considered by the senate at its next meeting. നമ്മുടെ ആക്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഇതൊക്കെ തന്നെയാണ്. 1998-ൽ ഇവിടെയുണ്ടായ ഒരു അനുഭവം വിനയപൂർവ്വം ഈ സഭയുടെ മുമ്പിൽ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ഈ ബിൽ നിരാകരിച്ചുകൊണ്ട് ഇപ്പോൾ സംസാരിച്ച ബഹുമാനപ്പെട്ട എം.എൽ.എ. യുടെ സ്വന്തം രാഷ്ട്രീയ പാർട്ടിയിലെ കോളേജ് പ്രൊഫസറായിരുന്ന ഒരു നിയമസഭാംഗം ഈ നിയമസഭയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കവേ തന്നെ കോളേജിൽ നിന്ന് പെൻഷൻ പറ്റി പിരിഞ്ഞു. 1996 ഒടുവിലാണ് സംഭവം ഉണ്ടായത്. 1991 തൊട്ട് അവർ ഈ നിയമസഭയിലെ അംഗമായിരുന്നു. നിലവിലുണ്ടായിരുന്ന നിയമമനുസരിച്ച് 1991 തുടങ്ങി 1996 വരെ അവർ നിയമസഭാംഗമായിരുന്ന കാലഘട്ടം അവരുടെ പെൻഷണബിൾ സർവ്വീസായി പരിഗണിക്കുന്നതിന് ഒരു തടസ്സവും ഉണ്ടായിരുന്നില്ല. ഞാൻ യൂണിവേഴ്സിറ്റി ആക്ട് എടുത്തിട്ടുണ്ട്. A teacher refered to in Sub section (2) shall also be entitled to count the period of his membership of the Legislative Assembly or of Parliament for the purpose of pension, seniority and increments എന്നു പറഞ്ഞുകൊണ്ട് എയ്ഡഡ് കോളേജിൽ അദ്ധ്യാപകർക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ യൂണിവേഴ്സിറ്റി ആക്ടിൽ ഉള്ളത് 1998 വരെ ഇതുപോലെതന്നെ നിലനിന്നിരുന്നു. 1998-ൽ യൂണിവേഴ്സിറ്റിയുടെ അധികാരത്തിൽ ഒന്നും കൈകടത്താത്ത ഒരു ഗവൺമെന്റ് ഭരിക്കുന്നു എന്ന് ഇവരൊക്കെ അവകാശപ്പെട്ട അഭിമാനപൂർവ്വം നെഞ്ചത്തടിച്ച് വീറോടെ പ്രസ്താവിച്ച ഗവൺമെന്റ് ഭരിക്കുന്ന കാലത്ത് 1998-ൽ ഒരു സർക്കാർ ഉത്തരവുണ്ടായി. 1991 തുടങ്ങി മുൻകാല പ്രാബല്യത്തോടുകൂടി നിയമത്തിൽ ഭേദഗതി വരുത്തുന്നു എന്ന്. യൂണിവേഴ്സിറ്റി നിയമത്തിൽ ഭേദഗതി വരുത്തുന്നതായിട്ട് 1998-ലാണ് ഉത്തരവ് വരുന്നത്. ബഹുമാനപ്പെട്ട ഒരു നിയമസഭാംഗത്തിന്റെ സർവ്വീസുമായി ബന്ധപ്പെട്ട ഒരു വിഷയത്തിന് അവരെ പ്രൊട്ടക്ട് ചെയ്യാൻ അവരുടെ രാഷ്ട്രീയ പാർട്ടിയിലെ കെങ്കേമൻമാർവരെ തലകുത്തി മറിഞ്ഞിട്ടും ഗവൺമെന്റിലെ നിക്ഷിപ്ത താൽപ്പര്യക്കാരായ ആരൊക്കെയോ ഇടപെട്ട് അർഹതപ്പെട്ട ഒരു ആനുകൂല്യം നിഷേധിച്ച മുൻ അനുഭവം ഒരു കോളേജ് പ്രൊഫസർ എന്ന രീതിയിൽ എനിക്ക് ഭംഗിയായിട്ട് അറിയാം. ഞാൻ ഈ ഉദാഹരണം ഇവിടെ വച്ചത് കഴിഞ്ഞദിവസം ശ്രീ. കോടിയേരി പറഞ്ഞ ആ കാര്യം ഓർമ്മ വച്ചുകൊണ്ടുതന്നെയാണ്. ഒരു വറ്റ് ഞെക്കി നോക്കിയാൽ മതിയല്ലോ വെന്തോ ഇല്ലയോ എന്ന് അറിയാൻ. 2001-നു മുമ്പ് 1996 തുടങ്ങി ഇവിടെ ഭരിച്ചിരുന്ന ഗവൺമെന്റ് സർവ്വകലാശാലാ

LIBRARY ARCHIVES Kerala Legislative Assembly

തലത്തിലൊക്കെ ഏതെല്ലാം തരത്തിലുള്ള കൈകടത്തലുകളും വാരലുകളും അടിക്കലുകളുമൊക്കയാണ് നടത്തിയിട്ടുള്ളത് എന്ന്. കൂടുതൽ ഞാൻ പറയുന്നില്ല. ആ സ്ഥിതിക്ക് ഇത് ഒരു സർവ്വകലാശാലയുടെ കീഴിൽ ഉണ്ടായിരുന്ന ഒരു കോളേജിൽ നിന്ന് റിട്ടയർ ചെയ്ത ഒരു അദ്ധ്യാപിക എന്നുള്ള നിലയിൽ ഈ ബില്ലുമായി ബന്ധപ്പെട്ടുതന്നെ ബില്ലിൽ ഒതുങ്ങി നിന്നുകൊണ്ട് എന്തുകൊണ്ട് ഈ സിൻഡിക്കേറ്റും സെനറ്റും ഒരു ആറു മാസക്കാലത്തേക്കുകൂടി പ്രവർത്തിക്കാൻ അവകാശം കൊടുക്കുന്നതിനുവേണ്ടി ഇത് അവതരിപ്പിച്ചു എന്നുള്ളതു തന്നെ പറഞ്ഞാൽ കൊള്ളാം എന്നുണ്ടായിരുന്നു എനിക്ക്.

മി. സ്പീക്കർ: അവരുടെ പ്രശ്നം തീർന്നോ?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: പ്രശ്നം തീർന്നിട്ടില്ല, അങ്ങ് ചോദിച്ചതുകൊണ്ട് ഒന്നറിയിക്കട്ടെ, ഈ ഗവൺമെന്റ് അത് യഥാർത്ഥത്തിൽ പരിഗണിക്കേണ്ടുന്ന ഒന്നു കൂടിയാണ്. ശ്രീ. ബിനോയ് വിശ്വവും, ശ്രീ. കെ. പി. രാജേന്ദ്രനുമൊക്കെ ആലോചിച്ച് നോക്കുക. ഒന്നും കൈകടത്താത്ത ഒരു ഗവൺമെന്റ് യൂണിവേഴ്സിറ്റി പോലും വേണ്ട രീതിയിൽ അറിയാതെ ഗവൺമെന്റിന്റെ അധികാരാവകാശം ഉപയോഗിച്ചുകൊണ്ട് നടത്തിയ ഒരു മാറ്റത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: എനിക്കറിയാവുന്നതുകൊണ്ട് പറഞ്ഞു എന്നുമാത്രം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: വളരെ നന്ദി, എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, ഇവിടെ കഴിഞ്ഞകാലത്തെ സിൻഡിക്കേറ്റിന്റെ പ്രവർത്തനങ്ങളും ഇപ്പോഴത്തെ സിൻഡിക്കേറ്റിന്റെ പ്രവർത്തനങ്ങളും ഒക്കെ അപ്പുറത്തുള്ള സ്നേഹിതൻമാർ വിശദീകരിക്കുമ്പോൾ ഞാൻ കൗതുകപൂർവ്വം കേൾക്കുകയായിരുന്നു. ഈ കാലാവധി തീരാത്ത സിൻഡിക്കേറ്റുകളെ പിരിച്ചുവിട്ട് വൈസ്ചാൻസലറെ ഏൽപ്പിക്കുക, ഇഷ്ടമില്ലാത്ത വൈസ്ചാൻസലറെ പുറത്താക്കാൻ വേണ്ടി നിയമ നിർമ്മാണം നടത്തുക. ഈ കാര്യങ്ങളൊക്കെ ആ കാലഘട്ടത്തിലും നടന്നു. അതെല്ലാം മറന്നുകൊണ്ട് ഈ സ്നേഹിതൻമാർ ഇപ്പോൾ പറയുന്നു. ഒരു ഉദാഹരണം ഞാൻ പറയാം നിങ്ങളും ഞങ്ങളും തമ്മിലുള്ള സമീപനം

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറഞ്ഞാൽ മൽസ്യം കൂട്ടുന്ന മാതിരിയാണ്. നമ്മൾ മൽസ്യം കൂട്ടുകയാണെങ്കിൽ അത് ഒരു ദ്രോഹകരമായ നടപടിയാണ്. കാരണം കടലിൽ സ്വൈരമായിട്ട് നടക്കുന്ന മൽസ്യത്തെ വലവീശി പിടിച്ചുകൊണ്ടുവന്ന് അതിന്റെ കഴുത്തറുത്ത് വരി വരിയായി മുളകുതേച്ച് അതിനെ കൊണ്ടുപോയി ചട്ടിയിൽ ഇട്ട് പൊരിച്ച് തിന്നുന്നത് ദ്രോഹകരമായ നടപടിയാണ്. മാർക്സിസ്റ്റുകാർ മൽസ്യം കൂട്ടുകയാണെങ്കിൽ അത് വീടുകളിൽ നിന്ന് വീടുകളിലേക്ക് ഭക്ഷണത്തിനുവേണ്ടി തെണ്ടിത്തിരിയുന്ന പൂച്ചയ്ക്കൊരു മുള്ള് കൊടുക്കാനാണ്. അതാണ് അവരും നമ്മളും തമ്മിലുള്ള സമീപനം. കാരണം അവർ ചെയ്യുന്നത് സത്കർമ്മമാണ്. നമ്മുടേതാണെങ്കിൽ ദ്രോഹകരമായ നടപടി. രണ്ടും മൽസ്യം കൂട്ടുകയാണ്. പക്ഷേ ഒരാൾ പുണ്യകർമ്മം ചെയ്യുന്നു, ഒരാൾ ദ്രോഹം ചെയ്യുന്നു. പൂച്ചയ്ക്ക് മുള്ളു കൊടുക്കാനുള്ള സത്കർമ്മം മീൻ കൂട്ടുന്നത്, നമ്മളോ പൊരിച്ചുതിന്നുന്ന ദ്രോഹികൾ. ഞാൻ പറയുന്നത് ഇതെല്ലാം നിങ്ങളടക്കം ഓർക്കുന്നത് നല്ലതാണ്, നിങ്ങളുടെ കാലഘട്ടത്തിൽ ചെയ്തതുപോലെയൊന്നും ഞങ്ങൾ ചെയ്തില്ല. രണ്ടുകൊല്ലം കഴിഞ്ഞ ഒരു സിൻഡിക്കേറ്റിനെ സിൻഡിക്കേറ്റിന്റെ സമയമായി പിരിച്ചുവിട്ടു. ഞങ്ങൾക്ക് ദുരുദ്ദേശമുണ്ടായിരുന്നില്ല. നിങ്ങൾ ഇവിടെ പറഞ്ഞല്ലോ ഞങ്ങൾക്ക് ഇത് പിടിച്ചടക്കാനെന്ന്. അങ്ങനെയാണെങ്കിൽ ഈ സിൻഡിക്കേറ്റിനെ സബ്സ്റ്റിറ്റ്യൂട്ട് ചെയ്യാൻ വേണ്ടി കൊണ്ടുവന്നാൽ ഞങ്ങൾക്ക് കമ്മിറ്റിയിൽ അങ്ങനെ വയ്ക്കാമായിരുന്നില്ലേ. ഞങ്ങൾ ഉണ്ടാക്കിയ കമ്മിറ്റി പ്രകാരമല്ലേ എസ്.എഫ്.ഐ. ക്കാരൻ കോഴിക്കോട് സിൻഡിക്കേറ്റിൽ വന്നത്. കേരള സിൻഡിക്കേറ്റിൽ വന്നത് എസ്.എഫ്.ഐ. ക്കാരൻ അല്ലേ? കെ.എസ്.യു., എം.എസ്.എഫ്. എന്നല്ല യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ എന്നാണ് ഞാൻ വച്ചത്. കെ.എസ്.യു., എം.എസ്.എഫ്. ആയിരുന്നു എങ്കിൽ വരുമായിരുന്നല്ലോ. അപ്പോൾ ഞങ്ങൾക്ക് അങ്ങനെ ചെയ്യാൻ ദുരുദ്ദേശമില്ല. ശ്രീ. ബിനോയ് വിശ്വം പറഞ്ഞതുപോലെ യൂണിവേഴ്സിറ്റിയിൽ പ്രശ്നങ്ങൾ ഉണ്ട്, കാരണമെന്താണെന്നു വച്ചാൽ യൂണിവേഴ്സിറ്റിയുടെ അപാകതകൾ, പരീക്ഷയുടെ കാര്യങ്ങൾ മറ്റു കാര്യങ്ങൾ ഒക്കെ ശ്രീ. പ്രകാശൻ മാസ്റ്റർ പറഞ്ഞു, ശ്രീ. പ്രകാശൻ മാസ്റ്റർ പുതിയ മെമ്പറാണ്, പക്ഷേ മാസ്റ്റർ പറഞ്ഞതു കേട്ടാൽതോന്നും ഈ സംഭവങ്ങളൊക്കെ ആറു മാസം മുമ്പാണ് തുടങ്ങിയത് എന്ന്. യൂണിവേഴ്സിറ്റിക്ക് പ്രശ്നങ്ങൾ ഉണ്ട്, യൂണിവേഴ്സിറ്റികൾക്ക് അപചയം ഉണ്ട്, അത് നിങ്ങളുടെ കാലത്തും ഉണ്ട്, ഞങ്ങളുടെ കാലത്തും ഉണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. ശ്രീ. ബിനോയ് വിശ്വം ഇവിടെ പറഞ്ഞു, നോമിനേഷൻ നല്ല പരിപാടിയല്ല എന്ന്. ശരിയാണ് നോമിനേഷൻ നന്നാകുമായിരുന്നു എങ്കിൽ എം. ജി. യൂണിവേഴ്സിറ്റി നന്നാകേണ്ടിയിരുന്നു. ഇലക്ഷൻ കൊണ്ട് നന്നാകണമെങ്കിൽ കേരളാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റിയും കാലിക്കട്ട് യൂണിവേഴ്സിറ്റിയും നന്നാകേണ്ടിയിരുന്നു. എല്ലായിടത്തും പ്രശ്നങ്ങൾ ഉണ്ട്, പരീക്ഷ വൈകൽ ഉണ്ട്, ഈ സുഖക്കേട് അവർ കാണിക്കുന്നുണ്ട്, അതിന് പരിഹാരം വേണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഈ ഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ല എന്നൊക്കെ വളരെ അഭിമാനത്തോടുകൂടി പറയുകയാണല്ലോ. ഈ 11-ാം തീയതി കേരള നിയമസഭ ആരംഭിച്ച് ഇവിടെ ആദ്യം അവതരിപ്പിച്ച രണ്ടാമത്തേയും മൂന്നാമത്തേയും ബിൽ കേരള കാർഷിക സർവ്വകലാശാലയിൽ ഇലക്റ്ററൽ റോൾ പരിശോധിച്ച് എല്ലാ ഇലക്ഷൻ നടപടിയും പൂർത്തിയായി ഞങ്ങളെല്ലാം നോമിനേഷൻ കൊടുത്ത് ഇലക്ഷന് നിൽക്കുന്ന സമയം. അവിടെ ഞങ്ങൾ മാത്രമേയുള്ളൂ, നിങ്ങൾ ഒന്നോ രണ്ടോ പേരെയുള്ളൂ. ആ എക്സിക്യൂട്ടീവ് കമ്മിറ്റി അവിടെ വരാതിരിക്കാൻ ആ ജനറൽ കൗൺസിൽ ഉൾപ്പെടെ പിരിച്ചുവിടുന്ന നിയമ ഭേദഗതി പാസാക്കിയിട്ടാണ് നമ്മുടെ ശ്രീ. എ. പി. അനിൽ കുമാറും, ശ്രീ. പി. പി. ജോർജ് മാഷും, ശ്രീ. ഉമേഷ് ചള്ളിയിലും ഇപ്പോൾ അവിടെ ഭരിക്കുന്നത്. അത് വിസ്മരിക്കരുത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: വിസ്മരിക്കാനൊന്നുമില്ല, അങ്ങ് ഓർക്കേണ്ട ചില കാര്യങ്ങളുണ്ട്. വടക്കൻ പാട്ടിൽ പറഞ്ഞിട്ടുണ്ട് കൊണ്ടുനടന്നതും നീയേ ചാപ്പാ, കൊണ്ടുപോയി കൊന്നതും നീയേ ചാപ്പാ എന്ന്. അതുപോലെ നിങ്ങളുടെ കാലത്താണ് മൈക്കിൾ തരകനെ ഒഴിവാക്കാൻ വേണ്ടിയിട്ട് ഒരു പ്രത്യേക നിയമം ഈ സഭയിൽ പാസാക്കിയെടുത്തത്. നിങ്ങൾ സെൽഫ് ഫിനാൻസിംഗിനെ പറ്റി പറഞ്ഞു, നിങ്ങൾ ഇപ്പോഴും പറയുന്ന സമയത്ത് സെൽഫ് ഫിനാൻസിംഗ് അങ്ങനെ പാടില്ല, ഇങ്ങനെ പാടില്ല എന്ന് നിരന്തരമായി പറയുന്നു. ഞാൻ നിങ്ങളോട് ചോദിക്കുകയാണ് - എന്താ നിങ്ങളുടെ കൈയിലുള്ള ഫോർമുല? അവിടെ സെൽഫ് ഫിനാൻസിംഗ് കോളേജ് വേണ്ട, കോഴ്സ് വേണ്ട എന്നൊക്കെ പറയുന്നുണ്ടല്ലോ.

ഞാനൊരു കാര്യം ചോദിക്കട്ടെ, ഈ കേരളത്തിൽ നികുതിപ്പണം പിരിച്ചെടുത്ത് നിങ്ങൾക്ക് കൊടുക്കാൻ പറ്റുന്നിടത്തോളം കൊടുക്കണം. ഗവൺമെന്റിനും വേണം, എയ്ഡഡിനും വേണം. നിങ്ങൾ പറയുന്നുണ്ടല്ലോ ഞങ്ങളുടെ ഗവൺമെന്റ് ഇവിടെ അൺ എയ്ഡഡിനുമാത്രമേ ചെയ്യുന്നുള്ളൂ എന്ന്. ഞാൻ ചോദിക്കട്ടെ, 286 പ്ലസ് ടു സ്കൂളുകൾ സർക്കാർ മേഖലയിൽ കൊടുത്ത ഏക ഗവൺമെന്റ് ഞങ്ങളുടെ ഗവൺമെന്റാണ്. ഞാൻ മന്ത്രിയായിരുന്ന സമയത്ത് ഇപ്പോൾ വന്നതിനുശേഷം 25 ഗവൺമെന്റ്

4.00 P.M.]

കോളേജുകൾക്ക് കോഴ്സ് കൊടുത്തു. ഇനിയും കൊടുക്കാം. ഇനിയും കൊടുക്കണം. ഞാൻ പറയുന്നത്, എയ്ഡഡ് സെക്ടർ ആന്റ് ഗവൺമെന്റ് സെക്ടറിനുത്തന്നെയാണ് പ്രയോറിറ്റി കൊടുക്കേണ്ടത്. അത് കഴിഞ്ഞിട്ട് മാത്രമേ സെൽഫ് ഫിനാൻസിംഗിലേക്ക് പോകുകയുള്ളൂ. സെൽഫ് ഫിനാൻസിംഗ് മേഖലയ്ക്ക് എന്തെല്ലാം പ്രശ്നമുണ്ടെങ്കിലും അത് പരിഹരിച്ചു മുന്നോട്ടുപോകണം. പക്ഷേ നിങ്ങൾ ഒരു കാര്യം തിരിച്ചറിയണം. മാറുന്ന ലോകത്തെ നിങ്ങൾ കാണണം. മാറുന്ന ലോകത്തെ കാണുന്ന സമയത്ത് നിങ്ങൾ കാണേണ്ടത് എന്താണ്? ഈ ലോകത്തിൽ കേരളത്തിന് ഒരു ചാൻസ് വന്നിട്ടുണ്ട്, എന്താണ്? Knowledge based society-യിൽ മറ്റാരേക്കാളും മുൻപന്തിയിൽ ഓടിയെത്താൻ കേരളത്തിന് പറ്റും. അഗ്രോ ബേസ്ഡ് ഇക്കോണമിയല്ല, ഇൻഡസ്ട്രിയൽ ബേസ്ഡ് ഇക്കോണമിയല്ല, Knowledge based economy ആണ് 21-ാം നൂറ്റാണ്ട് എന്നുപറയുന്നത്. ഇവിടെ കേരളത്തിലുള്ള കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം ഏതുവിധത്തിലും കൊടുത്താൽ ലോക മാർക്കറ്റിൽപോയി അവർ തിളങ്ങും, അവർക്ക് ജോലി കിട്ടും. അതിന് ഇവിടെ നികുതിദായകന്റെ പണംകൊണ്ട് കോളേജ് തുടങ്ങാൻ കഴിയില്ലായെങ്കിൽ വ്യക്തമായ വ്യവസ്ഥിതികൾക്ക് വിധേയമായി ഇവിടെ സെൽഫ് ഫിനാൻസിംഗ് കോളേജ് വന്നാലല്ലാതെ കേരളത്തിലെ കുട്ടികൾക്ക് ഭാവിയില്ല.

ശ്രീ. ബിനോയ് വിശ്വം: നിങ്ങളുടെ നിയമത്തിനകത്തൊന്നും വ്യവസ്ഥയില്ല, പുഷ്പഗിരിക്ക് എന്തുമാകാം. ആർക്ക് എന്തു പേരും വിളിക്കാം. ഡീംഡ് യൂണിവേഴ്സിറ്റിയാകാം. കൊള്ള നടത്താം. സംവരണം വേണ്ടന്നു വയ്ക്കാം. വ്യവസ്ഥയെവിടെ. ഒരു നടപടിയുമില്ല. ഒന്നുമില്ല അതാണ് പ്രശ്നം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞങ്ങൾ കാണിക്കുന്ന മോഡൽ നിങ്ങൾ പഠിക്ക്. എന്താണെന്നറിയാമോ? ഇവിടെ B.Ed. College-ൽ മെറിറ്റ് സീറ്റും മാനേജുമെന്റ് സീറ്റും, ഇവിടെ എല്ലാ കൊല്ലവും മാനേജുമെന്റ് സെലക്ട് ചെയ്യാറുണ്ടല്ലോ, ഈ കൊല്ലം യു.ഡി.എഫ്. ഗവൺമെന്റ് ധീരമായ ഒരു പരീക്ഷണം നടത്തി. സെൻട്രലൈസ്ഡ് ആയിട്ടുള്ള സെലക്ഷൻ നടത്തുമെന്നു പറഞ്ഞു. ആ സെൻട്രലൈസ്ഡ് ആയിട്ടുള്ള സെലക്ഷൻ നടത്തുന്ന സമയത്ത് സെൽഫ് ഫിനാൻസിംഗ് കോളേജിലെ 50 ശതമാനം സീറ്റ്, മെറിറ്റ് കറക്ടായിട്ട് സെലക്ട് ചെയ്ത് കൊടുത്തു. അവിടെയാണ് മാതൃകയെന്നുപറയുന്നത്. നിങ്ങൾ പറയുന്നതുപോലെയല്ല.

ശ്രീ. ബിനോയ് വിശ്വം: B.Ed. College-ൽ കാണിച്ച മാതൃക എന്തുകൊണ്ട് എൻജിനീയറിംഗ് കോളേജുകൾക്ക് ബാധകമല്ല; എന്തുകൊണ്ട് ഐ.എച്ച്.ആർ.ഡി.

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകൾക്ക് ബാധകമല്ല? എന്തുകൊണ്ട് ഈ വ്യവസ്ഥ പൊതുവേ ബാധകമാക്കുന്നില്ല? എന്തുകൊണ്ട് ഉടമ്പടി ഉണ്ടാകുന്നില്ല? ഉത്തരം പറയണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: എല്ലാത്തിനും ഉടമ്പടിയുണ്ട്, കൗൺസിലിംഗ് നടത്തിയിട്ട് 50 ശതമാനം സീറ്റ് കറക്ടായിട്ട് കൊടുത്തിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.യുടെ കാര്യം പറഞ്ഞു, ഐ.എച്ച്.ആർ.ഡി. മെറിറ്റ് സീറ്റിൽ സംവരണമായിട്ടില്ല. ഉണ്ടാകണം. ഞാൻ പറഞ്ഞുവരുന്നത് കേരളത്തിന്റെ സാദ്ധ്യതകൾ നിങ്ങൾ നോക്കുന്ന സമയത്ത് നിങ്ങൾ കാണേണ്ട ഒരു കാര്യമുണ്ട്. ഇവിടെ, സെൽഫ് ഫിനാൻസിംഗ് മേഖലയിലും കോഴ്സുകൾ ആരംഭിക്കണം. കാരണമെന്താണെന്നറിയാമോ? ഈ കാലഘട്ടമെന്നു പറയുന്നത് Internationalisation of Education-ന്റെ കാലഘട്ടമാണ്. പണ്ടത്തെ പഴയ കോഴ്സുമായിട്ട് നിന്നിട്ട് കാര്യമില്ല. സമയമില്ലാത്തതുകൊണ്ട് ഞാൻ ചുരുക്കുന്നു. അതുകൊണ്ട് ഞാൻ കാട്ട് ചെയ്യുന്നില്ല. നിങ്ങൾ കാണേണ്ട ഒരു കാര്യം, ലോകത്തിലെ മുഴുവൻ യൂണിവേഴ്സിറ്റിക്കാരും ഇൻഡ്യയിൽ വന്ന് തമ്പടിച്ച് കുട്ടികളെ കൊണ്ടുപോകാൻ ശ്രമിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികൾ കേരളത്തിൽ വന്ന് കുട്ടികളെ കൊണ്ടുപോകാൻ വേണ്ടി ലോഡ്ജുകളിൽ ക്യാമ്പടിച്ചിരിക്കുകയാണ്. Association of Indian University-യുടെ ലേറ്റസ്റ്റ് പുസ്തകമാണ് 'Internationalisation of Indian Higher Education'. ഇതിൽ പറഞ്ഞിട്ടുള്ള ഒറ്റ കാര്യം നിങ്ങൾ നോക്കൂ, ഇവരെന്താണ് ചെയ്തതെന്ന് വച്ചാൽ ജൂലൈ 1 മുതൽ 31 ഡിസംബർ 2000 വരെ, ഇൻഡ്യയിൽ വരുന്ന പരസ്യങ്ങൾ നോക്കി ആ പരസ്യങ്ങളുടെ കണക്കെടുത്ത് അവർ പറയുകയാണ്. ലോകത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ ഇൻഡ്യയിലെ കുട്ടികളെ കിട്ടാൻ വേണ്ടി കൊടുത്ത പരസ്യങ്ങൾ, The largest number of advertisements, total 144 advertisements, are from the United Kingdom-53, Australia-40, United States of America-24, Canada-7, Newzealand-5, Bulgaria-2, Cyprus-1, France-2, Hongkong-China-1, Ireland-1, Mouritius-1, Nepal-2, Romania-1, Russia-1, Switzerland-3. സർ, ലോകത്തിന്റെ അതിരുകൾ മാറി ഇന്റർനാഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ എന്ന കോൺടെസ്റ്റ് വരുന്ന സമയത്ത് knowledge based economy-യിൽ കേരളത്തിലെ കുട്ടികൾക്ക് ഓടി മുൻപിൽ എത്താനുള്ള സാഹചര്യമാണ് യു.ഡി.എഫ്. ഗവൺമെന്റ് ഒരുക്കുന്നത്. നമ്മൾ കാണേണ്ട ഒരു കാര്യം.....

ശ്രീ. എ. കെ. ബാലൻ: എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 23,600 എൻജിനീയേഴ്സിന്റെ പേര് രജിസ്റ്റർ ചെയ്തത് കിടക്കുകയാണ്. ഓരോ വർഷവും നമ്മൾ 25000 എൻജിനീയേഴ്സിനെ ഉണ്ടാക്കിയാൽ, ഞാൻ പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

എൻജിനീയർമാർ വേണ്ട എന്നുള്ളതല്ല, ഇപ്പോൾത്തന്നെ കാൽലക്ഷത്തോളം നമ്മുടെ അടുത്ത് ഉണ്ട്. നിങ്ങളുടെ കണക്കുപ്രകാരം ഓരോ വർഷവും കാൽ ലക്ഷം പണക്കാർ വന്ന് പഠിക്കും. ഈ പിള്ളേർക്ക് ജോലി കൊടുക്കാൻ എന്ത് സംവിധാനമാണുള്ളത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ സംസാരിച്ചുകൊണ്ടിരിക്കുന്ന കറക്ട് പോയിന്റിലാണ് നിങ്ങൾ ഇടപെട്ടത്. ബാലൻ പറഞ്ഞത് വളരെ പ്രസക്തമായിട്ടുള്ള കാര്യം, കേരളത്തിൽ സംഭവിക്കുന്നതെന്താണെന്ന് ശ്രീ. എ. കെ. ബാലനെപ്പോലെ പാർലമെന്റിൽ നിന്നും വന്ന അങ്ങ് മനസ്സിലാക്കട്ടെ, ഇത് മാതൃഭൂമിയിലെ റിപ്പോർട്ടാണ്. പഠനം കഴിഞ്ഞാൽ പിറ്റേന്ന് ജോലി. കേരളത്തിൽ നടക്കുന്ന ഈ മാറ്റത്തെക്കുറിച്ച് ഒരു നിമിഷമെങ്കിലും നമുക്ക് അഭിമാനബോധമുണ്ടോ, അങ്ങോട്ടുമിങ്ങോട്ടും തർക്കം നടക്കുന്നതിനിടയിലും ഈ കേരളം എങ്ങനെയാണ് മാറുന്നതെന്ന് നാം കാണണം. പഠനം കഴിഞ്ഞാൽ പിറ്റേന്ന് ജോലി, ഇത് അവരുടെ ഒരു പരമ്പരയാണ്. "ഇങ്ങനേയും കേരളത്തിൽ", പഠനം കഴിഞ്ഞ് പിറ്റേന്ന് ജോലിക്കു കയറുകയെന്ന ആഹ്ലാദാനുഭവം, അതും മാന്യമായ വേതനം. മുമ്പ് ഇങ്ങനെ ഒരു സാഹചര്യം സ്വപ്നം കാണാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പുതിയ തലമുറയിൽ ഒരുപാടുപേർ ഭാഗ്യശാലികളാണ്. കാമ്പസിൽ നിന്ന് അവർ കാൽവയ്ക്കുന്നത് തൊഴിൽ സ്ഥലത്തേക്കാണ്. കേരളത്തിൽ എൻജിനീയറിംഗ് മാനേജുമെന്റ് കോളേജുകളിൽ ഫലം കാത്തിരിക്കുന്നവരിൽ 65 ശതമാനവും തൊഴിൽ ഉറപ്പാക്കിക്കഴിഞ്ഞിരിക്കുമെന്നാണ് കണക്ക്. കാമ്പസ് ഇന്റർവ്യൂവിലൂടെ അനുയോജ്യരായവരെ ഒപ്പം കൂട്ടാൻ വൻകിട കമ്പനികൾ മൽസരിക്കുകയാണ്. ഈ സാഹചര്യം മുതലെടുത്ത് വിദ്യാർത്ഥികൾക്ക് പരമാവധി അവസരം ലഭ്യമാക്കാൻ കോളേജുകളിൽ placement cell-കളും career guideline cell- കളും കാര്യമായി പ്രവർത്തിക്കുന്നുണ്ട്. ഒരു നിമിഷമെങ്കിലും നിങ്ങൾ നന്ദിവാക്ക് പറയുക. മാറുന്ന കേരളത്തിന്റെ മുഖമാണ് ഇവിടെ ഞാൻ അവതരിപ്പിച്ചത്. കേരളത്തിലേക്ക് വരാൻ തൊഴിലുടമകൾക്ക് പേടിയായിരുന്നു. കേരളത്തിലെ കുട്ടികളെ കിട്ടാൻവേണ്ടി. അങ്ങനെയുള്ള തൊഴിലുടമകൾ കാമ്പസിന്റെ പടിക്കൽ കാത്തുനിൽക്കുന്നു. ആ മാറ്റമാണ് കേരളത്തിൽ വരേണ്ടത്. ആ മാറ്റത്തിനുവേണ്ടിയാണ് യത്നിക്കുന്നത്. അതിൽ പോരായ്മകൾ ഉണ്ടാകും. സ്വാശ്രയസ്ഥാപനങ്ങളിലെ ആ പോരായ്മകൾ നികത്താൻവേണ്ടി പരിശ്രമിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. അതുകൊണ്ട് ഗവൺമെന്റ് ബ്ലാങ്ക് ചെക്ക് കൊടുക്കാൻവേണ്ടി പോകുന്നില്ല. ഈ സഭയിൽ ഞാൻ അനൗൺസ് ചെയ്യുകയാണ്, സ്വാശ്രയ സ്ഥാപനങ്ങളിൽ അവരുടെ ക്വാളിറ്റി നിയന്ത്രിക്കാനാവശ്യമായ കാര്യം ചെയ്യണം. ഒറ്റ കാര്യം കൂടി പറയണം. മറ്റൊന്ന്

LIBRARY ARCHIVES Kerala Legislative Assembly

ആട്ടോണമിയെക്കുറിച്ചാണ്. ഞങ്ങൾ ആട്ടോണമിയിൽ ഇടപെടുന്നു. മന്ത്രി ഇടപെടുന്നു. എന്നൊക്കെ നിങ്ങൾ പറയുന്നു. ഗൗരവമായിട്ട് ചിന്തിക്കേണ്ട കാര്യമുണ്ട്. ഒരുപക്ഷേ പെട്ടെന്ന് നിങ്ങൾക്ക് എന്നോട് യോജിക്കാൻ പറ്റിയില്ലെങ്കിലും എവിടെയാണ് ആട്ടോണമി വേണ്ടത്. ഞാൻ ശ്രീ. കാന്തി ബിശ്വാസിനെ വിളിച്ചു ചോദിച്ചു. അദ്ദേഹം യൂണിവേഴ്സിറ്റി ആട്ടോണമിയെപ്പറ്റി മാത്രമല്ല, autonomy of the individual institutions–നെ കുറിച്ചും പറഞ്ഞു. എന്താണ് പറയാൻ കാരണം? ഞാൻ നിങ്ങളോട് ചോദിക്കട്ടെ. ഇവിടെ ഇദ്ദേഹം സംസാരിച്ചില്ലേ, ബിറ്റ്സിനെക്കുറിച്ച് പറഞ്ഞു, ഞാൻ അവിടെ, പിനാലിയിൽപോയ ആളാണ്. ഇവിടെ നടക്കുന്നതെന്താണ്? ആട്ടോണമിയുടെ പ്രോബ്ളമെന്നു പറയുന്നത് ഗവൺമെന്റും യൂണിവേഴ്സിറ്റിയും തമ്മിലല്ല. യഥാർത്ഥ ആട്ടോണമി വേണ്ടത്, സിൻഡിക്കേറ്റിന്റെ പിടിയിൽ നിന്ന് നമ്മുടെ കോളേജുകൾക്കാണ് ആട്ടോണമി വേണ്ടത്. ഞാൻ അത് ആർഗ്യൂ ചെയ്യുന്ന ഒരാളാണ്. നിങ്ങൾ കാര്യമായിട്ട് പഠിക്കേണ്ട ഒരു സബ്ജക്ടാണിത്. കാരണം, ആട്ടോണമിയെന്ന് പറഞ്ഞാൽ ആരാണ്. സർക്കാർ എന്താണ് ചെയ്യുന്നത്, സർക്കാർ ഏറിവന്നാൽ എന്തെങ്കിലുമൊന്ന് പറഞ്ഞെന്നിരിക്കും. ശ്രീ. ചാക്കോയ്ക്ക് അറിയാം. ഞങ്ങൾ ഇടപെടില്ല. ആട്ടോണമി എവിടെയാണ് വേണ്ടതെന്ന് അറിയാമോ? ആട്ടോണമി വേണ്ടത്, സിൻഡിക്കേറ്റ് എന്ന ഭരണകൂടത്തിന്റെ കടുംപിടിത്തത്തിൽ നിന്ന് യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റിന് ആട്ടോണമി കൊടുക്കണം. കോളേജിനും ആട്ടോണമി കൊടുക്കണം. ഞാൻ ചോദിക്കട്ടെ.....

ശ്രീ. ബിനോയ് വിശ്വം: ഒരു ആശയം മനോഹരമായിട്ടുപറഞ്ഞു, കേരളത്തിന്റെ ചുറ്റുപാടിൽ അൺ-എയ്ഡഡ് സ്വാശ്രയ കച്ചവട കോളേജുകൾ വ്യാപകമായി കൊണ്ടിരിക്കുകയാണ്. എല്ലാപേർക്കും ഒരു നിയന്ത്രണവും കൂടാതെ ഇഷ്ടംപോലെ ആട്ടോണമി കൊടുത്താൽ കച്ചവടത്തിന് വേണ്ടിയുള്ള പച്ചക്കൊടിയെന്നല്ലേ അതിന് അർത്ഥം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ നേരത്തെ കൂട്ട് ചെയ്ത ശ്രീ. കാന്തി ബിശ്വാസിന്റെ റിപ്പോർട്ടിൽ പറയുന്നത് എന്താണെന്നറിയാമോ? അങ്ങ് പറഞ്ഞതുപോലെ ബ്ലാങ്ക് ആയിട്ട് കൊടുക്കരുത്. അദ്ദേഹം പറഞ്ഞതിന്റെ മാനദണ്ഡം A+ -ന് ഇപ്പോൾ NAAC-ന്റെ Accreditation ഉണ്ട്. A+ and A++ കിട്ടിയത് മാനദണ്ഡമായി ആട്ടോണമി കൊടുക്കണമെന്നാണ്. അതിന്റെ മാർഗം ആലോചിക്കാം. ഞാൻ പറയുന്ന ഒരു കാര്യമെന്നു പറയുന്നത് ഞാൻ വളരെ പ്രധാനപ്പെട്ട ഒരു അക്കാഡമിക് പോയിന്റ് നിങ്ങളുടെ മുൻപിൽ വയ്ക്കുകയാണ്. എന്തിനാണ് നിങ്ങൾ ഈ പിടിത്തംവച്ച് നിൽക്കുന്നത്. എന്തുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റികൾ പറഞ്ഞത് ബിറ്റ്സിനു കൊടുത്തതുപൊലെ, ചെന്നൈയിലെ പല കോളേജുകൾക്കും കൊടുത്തതുപോലെ, ഇവിടെ കോളേജുകൾക്ക് ആട്ടോണമി കൊടുത്താൽ എന്താണ് സംഭവിക്കാൻ പോകുന്നത്. നല്ല പൊസിഷനുള്ള കോളേജാണ്. അക്കാഡമിക് എക്സലൻസ് കാണിച്ച കോളേജുകൾക്ക് ആട്ടോണമി സ്റ്റാറ്റസ് കൊടുത്താൽ ഒരു അപകടവും ഈ രാജ്യത്ത് സംഭവിക്കാൻ പോകുന്നില്ല. ഞാൻ ചോദിക്കട്ടെ, എന്നേക്കാൾ പരിചയമുള്ളവർ അപ്പുറത്ത് ഉണ്ടായിരിക്കുമല്ലോ. ലോകത്തിൽ ഇൻഡ്യയിലല്ലാതെ ഈ അഫിലിയേഷൻ സിസ്റ്റമുള്ള വേറെ രാജ്യം ഉണ്ടോ? പാകിസ്ഥാനിലുമുണ്ട്, ബംഗ്ലാദേശിലും കുറച്ചുണ്ട്. ലോകത്ത് ഒരു രാജ്യത്തും എല്ലാ കോളേജും യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്തു നിൽക്കണം, എന്നിട്ട് അവർ പറയുന്നമാതിരി കോഴ്സ് എടുത്തുകൊള്ളണം, രണ്ടുമൂന്ന് കൊല്ലം കഴിയുമ്പോൾ കരിക്കുലം റിവൈസ് ചെയ്തുകൊള്ളണം. അതിനപ്പുറമുള്ള സ്വാതന്ത്ര്യം കൊടുക്കാതെ ഈ തടവറയിൽ വച്ചിട്ടുള്ള അഫിലിയേഷൻ സിസ്റ്റം ഉണ്ടല്ലോ ലോകത്ത് എവിടെയുമില്ല. എന്നിട്ട് പറയുന്നു, കൊടുക്കാൻ പാടില്ല. എന്താണ് കൊടുത്താൽ? യൂണിവേഴ്സിറ്റി, ഒരു നല്ല കോളേജ്, മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ബ്രണ്ണൻ കോളേജ് പോലുള്ള സ്ഥാപനങ്ങൾക്ക് നിങ്ങൾ അക്കാഡമിക് സ്വാതന്ത്ര്യം കൊടുക്കൂ. അവർ കോഴ്സ് ഡിസൈൻ ചെയ്യട്ടെ. അവർ പരീക്ഷകൾ നടത്തട്ടെ. ഒന്നും സംഭവിക്കാൻ പോകുന്നില്ല. നൻമയുണ്ടാകും. അത് പറ്റില്ല എന്നു പറയുക, ഈ കോഴ്സ് പറ്റില്ലാ എന്നുപറയുക, സമ്മതം കൊടുക്കില്ല. ഇവരുടെ സമ്മതം കിട്ടാതെ ഈ കോളേജുകൾക്ക് നടത്താൻ പറ്റുമോ? ഞാൻ പറയുന്നത് വ്യവസ്ഥാപിതമായി നല്ല വിധത്തിൽ പ്രവർത്തിക്കുന്ന കോളേജുകൾക്ക് ആട്ടോണമി പദവി കൊടുക്കണം, എങ്കിൽമാത്രമേ ഈ രാജ്യം രക്ഷപ്പെടാൻ പോകുന്നുള്ളൂ. ഈ യൂണിവേഴ്സിറ്റികളുടെ കടുംപിടുത്തത്തിൽ നിന്ന് വ്യവസ്ഥാപിതമായിട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ആട്ടോണമി കൊടുത്താൽ നല്ല നിലയിൽ വരും. ഇവിടെ എം. ജി. യൂണിവേഴ്സിറ്റിയുടെ കാര്യം പറഞ്ഞു. രാഷ്ട്രീയക്കാർ വേണ്ട എന്ന്.....

ശ്രീ. മത്തായി ചാക്കോ: ആട്ടോണമസ് കോളേജുകളുടെ സങ്കൽപ്പത്തോട് ഞങ്ങൾക്ക് എതിർപ്പില്ല അങ്ങനെ തെറ്റിദ്ധരിക്കണ്ട. ശ്രീ. കാന്തി ബിശ്വാസ് പറഞ്ഞതു തന്നെയാണ്. പക്ഷെ ഇവിടെ പ്രശ്നം ഈ ഗവൺമെന്റ് കോളേജുകളിൽ മര്യാദയ്ക്ക് അദ്ധ്യാപകരെ കൊടുക്കുന്നില്ല. നിയമനം നടത്തിയിട്ട് എത്ര കൊല്ലമായി. അങ്ങ് ഈ പറഞ്ഞിട്ടുള്ള തത്വം നടപ്പിലാക്കി ഒരു സ്ഥലത്ത് പരീക്ഷിച്ച് നോക്കാമായിരുന്നല്ലോ? നിങ്ങൾ അല്ലേ നാല് കൊല്ലമായിട്ട് ഭരിച്ചുകൊണ്ടിരുന്നത്. എന്താണ് പരീക്ഷിക്കാത്തത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: പരീക്ഷിക്കാത്തത് എന്താണെന്നറിയാമോ? ഒന്ന്, നിങ്ങളുടെ എതിർപ്പ്. ആട്ടോണമസ് കോളേജ് എന്ന് കേൾക്കുമ്പോൾ തന്നെ നിങ്ങൾ ഇളകുകയാണ്. പിന്നെ യൂത്ത് ഫെസ്റ്റിവലിന്റെ കാര്യത്തിൽ, ഞങ്ങളുടെ കുഴപ്പംകൊണ്ടല്ല, ഞാൻ വിചാരിക്കുന്നത് ഈ യുവജനോൽസവം നടക്കാത്തതിന്റെ ഫലമായി പ്രശ്നമുണ്ട്. ഈ യുവജനോൽസവം നടത്തുന്നതു സംബന്ധിച്ച് വിദ്യാർത്ഥി നേതാക്കൻമാരേയും യൂണിവേഴ്സിറ്റിയുടെ ആളുകളുടേയും രജിസ്ട്രാർമാർ ആരാണെന്നുവച്ചാൽ അവരുടേയും സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേർന്ന് ആ കാര്യത്തിൽ ആവശ്യമായ സംഗതികൾ ചെയ്യാമെന്നുകൂടി പറയുകയാണ്. ഞാൻ നിറുത്തുകയാണ്. ചർച്ചയിൽക്കൂടി പരിഹരിക്കാൻ കഴിയുന്ന പല പ്രശ്നങ്ങളും ഉണ്ട്. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം നിങ്ങൾ പറയുന്നത് നമുക്ക് ഈ ആറു മാസം നീട്ടാനാണെങ്കിൽ മറ്റ് ഇലക്ഷൻ ഇത്ര സ്പീഡിൽ നടത്തണോ, എല്ലാം കഴിഞ്ഞല്ലോ, ഇനി കോളേജിന്റെ തടസ്സങ്ങളുള്ള രണ്ട് കോൺസ്റ്റിറ്റ്യുവൻസിയേയുള്ളൂ. എങ്ങനെയെങ്കിലും നീട്ടിക്കൊണ്ടുപോകാൻ ആണെങ്കിൽ സാങ്കേതികമായ തടസ്സങ്ങൾ പറഞ്ഞ് അവിടെ നിന്നോട്ടെയെന്നു പറഞ്ഞാൽ മതിയായിരുന്നല്ലോ, അങ്ങനെ നിന്നിട്ടില്ലല്ലോ, കറക്ടായിട്ട് ഇലക്ഷൻ നടത്തിയല്ലോ. അപ്പോൾ ഈ ഗവൺമെന്റിന്റെ ഉദ്ദേശ്യശുദ്ധിയുടെ കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്ന കാര്യത്തിൽ വേഗത്തിൽ തീരുമാനമെടുത്ത് ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞിട്ടുള്ള കാര്യങ്ങൾ academic point of view-ൽ ചർച്ചചെയ്യുന്നതാണ് എന്നുപറഞ്ഞുകൊണ്ട് നിറുത്തുകയാണ്.

മി. സ്പീക്കർ: ശ്രീ. ബിനോയ് വിശ്വം അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ബിനോയ് വിശ്വം: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. വി. കുഞ്ഞിരാമൻ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

മറ്റൊരു നിയമംകൂടി ഉണ്ടെങ്കിലും പ്രതിപക്ഷ വിപ്പും ടി. എം. ജേക്കബും മറ്റ് മെമ്പർമാരും പറഞ്ഞതനുസരിച്ച് നാളത്തേയ്ക്കു മാറ്റിവക്കുകയാണ്. സ്പീക്കറെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ബിസിനസ് തീർത്തുകൊടുക്കണം. നാളെ രണ്ടു മണിക്കൂർ ചർച്ചയുണ്ട്, പിന്നെ രണ്ടു ബില്ലുമുണ്ട്. നമുക്ക് ഓർഡറായിട്ട് എടുക്കാം. പക്ഷെ നാളെ അജണ്ടയിൽ ഉള്ളതു തീർക്കാൻ തയ്യാറായി എല്ലാ അംഗങ്ങളും വരണം. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലായ് മാസം 21-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.12-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly